


എ.കെ.സി.സി. ബുള്ളറ്റിൻ

അഖിലകേരള ക്രിസ്ത്യാനിക്ക കോൺഗ്രസിന്റെ
ഔദ്യോഗിക പത്രിക

പുസ്തകം 15 | 1963 ഓഗസ്റ്റ് | ലക്കം 6

"UNITED, WE STAND-
DIVIDED, WE FALL."

പേജുകൾ മറിക്കുമ്പോൾ

പേജ്


1 സ്ത്രീകൾ എ, കെ. സി. സി, യിൽ അണിനിരക്കുക 3
2 അജ്ജോർണമെന്തോ
(റവ. ഫാ. തോമസ് മൂത്തേടൻ എം. എം. ഡി. ഡി.) 5
3 സെമററിക്കാര്യത്തിൽ ഗവണ്മെൻറ് വയ്യാവേലികൾ
സൃഷ്ടിക്കരുതു് (ലോനപ്പൻ നമ്പാടൻ) 7
4 ബാഷ്പോപഹാരം
(കോതനല്ലൂർ ജോസഫ്) 8
5 സംഘടനാക്കാര്യം 9
6 'ഓടയെപ്പററി'
(ഡോ. ജി. പാലത്തുമ്പാട്ട്) 11
7 കത്തോലിക്ക കോൺഗ്രസിൻെറ കൊടിക്കീഴിൽ
സംഘടിക്കുക! 13
8 അല്ലിറാണി (നീണ്ടകഥ)
(കോതനല്ലൂർ ജോസഫ്) 15
9 വിനിതാപംക്തി 19
10 കുഞ്ഞുങ്ങൾക്കുവേണ്ടി അമ്മമാർ സമരം ചെയ്യും
(മേരിക്കുട്ടി ജോസഫ് ഒററപ്ലാക്കൽ 20
11 ഗൃഹ്യസാഹിത്യവും കുട്ടിലെ കിളികളും
(തോമസ് കണയംപ്ലാക്കൽ എം. എ.) 22
12 ബാലപംക്തി 24
13 അവൾക്കെങ്ങനെ സാധിച്ചു
(ജെ. ററി. ചെവ്വാററുകുന്നേൽ) 26
14 ഫലിതബിന്ദുക്കൾ (ജോൺസൺ) 30

PHONE 58
Bishop's House,
Tellicherry P. O.
16-7-1963

The General Secretary,
All Kerala Catholic Congress
Nagampadom, Kottayam

Dear Secretary,

I wish to acknowledge with thanks receipt of your kind letter of 8th July and the second one of 13th. I am glad to learn about the success of your attempts to organise our Community under the banner of the A. K. C. C.



A series of attempts have been made in Malabar for this purpose. I have sent more than one circular to the parishes on this matter. The president Mr. V. C. George and party had a long tour in Malabar visiting all the important places and Forane Parishes, holding meetings and conferences. We had the Annual Sessions of the Congress at Peravoor in 1960. In spite of all these our people here are not impressed with the need of joining the Congress.

I shall send another circular soon exhorting the people to become members of the Congress. The success will depend on the effeciency of the Organisers whom you have appointed.

I am sorry to note that the A. K. C. C. Bulletin is published at a heavy loss. I am enclosing a chequ for Rs 100- towards the expenses of the Bulletin.

Wishing you all success in your earnest endeavours to organise our Community under the A. K. C. C.

With the assurance of prayers, all good wishes and Cordial Blessings,

Bishop of Tellicherry
Sd/-

സ്ത്രീകൾ എ. കെ. സി. സി. യിൽ അണിനിരക്കുക

അഖിലകേരളകത്തോലിക്കാ കോൺഗ്രസ്സിൽ സ്ത്രീകളുടെ അംഗ സംഖ്യ വളരെ കുറവാണു്. കേരളത്തിൽ സ്ത്രീകൾ രാഷ്ട്രീയരംഗത്തു അത്ഭുതം പ്രവത്തിച്ചുകഴിഞ്ഞിരിക്കുന്ന കാലഘട്ടമാണല്ലോ ഇതു്. കേരളകത്തോലിക്ക സമുദായത്തിലെ വനിതകൾ ഒന്നടങ്കം എ കെ സി സിയിൽ ചേന്നു ഉറങ്ങിക്കിടക്കുന്ന സമുദായത്തെ തട്ടിയുണത്തണമെന്നും കമ്മധീരമാക്കണമെന്നും ഞാൻ അവരോടു വിനീതമായി അപേക്ഷിക്കുന്നു. നീതി പ്രവത്തിക്കുന്നവരുടെ ഹസ്തങ്ങളെ ബലിഷ്ടമാക്കുന്നതിനും അനീതിപ്രവത്തിക്കുന്നവരെ ഗളഹസ്തം ചെയ്യുന്നതിനും കേരളവനിതകൾക്കുള്ള കഴിവു് എ. കെ. സി. സിയെ ബലവത്താക്കുന്നതിനുവേണ്ടി വിനിയോഗിക്കുക.

അജോർണമെന്തോ

റവ. ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി.

രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ പ്രധാനോദ്ദേശമായി ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പാ നിർദ്ദേശിച്ച ഒരു ഇറ്റാലിയൻ പദമാണ് ''അജോർണമെന്തോ'' ശാസ്ത്രത്തിന്റേയും ദേശീയ സ്വാതന്ത്ര്യത്തിന്റേയും നിർമ്മിതബുദ്ധിയുടെയും ഈ യുഗത്തിൽ കഴിഞ്ഞുകൂടുന്നതിനു തിരുസ്സഭയെ ഉദ്ഘോഷിച്ച് ഒരുക്കുകയെന്നതാണ്, ''അജോർണമെന്തോ എന്ന പദംകൊണ്ട് പരിശുദ്ധപിതാവ് ഉദ്ദേശിച്ചിരിക്കുന്നതു്. സെപ്റ്റംബർ 29-ാംതീയതി ആരംഭിക്കുവാൻ പോകുന്ന ദ്വിതീയ സമ്മേളനത്തിനു നിർദ്ദേശിച്ചിരിക്കുന്ന പതിനേഴിനമുള്ള പരിപാടിയിൽ പതിനേഴാമത്തേതു പ്രധാനമായും ഈ വിഷയത്തെയാണ് സ്പർശിക്കുന്നതു്. കഴിഞ്ഞകൊല്ലത്തെ വത്തിക്കാൻ സമ്മേളനത്തിൽ കർദ്ദിനാൾ സൂവെനെൻസ പ്രസംഗിച്ചതും, ''ഭൂമിയിൽ സമാധാനം'' എന്ന ചാക്രികലേഖനത്തിൽ പരിശുദ്ധപിതാവു പ്രതിപാദിച്ചിട്ടുള്ളതുമാണു സൂനഹദോസിന്റെ അവസാനത്തെ വിഷയം. തിരുസ്സഭ ആന്തരിക ഭരണകാര്യങ്ങളിൽ മാത്രം ഉൽസുകയായിരുന്നാൽ പോരെന്നും ആധുനിക പ്രശ്നങ്ങളിൽക്കൂടി ശ്രദ്ധ ചെലുത്തണമെന്നാണ് പ്രധാനമായിയുണ്ടായിക്കുന്ന നിർദ്ദേശം.

മനുഷ്യനെപ്പറ്റിയുള്ള ക്രിസ്തീയാദർശം, അവന്റെ മാഹാത്മ്യം സമുദായത്തിൽ അവനുള്ളസ്ഥാനം, അവകാശങ്ങൾ രാഷ്ട്രത്തിന്റെ, ഘടന സാമ്പത്തികജീവിതം, സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പം അവകാശം, സാമുദായികപ്രശ്നം, അന്തർരാഷ്ട്രീയകാര്യങ്ങൾ, സമാധാനം സഹിഷ്ണുത, നിരായുധീകരണം, അവികസിതരാജ്യങ്ങൾക്കു സഹായം തുടങ്ങിയ, ''ഭൂമിയിൽ സമാധാനം'' എന്ന ചാക്രികലേഖനത്തിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളാണു രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സമാപനചർച്ചയ്ക്കു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വിഷയങ്ങൾ.

ഈ സംഗതികൾ വായിച്ചപ്പോൾ ഈ ലേഖകനു തോന്നി കേരള കത്തോലിക്കാസഭയുടെ ''അജോർണമെന്തോ' കത്തോലിക്കാ കോൺഗ്രസ്സിന്റെ കൈയിലാണെന്നു്. ഇതുവരെ കേരളകത്തോലിക്കരുടെ അവകാശങ്ങൾ ഓരോ ഇടവകയും രൂപതയും പൊരുതി വാങ്ങിക്കൊണ്ടിരിക്കയാണു ചെയ്തിട്ടുള്ളതു് പൊതുവിപത്തു വരുമ്പോൾ സകല സംഘടനകളും ഒരുമിച്ചുകൂടി പ്രവർത്തിക്കുന്നുണ്ടു്. അങ്ങനെ സർ സി. പി. രാമസ്വാമിഅയ്യരുടെ വിദ്യാഭ്യാസപദ്ധതിക്കെതിരായി നടത്തിയ പ്രക്ഷോഭണം, വിമോചനസമരം എന്നിവ സകലസംഘടനകളും ഒരുമിച്ചു നടത്തി. മറ്റുസന്ദർഭങ്ങളിൽ കേരളകത്തോലിക്കാകോൺഗ്രസ്സിന്റെ സഹായംകൂടാതെ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഒരു പ്രവണതയാണു കേരളത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളതു്. തന്നിമിത്തം മുസ്ലിംലീഗ്, എൻ. എസ്. എസ്, എസ്. എൻ. ഡി. പി. എന്നീ സാമുദായിക സംഘടനകൾപോലെ കേരളകത്തോലിക്കാകോൺഗ്രസ്സ് വളർന്നിട്ടില്ല. അതു കേരളകത്തോലിക്കാകേംൺഗ്രസ്സിന്റെ ഒരു നിർഭാഗ്യം തന്നെയാണ്.

ഇതിനുള്ള പ്രധാനകാരണം കത്തോലിക്കരുടെ രാഷ്ട്രീയ ചിന്താഗതിയാണ്. ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിലുള്ള കത്തോലിക്കരും, സോഷ്യലിസ്റ്റ് പാർട്ടിയിലുള്ള കത്തോലിക്കരുമാണ് സംഘടനാപരമായ പ്രവർത്തനങ്ങൾക്കു വിദഗ്ധന്മാർ, കക്ഷിരാഹിത്യരായ കത്തോലിക്കർ ഹയരാർക്കിയുടെ നിർദ്ദേശമനുസരിച്ച് ഓരോ കാലത്തു പ്രവർത്തിക്കുന്നു; അല്ലാതെ തീക്ഷ്ണമായ അവകാശവാദങ്ങളൊന്നും അവർ നടത്തുന്നില്ല. സാധാരണമായി അത്തരം അംഗങ്ങളാണു കേരളകത്തോലിക്കാകോൺഗ്രസ്സിനെ താങ്ങിക്കൊണ്ടിരിക്കുന്നവർ. വലതുപക്ഷരാഷ്ട്രീയകക്ഷികളിലുള്ള കത്തോലിക്കരെല്ലാം സമുദായികകാര്യങ്ങളിൽ ഒറ്റക്കെട്ടായി നില്ക്കണമെന്ന മനോഭാവത്തോടുകൂടി രാഷ്ട്രീയപ്രവർത്തനങ്ങൾ നയിച്ചാൽ മാത്രമേ കേരളകത്തോലിക്കാകോൺഗ്രസ്സു മുന്നേറുകയുള്ളൂ. തന്നിമിത്തം കേരളകത്തോലിക്കാകോൺഗ്രസ്സിൽ നാഷനൽ കോൺഗ്രസ്സുകാരും, സോഷ്യലിസ്റ്റുകാരും, കർഷകതൊഴിലാളിപാർട്ടിക്കാരും, സ്വാതന്ത്ര്യപാർട്ടിക്കാരുമൊക്കെവേണം, കോൺഗ്രസ്സിനു കക്ഷിരാഷ്ട്രീയമുണ്ടായിരിക്കരുതു്. അങ്ങനെ വിഭിന്നാചിന്താഗതിക്കാർ ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ ഒച്ചപ്പാടും സ്വരവും ബഹളവുമുണ്ടാകും. എന്നാൽ യോഗശാലയിൽവച്ചു് ഒരുത്തനും അവനവന്റെ സ്ഥലത്തുനിന്നു് എഴുന്നേറ്റു് വേറൊരാളെ ഗളഹസ്തം ചെയ്യാനോ പ്രഹരിക്കാനോ തുനിയുകയില്ലെന്ന നിശ്ചയത്തോടുകൂടി എല്ലാ കക്ഷിക്കാരും ഒത്തുചേർന്നു പരിശ്രമിക്കുകയാണെങ്കിൽ കേരളകത്തോലിക്കാകോൺഗ്രസ്സും ഇതരസാമുദായികസംഘടനങ്ങളുടെ സ്ഥാനത്തു് എത്തിച്ചേരാതിരിക്കുകയില്ല.

അഭ്യസ്തവിദ്യർക്കുള്ള ന്യൂമാൻ സംഘടനയുടെ ഉദ്ദേശത്തെപ്പറ്റി ചോദിച്ചാൽ പറയും അതു് അതാതുകാലത്തെ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള കത്തോലിക്കാമനോഭാവം എന്തായിരിക്കണമെന്നു് ചർച്ചചെയ്യുന്ന ഒരു സംഘടനയാണെന്നു് കേരളകത്തോലിക്കാകോൺഗ്രസ്സുപ്രഥമത: ഒരു ന്യൂമൻ സംഘടനയായിരിക്കണം. എന്നാൽ അതുകൊണ്ടു് തൃപ്തിപ്പെടാൻ പാടില്ല സനാതനചിന്താഗതി പ്രവർത്തികമാക്കാനും കൂടി കത്തോലിക്കാകോൺഗ്രസ്സു പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഈ ദ്വിമുഖപ്രവർത്തനങ്ങൾക്കു വിവിധരാഷ്ട്രീയ കക്ഷികളുടെ അനുഗ്രഹവും കൂടിയുണ്ടായിരുന്നാൽ വിജയം സുനിശ്ചിതമാണു്.

കത്തോലിക്കാകോൺഗ്രസ്സിനു വിവിധരാഷ്ട്രീയകക്ഷികളുടെ സഹകരണം സമ്പാദിക്കുക അത്ര എ


ള്ളപ്പുള്ള കാര്യമല്ല. അതിനാൽ ഈ സംഘടനയുടെ തലപ്പത്തിരിക്കുന്നവർ നയചതുരന്മാരും, പരമാത്മശീലരും, ത്യാഗവീരന്മാരും സർവ്വോപരികത്തോലിക്കാചിന്താഗതിയുള്ളവരുമായിരിക്കണം. ഒരു വ്യക്തിയുടെയോ ഒരു പ്രദേശത്തിന്റെയോ നന്മയ്ക്കുവേണ്ടി തത്വങ്ങൾ ബലികൊടുക്കുന്നവരാകരുതു്. സകല രാഷ്ട്രീയപ്രവർത്തകന്മാരേയും കോർത്തിണക്കിക്കൊണ്ടുപോകുവാൻ തക്ക മധുരഭാഷണവും ആദർശങ്ങളും അവക്കു സ്വായത്തമായിരിക്കണം. ദൈവത്തിന്റെ മഹത്വവും തിരുസഭയുടെ വളർച്ചയുമായിരിക്കണം ഏവരുടെയും പരമോദ്ദേശം. അതിനു് അടിപ്പെട്ടവേണം ലൗകികതാല്പര്യങ്ങളുടെ നിയന്ത്രണം.

കർഷകരുടെ ഉന്നമനത്തിനായി കർഷകസംഘടനകൾ നല്ലതാണു്. പക്ഷെ ആ സംഘടന ടാറാതൊഴിലാളി സംഘടനപോലെയോ റെയിൽവേതൊഴിലാളി സംഘടനപോലെയോ ഒരു തൊഴിലാളി സംഘടനയായിത്തന്നെ നിൽക്കണം. അതു് ഒരു രാഷ്ട്രീയകക്ഷിയായാൽ അവരുടെകീഴ് ഫാക്ടറിതൊഴിലാളികളും മറ്റു ജീവനക്കാരും അടിപ്പെട്ടുനിൽക്കുമോ. ഒരു പ്രത്യേക തൊഴിലാളി വിഭാഗത്തിന്റെ ഗവൺമെന്റ് ഇതരതൊഴിലുകൾ സ്വീകരിക്കുമോ? മാത്രമല്ല, കത്തോലിക്കരിൽ ഭൂരിപക്ഷവും കർഷകതൊഴിലാളികളാകയാൽ അവരുടെ വോട്ടുമുഴുവനും കോൺഗ്രസ്സിനും കർഷകതൊഴിലാളിപാർട്ടിക്കും സോഷ്യലിസ്റ്റ് പാർട്ടിക്കും ചുരുക്കമായി കമ്യൂണിസ്റ്റുകാക്കും വിഭജിക്കപ്പെട്ടുപോയാൽ കേരളം വീണ്ടും കമ്യൂണിസ്റ്റുഭരണത്തിനു് അടിപ്പെട്ടുകയില്ലയോ? കമ്യൂണിസ്റ്റുഗവൺമെന്റിന്റെ കീഴിൽ കർഷകതൊഴിലാളികക്ഷിക്കു മേൽവിലാസം പോലും ഇല്ലാതായേക്കും. ആകയാൽ കർഷകർ ഒരു രാഷ്ട്രീയകക്ഷിയായി രൂപവൽക്കരിക്കുന്നതു കേരളത്തിന്റെ നന്മയ്ക്കായിരിക്കുകയില്ല. ഇനി കൂടുതൽ കക്ഷികളുണ്ടാകാതെ നിലവിലിരിക്കുന്ന കക്ഷികളിൽ വച്ചു് ഏറ്റവും നല്ലതിനെയെടുത്തു് അതിന്റെ കേടുപാടുകൾ പോക്കുവാൻ ശ്രമിക്കുകയാണു കത്തോലിക്കർക്കു കരണീയം. അതിനാൽ സമർത്ഥരായ കത്തോലിക്കർ ഉത്തമരാഷ്ട്രീയകക്ഷികളിലെ പ്രധാന പ്രവർത്തകന്മാരിൽ സ്ഥാനം പിടിച്ചു് ആ കക്ഷികളെ ഉയർത്തിക്കൊണ്ടുവരുവാനാണു പരിശ്രമിക്കേണ്ടതു്. കേന്ദ്രഭരണകക്ഷിയെ ശക്തിപ്പെടുത്തുന്നതു തിരുസ്സഭാവിരുദ്ധമല്ലാത്തിടത്തോളംകാലം നമ്മുടെ ഉന്നം കേന്ദ്രഭരണകക്ഷിയോടു ചേർന്നുനില്ക്കുകയായിരിക്കണം. ഒരു ന്യൂന പക്ഷകക്ഷിക്കു് അതിൽക്കവിഞ്ഞുള്ള രാഷ്ട്രീയം പ്രയോജനകരമായിരിക്കുമോ എന്നു സന്ദേഹമാണു്.

കർഷകതൊഴിലാളികക്ഷിയുടെ കാര്യം ഒരുദാഹരണം മാത്രമായി ഇവിടെ സൂചിപ്പിച്ചു എന്നേയുള്ളു. അതു് അഖിലഭാരതകക്ഷിയായി വരാൻ സാദ്ധ്യതയുണ്ടെങ്കിൽ അതിനേയും സഹായിക്കേണ്ടതാണു്. ഇന്നത്തെ നിലയിൽ അതിനു സാധ്യതയില്ല. നമ്മളെ സംബന്ധിച്ചിടത്തോളം ഒരു പുതിയരാഷ്ട്രീയകക്ഷിയുടെ വളർച്ച നമ്മുടെ തകർച്ചയായിരിക്കും.

കക്ഷിരാഷ്ട്രീയം കേരളകത്തോലിക്കോൺഗ്രസിനേറ്റതല്ലെന്ന മുഖവുരയോടുകൂടിയ ഈ ലേഖനത്തിലെ പൂർവ്വോക്തപ്രസ്താവന കക്ഷിരാഷ്ട്രീയമല്ലെ എന്നുചോദിച്ചാൽ, അല്ല എന്നു ഞാൻ പറയും; കാരണം കർഷകതൊഴിലാളിപാർട്ടി പൂർണ്ണമായി ഉടലെടുത്തിട്ടില്ലെന്നാണെന്റെ അറിവു്. കർഷകയൂണിനിൽ ഊർജ്ജസ്വലമായി പ്രവർത്തിച്ചു രാഷ്ട്രീയകക്ഷികളുടെ വിലപേശി കൊട്ടിയൂരും ഇട്ടക്കിയും സംബന്ധിച്ച പ്രശ്നങ്ങൾ അവസാനിപ്പിക്കേണ്ടതുതന്നെ. അക്കാര്യത്തിൽ വ്യക്തിപരമായ എന്റെ വിജയാശംസകൾ അവക്കു ഞാൻ സമർപ്പിക്കുന്നു.

കേരളകത്തോലിക്കാസമുദായികവും രാഷ്ട്രീയവും സാമ്പത്തികവുമായ പല പ്രശ്നങ്ങൾ ഇതരസമുദായങ്ങളുടെ മൈത്രി നശിപ്പിക്കാതെ കൈകാര്യം ചെയ്യാൻ കേരളകത്തോലിക്കാകോൺഗ്രസ്സിനു ശക്തിപ്പെടട്ടെ; വിവാഹബില്ലിലെ തെറ്റുകൾ നീക്കുക, കർഷകപ്രശ്നങ്ങൾ പരിഹരിക്കുക മുതലായകാര്യങ്ങളിൽ കേരളകത്തോലിക്കാകോൺഗ്രസ്സു സമാരംഭിച്ചിട്ടുള്ള പ്രയത്നങ്ങൾ സകലരാഷ്ട്രീയകക്ഷികളുടെ



WATCHES

When You Think Of Watches & Clocks

THINK OF

M. SANKARA IYER & SONS

(ESTD. in 1910)

WATCH DEALERS

H. O. Alleppey
Phone: 598

Br. T. B. Road. Kottayam
Phone. 2456

Official Agents Omega & Tissot Watches

സെമിത്തേരികാര്യത്തിൽ ഗവണ്മെൻറ് വയ്യാവേലികൾ സൃഷ്ടിക്കരുത്

(ലോനപ്പൻ നമ്പാടൻ)

ക്രൈസ്തവർക്ക് ദേവാലയങ്ങളോട് അനുബന്ധിച്ച് സിമിത്തേരികൾ ഉണ്ടായിരിക്കണമെന്നു നിർബന്ധമുണ്ട്. അവർ മരിച്ചവരുടെ ഭൗതികാവശിഷ്ടങ്ങളെ ബഹുമാനപുരസ്സരം സംസ്കരിക്കുന്നു. ആ സ്ഥലം പൂജ്യമായി കരുതുന്നു. ആരോഗ്യപരമായ നിയമങ്ങൾ സഭതന്നെ നൽകിയിട്ടുണ്ട്. എന്നാൽ നമ്മുടെ ഗവണ്മെൻറ് ശവസംസ്കാരം സംബന്ധിച്ച് കേരള പഞ്ചായത്തുറൂൾ 1962 എന്നപേരിൽ, 1962 ഓഗസ്റ്റ് 14 ാം തീയതിയിലെ 33–ാം നമ്പർ ഗസറ്റിൽ പ്രസിദ്ധംചെയ്തിരിക്കുന്ന നിയമങ്ങൾ കേരളത്തിലെ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം വളരെയധികം വിഷമങ്ങൾക്ക് കാരണമായേക്കാവുന്നവയാണ്. കേരളത്തിലെ ക്രൈസ്തവസഭ അവരുടെ സ്വന്തനിയമങ്ങൾക്ക് അനുസൃതമായി സിമിത്തേരികൾ സംരക്ഷിച്ചുവരുന്നതിനാൽ അവരുടെ ശ്മശാനങ്ങൾ ഈ നിയമപരിധിയിൽനിന്നു ഒഴിവാക്കുമെങ്കിൽ അതായിരിക്കും ഗവണ്മെൻറിനു ഏറ്റവും നല്ലതു! കേരള പഞ്ചായത്തു് ശ്മശാനചട്ടങ്ങളിലെ നിഷിദ്ധങ്ങളായ ഏതാനും വ്യവസ്ഥകൾ താഴെ കാണിക്കുന്നു.

1) സംസ്കാരം നടത്തുന്നതിനുള്ള സ്ഥലം രജിസ്റ്റർ ചെയ്തില്ലെങ്കിൽ പഞ്ചായത്തിൽ അപേക്ഷിച്ചു് രജിസ്റ്റർ ചെയ്യിക്കണം.
2) സംസ്കാരത്തിനായി പുതിയ ഒരു സ്ഥലവും പഞ്ചായത്തിൽനിന്നു ലൈസൻസ് വാങ്ങാതെ തുറന്നുകൂടാ. ലൈസൻസിനുള്ള അപേക്ഷയോടുകൂടി സ്ഥലത്തിൻെറ പ്ലാൻ, അതിർത്തി, പഞ്ചായത്തു് ആവശ്യപ്പെടുന്ന മറ്റു കാര്യങ്ങൾ ഇവ സമർപ്പിച്ചിരിക്കണം.
3) ലൈസൻസിനുള്ള അപേക്ഷ അനുവദിക്കുകയോ, നിരസിക്കുകയോ, മാറ്റിവയ്ക്കുകയോ ചെയ്യുന്നതിനു പഞ്ചായത്തിനു് അധികാരമുണ്ട്.
4) പഞ്ചായത്തിൻെറ ഓർഡർ നിരാകരിക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യുവാൻ ഡെപ്യൂട്ടിഡയരക്ടർക്കു് അധികാരമുണ്ട്
5) രജിസ്റ്റർ ചെയ്യുകയും ലൈസൻസ് വാങ്ങിക്കുകയുംചെയ്തസ്ഥലത്തുമാത്രമേ സംസ്കാരംചെയ്യാവൂ.
6) ഓരോ സംസ്കാരകർമ്മവുംനടക്കുന്നതിനുമുമ്പായി പഞ്ചായത്തു അധികാരിയെ അറിയിക്കേണ്ടതാണ്.
7) രജിസ്റ്റർ ചെയ്ത സ്ഥലങ്ങളിൽ സമീപസ്ഥരുടെ ആരോഗ്യത്തിനു് ഹാനികരം എന്ന കാരണത്താലോ അടിടെ കൂട്ടത്തിൽ ആളുകളെ സംസ്കരിച്ചു എന്നകാരണത്താലോ സംസ്കാരകർമ്മം നിരോധിക്കാവുന്നതാണ്.
8) ശവപ്പെട്ടിയുടെ മേൽഭാഗം ഭൂനിരപ്പിൽ നിന്നു് അഞ്ചടിയിൽ അധികം താഴ്ന്നിരിക്കേണ്ടതാണ്. (കുഴി ചുരുങ്ങിയതു് 7 അടി താഴ്ചവേണം!!)

b) ഒരോ കുഴിയും തമ്മിൽ രണ്ടു് അടിയിൽ കുറയാതെ അകലം ഉണ്ടായിരിക്കേണ്ടതാണ്.
c) മജിസ്ട്രേട്ടിൻെറ അനുവാദംകൂടാതെ ഒരിക്കൽ അടക്കംചെയ്ത കുഴിമാടം വീണ്ടുംതുറക്കുവാൻപാടില്ല.
d) സംസ്കാരത്തിനു കൊണ്ടുപോയ ശവം ആറുമണിക്കൂറിനുള്ളിൽ സംസ്കരിക്കേണ്ടതാണ്.
f) തെരുവിൽക്കൂടി കൊണ്ടുപോകുന്ന ശവം യുക്തമായ രീതിയിൽ മൂടിയിരിക്കേണ്ടതാണ്.
g) പഞ്ചായത്തു് അതിർത്തിയിൽ വച്ചുകൊണ്ടിരിക്കുവാൻ പാടില്ല.

II) കുഴിവെട്ടുകാരൻ പ്രത്യേക ലൈസൻസ് എടുത്തിരിക്കണം.
ആ ലൈസൻസ് പഞ്ചായത്തു അധികാരികൾക്കു് തിരിച്ചേല്പിക്കാവുന്നതുമാണ്.

മേൽ ചേർത്തിരിക്കുന്ന വ്യവസ്ഥകളും വകുപ്പുകളും പലവിധത്തിലും ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം സ്വീകാര്യങ്ങളല്ലെന്നു് വ്യക്തമാണല്ലോ. ഗവണ്മെൻറ് സദുദ്ദേശത്തോടുകൂടിയായിരിക്കണം നിയമങ്ങൾ നിർമ്മിക്കുന്നതിനു് ആഗ്രഹിക്കുന്നതു്. എന്നാൽ, അവ വ്യാഖ്യാനിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്യുന്നവർ (പഞ്ചായത്തു്) പലപ്പോഴും വിഷമങ്ങൾ ഉളവാക്കുകയും, അങ്ങനെ സാധാരണ ജനങ്ങൾ കഷ്ടപ്പെടുന്നതിനു് ഇടയാകുകയും ചെയ്യും. ആയതുകൊണ്ടു് ക്രൈസ്തവരുടെ ശ്മശാനസ്ഥലങ്ങൾ ഈ പഞ്ചായത്തുനിയമങ്ങളിൽനിന്നു് ഒഴിവാക്കുവാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

യും സ്നേഹസഹകരണത്തോടുകൂടി മുന്നോട്ടുകൊണ്ടുപോകയാണെങ്കിൽ അതു കേരളത്തിലെ "അജോർണമെന്തോ" ആയിരിക്കും. ഏതാദൃശമായ ഒരു "അജോർണമെന്തോ" കേരളകത്തോലിക്കാ കോൺഗ്രസ്സു ബുള്ളറിൻ വഴിയും വർത്തമനപത്രങ്ങൾ വഴിയും ത്യാഗപൂർവ്വമായ പ്രവർത്തനങ്ങൾ വഴിയായും സാധിക്കേണ്ടതായിട്ടാണിരിക്കുന്നതു്. സർവ്വോപരി കേരളകത്തോലിക്കാ കോൺഗ്രസ്സിൻെറ ചുമതലയാണു് ഈ "അജോർണമെന്തോ".

ചിന്തിക്കാൻ മാത്രം

ഞാൻ സക്കാർസ്കൂൾ അദ്ധ്യാപികയാണു്. ഒരു പ്രോട്ടസ്റ്റൻറുകാരിയും. ഒരു കത്തോലിക്കാ ഭവനത്തിൽ ഒരു വിധവയും മകളും താമസിച്ചിരുന്ന വീട്ടിൽ ഒരു മുറിയിലാണു് പാർത്തിരുന്നതു്. ആ കുട്ടിക്കു ഗ്രഹപാഠം ചെയ്യുന്നതിനു ചില്വാസഹായംചെയ്തിരുന്നു. ചിലപ്പോൾ വേദപാഠത്തിനും സംശയം ചോദിച്ചിരുന്നു. കത്തോലിക്കാവിശ്വാസം ആദ്യമായി മനസ്സിലാക്കിയതു് ആ പുസ്തകത്തിൽനിന്നാണു്. ഗ്രഹനായിക,പിതാക്കന്മാരുടെ വിശ്വാസം' എന്ന പുസ്തകം എനിക്കു വായിക്കാൻ തന്നു. '.നമ്മുടെ പിതാക്കന്മാരുടെ വിശ്വാസ'ത്തിലേയ്ക്കു ഞാൻ മടങ്ങിവരികയും ചെയ്തു.

Mrs. J. M.

ബിഷപ്പോപഹാരം

(സഹൃദയരായ വായനക്കാരുടെ അഭിപ്രായത്തെ പ്രതീക്ഷിച്ചുകൊണ്ടു പ്രസിദ്ധപ്പെടുത്തുന്ന ഒരു ഖണ്ഡകാവ്യം.
അന്തിമയങ്ങുമ്പോ—ളമ്പിളിപൊങ്ങുമ്പോൾ— — —എന്ന രീതി)

(കോതനല്ലൂർ ജോസഫ്)

I

തങ്കക്കിനാക്കളെത്താലോലിച്ചു; നന്ദം-
പങ്കിട്ട താതൻമറഞ്ഞു;
സങ്കല്പസൗകര്യപ്പെരുമ്പെള്ളാരു-
സങ്കടരംഗം തുറന്നു. 1

വാത്സല്യാരാമവസന്തമഹോത്സവ-
മത്സരാഘോഷം കഴിഞ്ഞു;
തങ്കുന്ന സ്നേഹത്തിൻഗാനം മുഴക്കിയ-
പൂങ്കുയിൽ കൂട്ടം വെടിഞ്ഞു. 2

വിണ്ടലേ നാഥനവതാരം കൊൾവതേ
കണ്ടിട്ടും വണ്ണം ധരയിൽ,
ഉണ്ടാകും പൈതൃൽക്കു; മാതാപിതാക്കളായ്,
വേണ്ടും പോൽക്കാത്തുപുലർത്താൻ. 3

കാണായകാലം കരളേ! കടങ്കഥ-
യാണെന്നുകണ്ണടച്ചീലേ,
ക്ഷോണിയിൽ നിൻപേരിലിഷ്യകലരാതെ
വാണാളും രണ്ടന്തരംഗം? 4

കണ്ണിനുനേർവന്ന കൈവല്യധാമങ്ങൾ
മണ്ണിൽ മറയുന്ന കാലം,
എണ്ണിക്കരയും നീയേരോന്നും;നിഷ്ഫലം,
നിണ്ണയം, നിൽക്കില്ല കണ്ണീർ. 5

നല്ല പിതാക്കൾക്കു തുല്യനായീശ്വര-
നല്ലാതെയില്ലാരും വേറേ;
തുല,മവർക്കിട്ട ത്രാസിൻ മുതട്ടിൽ
ത്രൈലോക്യസമ്പത്തഖിലം. 6

ആസ്തിക്യം ഭവിങ്കൽക്കാണിച്ചുമിന്നിയ-
നിസ്തുല ജീവിതം പോയി;
വസ്തുക്കളിൽ വയ്ക്കാത്ത മാനസം
വാസ്തവലോകം കരേറി. 7

മാടപ്പിറാവിൻ പിറവിയൊരു കൊച്ചു-
മാടത്തിനാനന്ദം തൂകി,
മോടിയിൽ സ്വർഗ്ഗമാം പാടത്തെനെന്മണി
തേടിപ്പറന്നങ്കണ്ടു. 8

താതാ! പഠിപ്പിക്കയാണതു ഞങ്ങളെ-
ജ്ജാതനാം മർത്യന്റെ തത്വം;-
"ഭൂതലസ്വർഗ്ഗം മണിയറ, ഭാവിതൻ-
ഭൂതിയോ ഭീതിയോ കൊൾവാൻ." 9

II

കൈകാൽ കുടഞ്ഞുകരയും തനൂജരെ-
പ്പുൽകിയെടുത്തവനാരോ,
വൈകാതൊരുമ്മയണച്ചുകൊണ്ടെൻ തങ്കം-
വാഴ്ക്കെന്നരുളിക്കനിവിൽ? 10

പൂവിനും പാവയ്ക്കുമുമ്മകൊടുക്കുന്ന-
പൂവൽക്കിശോരർക്കുമുന്നിൽ
താവുന്ന സ്നേഹത്തോടുമ്മയിരുന്നതു-
നോവുമ്പോൾത്തല്ലുകൊണ്ടാരോ? 11

ആരാമത്തിങ്കലേയ്ക്കാ; യിരം പുഷ്പങ്ങൾ
വാരിവിതച്ചവനാരോ,
ആരോമൽപ്പൈതങ്ങളാറാടി വാഴുവാൻ
നേരത്തുഹാരം കൊരുപ്പാൻ? 12

കണ്ണിൽ വെളിച്ചംകടന്നുപോയ്,കാണാത്ത-
വണ്ണമിക്കൺമുമ്പിൽ നിന്നും,
വിണ്ണിൽ വിരുന്നുണ്ടുകൊൾവാ,നീശോകത്തി-
ന്നണ്ണവം വിട്ടതിതുണ്ടം. 13

(കുളകം)

ലീലാവിലോലമാം ശൈശവകാലത്തെ-
ത്താലോലിച്ചാടിക്കുണങ്ങാൻ,
ആലസ്യം ഭാവിച്ചനേരത്തു; താതാ! ഞാൻ
കോലുമായ്ത്തല്ലിയതില്ലേ? 14

കാതലായ്ത്തല്ലും കിടാവിൻ കരങ്ങളിൽ
പ്രീതിക്കു ചുംബനം ചാർത്തും,
മാതാപിതാക്കളാസ്നേഹത്തിൻ തേൻകനി-
പെയ്തിടും പാരിജാതങ്ങൾ. 15

വിൺപുരിയിങ്കലേയ്ക്കുള്ള വഴിത്താര-
നിൻ പാദസ്പർശം പുലർത്തി,
മുൻപിതാ! കാണുന്നു; ഞങ്ങൾക്കുമാമോൽ-
ക്കമ്പനം താതാ! നികത്താൻ. 16

സന്തതസൗഖ്യത്തിന്നങ്കത്തിലങ്ങനു
സ്വന്തം പിതാക്കളുമായി,
സന്തോഷിച്ചീടുവാൻപോയതോ;
ഞങ്ങൾക്കു-
സന്താപഭാരം വരുത്തി? 17

പൊന്നിലുംപൊന്നാണു ഞങ്ങളവിടേയ്ക്കു
പിന്നെന്തിനീവെറും തോന്നൽ?
ഉന്നതത്തിങ്കൽ വിരുന്നൊരുക്കീടുവാൻ
മുന്നമങ്ങെത്തിയതാവാം! 18

ആകാശവാടിയിലാറാടി വാഴുവാൻ
വൈകാതണയേണ്ടും ഞങ്ങൾ,
ആ കല്പവല്ലിനികുഞ്ജംകരേറി, നി-
ന്നാ;കസ്മികാനന്ദംകൊൾവാൻ; 19

വാടാത്തുമലർമെത്തയിൽ ഞങ്ങളെ-
പ്പേടിപ്പെടാതുതയിരുത്താൻ,
ഓടിക്കളഞ്ഞതാണങ്ങനു; നിത്യമാം-
വീടുംവെടിഞ്ഞു നേരത്തെ. 20

(യുഗ്മകം)

(തുടരും)

സംഘടനാകാര്യം

ശാഖാ വാർത്തകൾ

വടക്കൻ താണിശ്ശേരി

സ്ഥലംപള്ളിഅതിർത്തിയിൽ അധിവസിക്കുന്ന കത്തോലിക്കാകോൺഗ്രസ് സാമാജികരുടെ സംഘടനയെ 445-ാം നമ്പർ ശാഖയായി അംഗീകരിച്ചിരിക്കുന്നു.

അമ്പൂരി

7-7-63-ൽ സ്ഥലം പള്ളിമേടയിൽകൂടിയ യോഗത്തിൽ വച്ച് കെ. കോൺഗ്രസ് പ്രവർത്തനം പുനരാരംഭിച്ചിരിക്കുന്നു. വൈദീകോപദേഷ്ടാവ്. റവ: ഫാ. ജോസഫ് മാലിപ്പറമ്പിൽ അവർകളാണ്. ശാഖാനമ്പർ: 399.

കുട്ടറപ്പാടി– സുകൃതകുട്ട ശാഖകൾ.

സ്ഥലം ഇടവകാതിർത്തികളിൽ താമസിക്കുന്ന എ. കെ. സി. സി. അംഗങ്ങളുടെ സമാജങ്ങൾ, July 6–ാം തീയതിമുതൽ 440–441, നമ്പർ ശാഖകളായി പ്രവർത്തനം ആരാഭിച്ചിരിക്കുന്നു.

വേണാട്ടടം

സ്ഥലംപള്ളിമേടയിൽ, 7-7-63-ൽ കൂടിയ കെ. കോൺ. അംഗങ്ങളുടെ യോഗം, മെസ്സേഴ്സ്: എം. ജെ ചാണ്ടി, എം. എം. ജോർജ്ജ്, എന്നിവരെ, പ്രസിഡണ്ട്, സെക്രട്ടറി എന്നീ സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കയുണ്ടായി.

പുതുക്കാട്ട്

പുതുക്കാട്ട് പള്ളിസ്കൂൾഹാളിൽ 14-7-63-ൽ ചേർന്ന പൊതുയോഗത്തിൽ വച്ച് കത്തോ: കോൺഗ്രസ്സിന്റെ ഒരു ശാഖ റവ, ഫാ. തട്ടിൽ ബി. എ. ഉത്ഘാടനം ചെയ്തിരിക്കുന്നു. ശ്രീമാന്മാരായ നാനാപ്പൻ അന്തോണി, ജോസ് കാക്കാടൻ, എന്നിവരെ യഥാക്രമം, പ്രസിഡണ്ട് സെക്രട്ടറി എന്നീസ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കുകയും ചെയ്തു.

വെണ്ടോർ

എ. കെ. സി. സി. വെണ്ടോർ ശാഖയുടെ 14-7-63-ൽ കൂടിയ യോഗത്തിൽ വച്ച് ശാഖാപ്രസിഡണ്ടായി മി. മഞ്ഞളിചാക്കുണ്ണി പോളിനേയും സെക്രട്ടറിയായി മി. കുളപ്പുലോസ് ജോസിനേയും തെരഞ്ഞെടുത്തു.

ആറുകാണി

കത്തോ: കോൺ: ആറുകാണി ശാഖ 443-ാം നമ്പരായി അംഗീകരിച്ചിരിക്കുന്നു.

വൈദീകോപദേഷ്ടാവ്: റവ. ഫാ. തോട്ടനാനി.
പ്രസിഡണ്ട്: ശ്രീ. മാണി ചുണ്ടെലിക്കാട്ട്
സെക്രട്ടറി:. ശ്രീ. ജോസഫ് പെരുമനം.

എലഞ്ഞിപ്ര

സ്ഥലം കത്തോലിക്കാ കോൺഗ്രസ്സ് ശാഖാ July 13- മുതൽ 492–ാം നമ്പരായി അംഗീകരിച്ചിരിക്കുന്നു, റവ, ഫാ. പോൾ ചാലിശ്ശേരി, ശ്രീ. പി, ഡി. കൊച്ചൗസേപ്പ്, പി. എ. ജോസ് ബി. എ, എന്നിവരാണ് ഭാരവാഹികൾ.

കൂടല്ലൂർ

സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന കെ. കോൺ: ശാഖയുടെ 21- 7- 63–ലെ യോഗം, ശ്രീ. മത്തായി സെബാസ്റ്റ്യനെ അദ്ധ്യക്ഷനായും, ശ്രീ ഫിലിപ്പോസ് തോമസ്സിനെ കാര്യദർശിയായും ശ്രീ. കുരുവിള ചാക്കോയെ ഖജാൻജിയായും നിശ്ചയിച്ചിരിക്കുന്നു.

മണിയാന്തുരുത്തു്

28–7–63ൽ സ്ഥലത്തു് കൂടിയ കത്തോ: കോൺ സാമാജികരുടെ യോഗം താഴെ പറയുന്നവരെ ശാഖാ ഭാരവാഹികളായി തെരഞ്ഞെടുത്തിരിക്കുന്നു.

ശ്രീ. മാത്യു. എം. തോട്ടവേലിൽ (പ്രസിഡണ്ടു്)
,, ഉലഹന്നൻ വക്കി, പുതുച്ചിറ (വൈസു്. പ്രു)
,, തൊമ്മൻ ചാക്കോ പന്നാപാറ (സെക്രട്ടറി.)

ചക്കാമ്പുഴ

മെ. ചെറുനിലത്തു് ചെറിയതു് ഔസേപ്പു്, എം. മത്തായി. എം. ഏ, മാത്യു തുരുത്തേൽ, ജോർജ്ജു് പൂവത്തുങ്കൽ എത്തിവരെ, യഥാക്രമം, പ്രസിഡണ്ടു്, സെക്രട്ടറി, അസിസ്റ്റൻറു് സെക്രട്ടറി എന്നീ സ്ഥാനങ്ങളിലേക്കു്, ചാക്കാമ്പുഴ ശാഖയുടെ 28–7–63 ൽ കൂടിയ യോഗം തെരഞ്ഞെടുത്തിരിക്കുന്നു.

മൂലമറ്റം

സ്ഥലം പള്ളിമേടയിൽ, ബ. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ചു് എ. കെ സി. സി. ശാഖാ പ്രവർത്തനം ഉത്ഘാടനം ചെയ്തിരിക്കുന്നു. പ്രസിഡണ്ടു്, ശ്രീ. തോമസ് ഇടമാലിയും വൈസ്പ്രസിഡണ്ടു് ശ്രീ. ജോസഫ് കല്ലറങ്ങാട്ടും സെക്രട്ടറി, ശ്രീ. മാത്യു മുളക്കനും, ട്രഷറർ ശ്രീ. തോമസ് വേലംകുന്നേലും ആണു്,

അമ്പാറനിരപ്പേൽ

അമ്പാറ നിരപ്പേൽ ഇടവകാംഗങ്ങളുടെ ഒരു യോഗം, 28-7-63ൽ, സ്ഥലം സ്കൂളിൽ വച്ച് റവ. ഫാ. ശൗര്യാം കഴിയുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. നിർജ്ജീവമായി കിടന്ന അമ്പാറ നിരപ്പേൽ ക. കോൺ: ശാഖ (37-ാം നമ്പർ) പുനരുദ്ധരിക്കുന്നതിനു് സമ്മേളനം തീരുമാനമെടുത്തു.

മലപ്പുറം

അ. കേ. കത്തോ: കോൺഗ്രസ്സിന്റെ ഒരു ശാഖ, സ്ഥലം പാരീഷ് ഹാളിൽ റവ. ഫാ. ജോസഫ് ചാലിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ വച്ചു് ഉൽഘാടനം ചെയ്യപ്പെട്ടു. ഭാരവാഹികളേയും തെരഞ്ഞെടുത്തു, ഇതിനോടകം 250-പേർ അംഗങ്ങളായി ചേരുകയും ചെയ്തു.

"ഓടയിൽ നിന്നു" പുസ്തകത്തിന്റെ നേർക്കു് സർക്കാർ അവലംബിച്ചിരിക്കുന്ന അലസതാപൂർവ്വകമായ നിലപാടിനെ പ്രതിഷേധിക്കുന്ന ഒരു പ്രമേയവും സമ്മേളനം പാസ്സാക്കി.

ഏഴച്ചേരി

ഏഴച്ചേരി എടവകയിലെ, കത്തോ: കോൺ: ശാഖ, ജൂലൈ 28-ാം തീയതി മുതൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

മെ. വി. ജെ. ചെറിയാൻ. ബി. എസ്സി. ബി റ്റി. സി. ജെ ജോസഫ്, വി. സി. ജോസഫ് എന്നിവരാണു് ഭാരവാഹികൾ.

പുലിയൂർ

മാവേലിക്കര മേഖലാ സംഘാടകൻ ശ്രീ എ ബ്രാഹം കണ്ണങ്കരയുടെ ശ്രമഫലമായും കത്തോ: കോൺ: പുലിയൂർ ശാഖ പ്രസിഡണ്ടു് ശ്രീ പി എം മാത്യു, സെക്രട്ടറി ശ്രീമതി തങ്കമ്മ മത്തായി എന്നിവരുടെ നേതൃത്വത്തിലും പ്രവർത്തനം തുടങ്ങികഴിഞ്ഞു.

കോമല്ലൂർ

സ്ഥലത്തു് സ്ഥാപിതമായിരിക്കുന്ന കത്തോലിക്കാകോൺഗ്രസ്സു് ശാഖ ജൂലൈ 29-മുതൽ 448-ാം നമ്പരായി ഹെഡ് ആഫീസിൽ നിന്നും അംഗീകരിച്ചിരിക്കുന്നു. ശ്രീ പി സി ജേക്കബ്ബു് (പ്രസിഡണ്ടു്.) ശ്രീ റ്റി ഈ ഈപ്പൻ (സെക്രട്ടറിയും) റവ. ഫാ. സാലസ്സു് ഒ ഐ സി (ആത്മീയോപദേഷ്ടാവു്)

N. B:— ശാഖാ പ്രവർത്തനങ്ങളെപ്പറ്റിയുള്ള വാർത്തകൾ, പ്രസിദ്ധീകരണത്തിൽ ഏ കെ സി സി ഹെഡ് ഓഫീസിലേയ്ക്കു് അയച്ചുതരണമെന്നു് താല്പര്യപ്പെടുന്നു.

നസ്രാണിഭ്രഷ്ണനസമാജത്തിന്റെ പ്രമേയം

21-6-1963

കേരളത്തിലെ കത്തോലിക്കരൊഴികെയുള്ള പ്രബലസമുദായങ്ങളുടെ രാഷ്ട്രീയമുൾപ്പെടെയുള്ള സർവ്വവിധ താല്പര്യങ്ങളും സംരക്ഷിക്കുന്നതിനു് ഇന്നു് നിലവിലുള്ള N. S. S, S. N. D. P, Muslim League മുതലായ സംഘടനകളെപോലെ മതിയായ പ്രാതിനിദ്ധ്യവും കെട്ടുറപ്പുമുള്ള ഒരു സംഘടന കത്തോലിക്കർക്കില്ലാത്തതിൽ ഈ കമ്മറ്റി പരിതപിക്കുകയും കേരളകത്തോലിക്കരുടെ ഏറ്റവുംകൂടുതൽ പ്രാതിനിദ്ധ്യമുള്ള അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിനെ ശക്തിപ്പെടുത്തി അതിന്റെ കൊടിക്കീഴിൽ അണിനിരക്കേണ്ടതു് കേരള കത്തോലിക്കരുടെ ഇന്നത്തെ ഒഴിച്ചുകൂടാൻപാടില്ലാത്ത ആവശ്യമാണെന്നു് ഈ കമ്മറ്റി ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു. അതിനാൽ കത്തോലിക്കാകോൺഗ്രസ്സിൽ കൂടുതൽ അംഗങ്ങളെ ചേർത്തും അതിനാവശ്യമായ പ്രചാരവേലചെയ്തും അതുമായി ഉറ്റബന്ധം പുലർത്തണമെന്നുള്ള എ. പെ: ബ: ശ്രേഷ്ഠാദ്ധ്യക്ഷൻ തിരുമേനിയുടെ ഉപദേശം കാലോചിതവും സമാദരണീയവുമാണെന്നു് ഈ കമ്മറ്റി അഭിപ്രായപ്പെടുന്നു.

ഈ ഉദ്ദേശസാദ്ധ്യത്തിനായി നമ്മുടെ സമുദായത്തെ ഉത്തേജിപ്പിക്കുന്നതിനും പ്രവർത്തനനിരതമാക്കുന്നതിനും എൻ. ബി. സമാജം കേന്ദ്രസമിതി അംഗങ്ങൾ അവരുടെ സ്വന്തം നിലയിൽ അവക്കുള്ള സ്വാധീനശക്തി പ്രത്യേകം അവരവരുടെ ഇടവകകളിൽ പ്രയോഗിച്ചുലക്ഷ്യപ്രാപ്തിത്വരിതപ്പെടുത്തേണ്ടതാകുന്നു.

ഈ വിഷയത്തിൽ കമ്മറ്റിയിലുള്ള ആത്മാർത്ഥതയുടെ നിദർശനമെന്നോണം ഇന്നു ഹാജരുള്ള കമ്മറ്റി അംഗങ്ങൾ കത്തോലിക്കാകോൺഗ്രസ്സിൽ അംഗങ്ങളായി ചേരുന്നതിനുള്ള അവരുടെ സമ്മതം രേഖപ്പെടുത്തുകയും അതിനാവശ്യമായ ഫാറങ്ങളും മറ്റും വരുത്തി നിയമാനുസരണം അംഗങ്ങളെ ചേർത്തു് അപേക്ഷാഫോറങ്ങൾ കത്തോലിക്കാകോൺഗ്രസ്സു് സെക്രട്ടറിയുടെ പേർക്കു് അയച്ചുകൊടുക്കുന്നതിനു് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

അവരവരുടെ ഇടവകകളിൽ ബ: വികാരി അച്ചന്മാരോടു സഹകരിച്ചു് കോൺഗ്രസിന്റെ ശാഖകൾ സ്ഥാപിക്കുന്നതിനും മറ്റും അവർ ജാഗ്രൂകരായിരിക്കേണ്ടതുമാകുന്നു.

ഏ. കെ. സി. സി. അതിരൂപതാസംഘം

ചങ്ങനാശ്ശേരി അതിരൂപതയിൽ ഏ. കെ. സി. സിയുടെ രൂപതാസംഘം സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതിനു് ചങ്ങനാശ്ശേരി ശാഖാപ്രസിഡന്റു ശ്രീ ജോസഫ് കൂട്ടമ്മേലിന്റെ അദ്ധ്യക്ഷതയിലും ചങ്ങനാശ്ശേരി ശാഖയുടെ സ്പിരിച്ചൽ ഡയറക്ടർ വെ. റവ. ഫാദർ സിറിയക്കു് തുരുത്തുമാലിൽ അവർകളുടെയും ഏ. കെ. സി. സി ജനറൽ സെക്രട്ടറി ശ്രീ. കെ. എം. ജോസഫ് B. A. B. L ന്റെയും സാന്നി

(ശേഷം 27-ാംപേജിൽ)

'ഓടയിൽ' പുറി

ജനപ്രതിനിധികളായ എം. എൽ. എ. മാർക്കു് ഒന്നും പറയുവാനില്ലേ?

(ഡോ. ജി. പാലത്തുമ്പാട്ടു്)

കേരളത്തിലെ ജനാധിപത്യ പാർട്ടികളിലെ, പ്രത്യേകിച്ചു് കോൺഗ്രസിലെ ജനപ്രതിനിധികൾക്കെതിരായി കമ്യൂണിസ്റ്റുകൾ ജനതാമദ്ധ്യേ വിജയപൂർവം നടത്തുന്നുള്ള ഒരു പ്രചരണമുണ്ടു്: ജനപ്രതിനിധികളായി വേഷംകെട്ടിയിറങ്ങുന്ന ഈ ജനാധിപത്യവാദികൾ തെരഞ്ഞെടുപ്പുകാലത്തുമാത്രമേ പൊതുജനങ്ങളുടെ താല്പര്യങ്ങളെപ്പറ്റി ചിന്തിക്കുന്നതായി ഭാവിക്കുന്നുള്ളുവെന്നു്. വോട്ടെടുപ്പു കഴിഞ്ഞാലുടൻ നിയമസഭാമണ്ഡപത്തിന്റെ ഉത്തുംഗ ശൃംഗത്തിലെത്തി മദോന്മത്തരായി കഴിയുവാനുള്ളവരാണു് തങ്ങൾ എന്ന ഭാവേന, ആ ഉന്നതഗോപുരത്തിലേക്കു് ചവുട്ടിക്കയറാനുപയോഗിച്ച പൊതുജനമാകുന്ന ഗോവണി പുറംകാലുകൊണ്ടു തട്ടിത്തെറിപ്പിച്ചുകളയുന്നു എന്നാണാ കമ്യൂണിസ്റ്റാരോപണം. കമ്യൂണിസ്റ്റു സിദ്ധാന്തത്തെ അങ്ങേയറ്റം വെറുക്കുന്ന ഒരുവൻപോലും മേല്പറഞ്ഞ ആരോപണത്തെ അപ്പാടെ നിഷേധിക്കുവാൻ ധൈര്യപ്പെടുകയില്ല. കാരണം, പൊതുജനതാല്പര്യങ്ങളുടെ കുഴത്തറുക്കുന്ന സംഭവങ്ങളുണ്ടായാലും 'ഞാനൊന്നുമറിഞ്ഞില്ലേ' എന്ന മട്ടിലാണു് നമ്മുടെ എം എൽ എ മാരിൽ ഭൂരിപക്ഷത്തിന്റേയും നിലപാടു്.

ഇന്നാട്ടിൽ സാഹിത്യകാരൻ എന്നു വിളിക്കപ്പെടുന്ന ഒരു കേശവദേവിന്റെ 'ഓടയിൽനിന്നു്' എന്ന അശ്ലീലകൃതി 10-ാം സ്റ്റാൻഡാർഡിലെ ഉപപാഠപുസ്തകമായി പാഠപുസ്തകക്കമ്മറ്റി തെരഞ്ഞെടുത്തിരിക്കുകയാണല്ലൊ. ഈ പുസ്തകം പഠിപ്പിക്കേണ്ടതു് കത്തോലിക്കാകുട്ടികളെ മാത്രമല്ല, പിന്നെയോ ഇവിടത്തെ വിദ്യാഭ്യാസ മന്ത്രികൂടിയായ ശങ്കറിന്റേയും, എം എൽ എ ഗണത്തിന്റേയും, ഈ പുസ്തകം ചമച്ച ദേവിനു മക്കളുണ്ടെങ്കിൽ അദ്ദേഹത്തിന്റേയും, ഇതു തെരഞ്ഞെടുത്ത പുസ്തകക്കമ്മറ്റിക്കാരുടെയും ഉൾപ്പെടെ സകല കേരളീയരുടേയും മക്കളെ പഠിപ്പിക്കാനുള്ള ഒരു പുസ്തകമാണിതു്. ഈ അശ്ലീലകൃതി എങ്ങനെ ഒരു പാഠപുസ്തകമായി പൊന്തിവന്നു എന്നുള്ളതു് അഴിമതിനിരോധനവകുപ്പിന്റെ ഗൗരവമായ അന്വേഷണത്തിനു് വിധേയമാകേണ്ടതാണെന്നു് ഇന്നു പലരും അഭിപ്രായപ്പെടുന്നുണ്ടു്.

വൈവാഹിക ജീവിതത്തിൽ തികച്ചും അനുവദനീയമായ രതിക്രീഡകൾപോലും, അവയുടെ രഹസ്യസ്വഭാവത്തിൽ അടക്കിനിർത്താനല്ലൊ സന്മാർഗ്ഗബോധമുള്ള സകല മാതാപിതാക്കളും ആഗ്രഹിക്കുന്നതു്. പരസ്യമാക്കപ്പെട്ടാൽ അവപോലും അശ്ലീലസദാചാരമനുസരിച്ചു നിഷിദ്ധവും നിയമവിരുദ്ധവുമായ ലൈംഗികചേഷ്ടകളെ പരസ്യമായി പ്രസ്താവിക്കുക മാത്രമല്ല സ്കൂളുകളിൽ പരസ്യമായി പഠിപ്പിക്കുക എന്നു പറഞ്ഞാൽ അതെത്ര നീചമായ അശ്ലീലമാണു്! എത്ര മ്ലേച്ഛമായ സംസ്കാരമാണു്!! വിദ്യാഭ്യാസരംഗം ഇത്ര ചീഞ്ഞുനാറുവാനും വിരൂപമാകുവാനും അനുവദിക്കുന്ന ഒരു വിദ്യാഭ്യാസമന്ത്രിയാണോ നമുക്കിന്നുള്ളതു്? ഈ അശ്ലീലത്തിന്റെ ദുർഗ്ഗന്ധം ഏറ്റിട്ടും സന്തുഷ്ടരായിരിക്കാനുള്ള സന്മാർഗ്ഗബോധം മാത്രമേ ഇവിടത്തെ ജനപ്രതിനിധികളായ എം എൽ എ മാക്കളേ? ഒരു വനിതാ എം എൽ എ ഒഴിച്ചു് ഒരൊറ്റ എം എൽ എ പോലും ഇതുവരെ ഇതിനെതിരായി പ്രതിഷേധസ്വരമുയർത്തിയതായി കാണുന്നില്ല. പൊതുജനവികാരങ്ങളെ മാനിക്കുന്ന സദാചാരബോധമുള്ള എം എൽ എ മാരെല്ലാം ഒറ്റക്കെട്ടായി നിന്നു് ഈ ഓടപ്പുസ്തകം പിൻവലിപ്പിക്കുന്നില്ലായെങ്കിൽ അവരുടെ ഉത്തരമായ ഈ കൃത്യവിലോപനത്തിനു് ജനങ്ങൾ മാപ്പുതരുമെന്നു് വിചാരിക്കുരുതു്.

എം ആർ എ ക്കാർക്കും ഒന്നും പറയാനില്ലേ?

നമ്മുടെ എം എൽ എ-മാരിൽ ചിലരെല്ലാം എം ആർ എ അഥവാ ധാർമ്മിക പുനരായുധീകരണ പ്രസ്ഥാനത്തിനുവേണ്ടി ജീവൻകൊടുക്കാൻ തയാറാണെന്നു് പറയുന്നതു് കേട്ടിട്ടുണ്ടു്. യുവമസ്തിഷ്കങ്ങളിൽ വിജ്ഞാനസമ്പത്തും, യുവഹൃദയങ്ങളിൽ സംസ്കാരസമ്പത്തും വളർത്തിയെടുക്കുവാനുദ്ദേശിച്ചിട്ടുള്ളവയാണു്, രാജ്യത്തിലെ ആകെ വരുമാനത്തിന്റെ മൂന്നിൽ രണ്ടു ഭാഗവും ചെലവാക്കി നടത്തുന്ന വിദ്യാലയങ്ങൾ. അവിടെയാണു് ആസൂത്രിത പദ്ധതിപ്രകാരമുള്ള അശ്ലീലം അപക്വമതികളായ വിദ്യാർത്ഥിനിവിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ ഗവണ്മെന്റു് അംഗീകാരം നൽകിയിരിക്കുന്നതു്! പ്രതാപമേറിയ റോമൻസാമ്രാജ്യത്തെ ശോചനീയമായി അധഃപതിപ്പിച്ചതു്! അവിടെ അശ്ലീലസംസ്കാരം കടത്തിവിട്ടതുമൂലമാണെന്നു പ്രസിദ്ധമല്ലേ! ഇങ്ങനെ രാജ്യദ്രോഹപരവും സന്മാർഗ്ഗവിരുദ്ധവുമായ അശ്ലീലം പഠിപ്പിക്കാൻ ഗവണ്മെന്റു് അംഗീകാരം നൽകിയിരിക്കുന്ന ഈ അവസരത്തിൽ ധാർമ്മികപുനരായുധീകരണത്തിൽ വിശ്വസിക്കുകയും അതിനുവേണ്ടി പ്രസംഗിക്കുകയുംചെയ്യുന്ന 'ത്രീ' എം എൽ എ-മാക്കും പത്രത്തിനും ശ്രീമാന്മാരായ കെ എം ചെറിയാൻ മന്നത്തുപദ്മനാഭൻ തുടങ്ങിയ എം ആർ എ പ്രണേതാക്കൾക്കും ഇതിൽ പ്രതിഷേധമില്ലെന്നു വരുമോ? ഈ ബഹുമാന്യവ്യക്തികളുടെ ആദർശത്തിലും പ്രസംഗത്തിലും അവക്കുതന്നെ വിശ്വാസമുണ്ടെന്നു് തെളിയിക്കുവാനുള്ള ഗൗരവാവഹമായ ഒരു ധാർമ്മിക പ്രശ്നമാണു് ദേവിന്റെ അശ്ലീലഗ്രന്ഥം യുവത്വത്തിലേക്കു കാലൂന്നിയിട്ടില്ലാത്ത കുട്ടികളുടെ പാഠപുസ്

കമായി അംഗീകരിച്ചതിൽനിന്നും പൊന്തിവന്നിരിക്കുന്നതു്. ഇതിലടങ്ങിയിരിക്കുന്ന വിപത്തു് മനസ്സിലാക്കാനുള്ള പ്രബുദ്ധത ഈ പ്രശസ്തവ്യക്തികൾക്കില്ലെന്നവരുമോ? എന്നാൽ ഇതുപോലെയുള്ള സാന്മാഗ്ലിക പ്രശ്നങ്ങൾ ഉദിക്കുമ്പോൾ–രാഷ്ട്രത്തിന്റെയും സമുദായങ്ങളുടേയും ഭാഗധേയചക്രം തിരിക്കേണ്ട യുവതീയുവാക്കന്മാരുടെ സന്മാഗ്ലബോധത്തിന്റെ വേരറുക്കുന്നരശ്ലീലഗ്രന്ഥം ക്ലാസിലിരുത്തി പഠിപ്പിക്കുക എന്ന അക്ഷന്തവ്യമായ വഷളത്തത്തിനു് ഇന്നാട്ടിലെ സ്കൂളുകൾ രംഗങ്ങളാകുമ്പോൾ-ജനസാമാന്യത്തിൽ സ്വാധീനം ചെലുത്തുന്ന പത്രങ്ങളും പ്രശസ്ത വ്യക്തികളും മൗനം ഭജിക്കുകയാണെങ്കിൽ അവരുടെ നേതൃത്വത്തിനും പ്രസംഗത്തിനും അഭിസാരികയുടെ ചാരിത്ര്യപ്രസംഗത്തിനുനൽകുന്ന വിലയേ ജനങ്ങൾ നൽകുകയുള്ളുവെന്നു പറയേണ്ടിയിരിക്കുന്നു. ഇവരാരും മിണ്ടാതിരിക്കുന്നതു കൊണ്ടല്ലേ കത്തോലിക്കാപുരോഹിതന്മാർ മാത്രമാണു് തന്റെ 'ഓടയെ' എതിർക്കുന്നതെന്നു പറയാനുള്ള ഔദ്ധത്യം കേശവദേവിനുണ്ടായതു്? കത്തോലിക്കാപുരോഹിതന്മാരൊഴിച്ചു് ഇന്നാട്ടിലെ ബാക്കി എല്ലാ മാന്യന്മാരും ഓടയിലെ അശ്ലീലത്തെ ഇഷ്ടപ്പെട്ടുന്നവരാണെന്നല്ലേ ദേവിന്റെ വിവക്ഷ. അവിവേകം നിറഞ്ഞ ഈ മുഷ്കിനു് മറുപടി പറയേണ്ടതു് വാസ്തവത്തിൽ കത്തോലിക്കാപുരോഹിതന്മാരല്ല, പിന്നെയോ - - - -

മലയാളസാഹിത്യകാരന്മാർ

മലയാളസാഹിത്യത്തിൽ കുഞ്ചൻനമ്പ്യാർ, കുമാരനാശാൻ, വള്ളത്തോൾ, കെ വി സൈമൺ, മുട്ടത്തുവക്കി തുടങ്ങി സഹൃദയരായ നിരവധി പ്രശസ്ത സാഹിത്യകാരന്മാരുണ്ടെന്നുള്ളതു് അഭിമാനാർഹമാണു്. ഇവരൊക്കെ പൊതുവേപറഞ്ഞാൽ സാംസ്കാരികരംഗത്തും ഉയർന്നുനില്ക്കുന്ന സഹൃദയന്മാരാണു്. എന്നാൽ-

'ഒരുവൻ പാപകർമ്മംചെയ്തീടുകിലതിൻഫലം
പരക്കെയുള്ള മഹാജനങ്ങൾക്കൊക്കെത്തട്ടും'

എന്ന ഈരടി അനവദ്യമാക്കുമാറാണു് ചില മലയാളസാഹിത്യകാരന്മാരുടെ പോക്കു്! ഈ ലേഖകൻ പാശ്ചാത്യദേശത്തു് ഉപരിപഠനം നടത്തുന്നകാലത്തു് മലയാളസാഹിത്യകാരന്മാരിൽ ചിലരേപ്പറ്റി സഹൃദയനായ ഒരു സുഹൃത്തു് വിശേഷിപ്പിച്ചതിപ്രകാരമാണു്: "....they are, in fact, educated barbarians' (പഠിപ്പുള്ള അപരിഷ്കൃതരാണെന്നു്!) നമ്മുടെ ചില സാഹിത്യകാരന്മാർക്കു് ഇതിനേക്കാൾ പറ്റിയ ഒരു നിർവചനം സാധ്യമാണോ എന്നു ഞാൻ ചിന്തിച്ചുപോകുകയാണു്. മഹാന്മാർക്കുവേണ്ട പരിപാകതയും എളിമയും ഇല്ലാതെ മയിൽപേടകളെപ്പോലെ പുഷ്ടഭാഗം നഗ്നമാകുന്നതറിയാതെ അഹങ്കാരനൃത്തം വയ്ക്കുന്ന അല്പബുദ്ധികളായി അധഃപതിച്ച ഒരുകൂട്ടം സാഹിത്യകാരന്മാർ കൈരളിക്കിന്നുണ്ടു്.

കുറേ നാല്ലാലികൾ ചമച്ചും കുറേയൊക്കെ കൃത്തികുറിച്ചും സാഹിത്യകാരനെന്ന പദവിയിലേക്കുയരുന്നതു് അത്രവലിയ ഒരു കായ്മയായി ഇന്നാരും കരുതുകയില്ല. സുകുമാരകലകളുടെ സൗന്ദര്യവും സൗരഭ്യവും സംസ്കാരപൂർണ്ണമായ സഹൃദയത്വത്തിന്റെ ബഹിർസ്ഫുരണമാണെന്നു് പല ഓടസാഹിത്യകാരന്മാരും ഗ്രഹിക്കുന്നില്ല. തകർന്ന സാന്മാഗ്ലികതയും ദുഷിച്ച സംസ്കാരവും കൈമുതലായി വച്ചുകൊണ്ടു് പടച്ചുണ്ടാക്കുന്ന സാഹിത്യകൃതികൾക്കു് ഓടയിൽനിന്നു വമിക്കുന്ന ദുർഗ്ഗന്ധം എപ്പോഴും ഉണ്ടായിരിക്കും. സഹൃദയത്വത്തിൽ, സംസ്കാരം, വിശാലഹൃദയത്വം, വിദ്യാസമ്പത്തു്, വിവേകം, വിനയം ഇതെല്ലാം ഉൾപ്പെടുന്നു.

കേശവദേവിന്റെ അലമാരിയിലുണ്ടെന്നു പറയുന്ന കത്തോലിക്കാവൈദികരേപ്പറ്റിയുള്ള പുസ്തകങ്ങളുടെ എണ്ണത്തേക്കാൾ കൂടുതൽ അത്തരം പുസ്തകങ്ങൾ തീർച്ചയായും ഓരോ കത്തോലിക്കാവൈദികന്റേയും വിശാലമായ ഗ്രന്ഥശേഖരത്തിലുണ്ടു്. ദേവിനു് വേണമെങ്കിൽ ചെന്നു് റിഫർചെയ്യുന്നതിനും അവർ വേണ്ട സൗകര്യം തരും. ഭൂപടത്തിലെ ഒരു പൊട്ടമാത്രമായ കേരളക്കരയുടെമാത്രം സംസ്കാരം കണ്ടവരോ, കൈരളീസാഹിത്യംമാത്രം രുചിച്ചവരോ അല്ല കത്തോലിക്കാപുരോഹിതന്മാർ എന്നതു് ദേവിനു് ഒരുപക്ഷേ ഒരു പുത്തൻ വാർത്തയായിരിക്കും. എന്നാൽ ആംഗ്ലേയസാഹിത്യം, ലത്തീൻസാഹിത്യം, യവനസാഹിത്യം തുടങ്ങിയവയിലും വൈദഗ്ദ്ധ്യം സമ്പാദിക്കുന്നവരാണു് കത്തോലിക്കാവൈദികർ. ഫ്രഞ്ചു്, ജർമ്മൻ, ഇറ്റാലിയൻ തുടങ്ങിയ ഭാഷകളിലുള്ള ലോകപ്രസിദ്ധമായസാഹിത്യകൃതികളുമായും നിരന്തരം സമ്പർക്കംപുലർത്തുന്നവരാണു് കത്തോലിക്കാവൈദികർ. വോൾട്ടേയർ, റൂസ്സോ, എമിൽസൊള, നീഷ്ക്ഷേ: മിരബോ, കൊൻറാർ സെറു്, ലലാങ്ങു, ഓൾണെ തുടങ്ങിയ കുപ്രസിദ്ധരായ വിശ്വസാഹിത്യകാരന്മാരുടെ ആക്രമണത്തെ അതിജീവിക്കാൻ നിഷ്പ്രയാസം സാധിച്ച കത്തോലിക്കാപുരോഹിതർക്കു് ദേവു് ഒരു ഭീഷണിയാണോ! മേല്പറഞ്ഞ സാഹിത്യകാരന്മാരുടെ ഏഴയലത്തു് സമീപിക്കാനുള്ള യാതൊരു യോഗ്യതയും ദേവിനില്ലെന്നു പറഞ്ഞാൽ അതു വെറുമൊരു സത്യം മാത്രമാണു്. ആനയും കൊതുകും പോലുള്ള സാമ്യംപോലുമില്ലെന്നു താരതമ്യംചെയ്താലറിയാം. കുറച്ചുകൂടെ ലോകപരിചയവും വിജ്ഞാനവും സംസ്കാരവും സമ്പാദിക്കാൻ ശ്രീദേവു് ആത്മാർത്ഥമായിട്ടു ശ്രമിച്ചാൽ അദ്ദേഹത്തിന്റെ സാഹിത്യവാസനകൊണ്ടു് കൈരളിക്കു് വല്ല ഗുണവും പ്രതീക്ഷിക്കാം.

പാഠപുസ്തകക്കമ്മറ്റിയുടെ മാനദണ്ഡം എന്തായിരുന്നു? പാഠപുസ്തകക്കമ്മറ്റി എന്തു മാനദണ്ഡംവച്ചാണു് ഈ 'ഓടയിൽനിന്നു' ഒരു പാഠപുസ്തകമായി തെരഞ്ഞെടുത്തതെന്നാണു് പൊതുജനങ്ങൾക്കു മനസ്സിലാകാത്തതു്. അശ്ലീലം എന്നൊന്നൊഴിച്ചാൽ ഈ കൃതിയിൽ പിന്നെയെന്താണു് ശ്രദ്ധയെ ആകർഷിക്കുന്നതായി ശേഷിച്ചിട്ടുള്ളതു്? ഇതിൽ വിജ്ഞാനപ്രദമായി എന്തുണ്ടു്? ഗുണപാഠമായി എന്തുണ്ടു്? സാംസ്കാരികമായി എന്തുണ്ടു്? സാമൂഹ്യസുകൃതമെന്നുപറയാൻ എന്തുണ്ടു്? ഇതിനെല്ലാം കടകവിരുദ്ധമായതെല്ലാമുണ്ടുതാനും! ചുരുക്കിപ്പറഞ്ഞാൽ അശ്ലീലച്ചേറിൽകിടന്നുരുളാൻ കൊതിക്കുന്നവർക്കു് രുചിക്കാനുള്ള ദുഷിച്ച സാഹിത്യമൊന്നുമാത്രമാണിതിലുള്ളതു്. ഇതൊരു പാഠപുസ്തകമായി തെരഞ്ഞെടുക്കണമെങ്കിൽ വിദ്യാഭ്യാസ

കത്തോലിക്ക കോൺഗ്രസിന്റെ കൊടിക്കീഴിൽ സംഘടിക്കുക!

ലക്ഷ്യവും പരിപാടിയും

സഭാ ഭരണം സംബന്ധിച്ച കാര്യങ്ങളിൽ ഇടപെടാതെയും ഒരു തനി രാഷ്ട്രീയകക്ഷിയായി നിലകൊള്ളാതെയും കേരളീയ കത്തോലിക്കരുടെ മതപരവും. സാമുദായികവും, രാഷ്ട്രീയവുമായ താല്പര്യങ്ങളുടെ പരിരക്ഷണത്തിനും സമുദായത്തിന്റെ സർവ്വതോന്മുഖമായ ഉത്കർഷത്തിനുംവേണ്ടി യത്നിക്കുകയാകുന്ന അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ലക്ഷ്യം. (ഭരണഘടന വകുപ്പ് 2.)

സമുദായത്തെ ബാധിക്കുന്ന പൊതുപ്രശ്നങ്ങൾ

മൂല്യങ്ങളുടേയും വിദ്യാർത്ഥികളുടേയും സുരക്ഷിതത്വത്തേക്കാൾ കൂടുതൽ മഹത്തരമോ പരിഗണനയാണ് ഈ തിലുള്ളതെന്ന് ജനങ്ങൾ സംശയിക്കുന്നെങ്കിൽ എന്തു തിശയിക്കാനിരിക്കുന്നു! വിദ്യാഭ്യാസവകുപ്പ് ഈ കമ്മറ്റിയിൽ നിക്ഷേപിച്ച അധികാരത്തേയും വിശ്വാസത്തേയും ഇവർ ദുർവിനിയോഗിക്കുകയും ഒറ്റിക്കൊടുക്കുകയും അല്ലേ ചെയ്തരിക്കുന്നത്! ഉത്തരവാദപ്പെട്ടവർ ഇതേപ്പറ്റി നടപടിയെടുക്കേണ്ടതു ഭാവിയിലെങ്കിലും ഇതാവർത്തിക്കപ്പെടാതിരിപ്പാൻ ആവശ്യമല്ലേ?

പൊതുജനങ്ങളോട്

സ്വന്തം കുഞ്ഞുങ്ങളെ കണ്ണും കരളുമായിക്കരുതുന്ന മാതാപിതാക്കന്മാർ ഇത്തരുണത്തിൽ കൈകെട്ടിയിരിക്കാനാണോ ഭാവം? നിങ്ങളുടെ മക്കളുടെ ഭാവിയേയും ആത്മാവിനേയും വിറ്റു കാശാക്കാനുള്ള ശ്രമമാണ് ഓടയുടെ പ്രണേതാക്കളുടെ ശ്രമമെന്നു നിങ്ങൾ അറിയുന്നില്ലേ? അഴിമതിയും കൈക്കൂലിയും അഴിഞ്ഞാടുന്നിടത്തു പൊതുജനതാല്പര്യം മാനിക്കപ്പെടുകയില്ലെന്നറിയണം. ഇത്രമാത്രം പ്രതിഷേധസ്വരം ഉയർത്തിയിട്ടും ഒരു ജനാധിപത്യഭരണകൂടത്തിലെ ബന്ധപ്പെട്ടവർ കണ്ണടച്ചിരിക്കുന്നെങ്കിൽ അവിശുദ്ധമായ എന്തോ അതിനു പുറകിലുണ്ടെന്നുവേണം ധരിക്കാൻ. കേരളത്തിലെ രക്ഷകർത്താക്കൾ ഒന്നടങ്കം പ്രതിഷേധവുമായി രംഗത്തിറങ്ങണം. കാഞ്ഞൂരെ ആ സാധുകർഷകനായ രക്ഷകർത്താവിന്റെ മാതൃകയെ അനുകരിച്ചു ഈ അശ്ലീലനോവൽ ഓരോ രക്ഷകർത്താവും പരസ്യമായി അഗ്നിക്കിരയാക്കണം. ദേവിനോ മറ്റാർക്കെങ്കിലുമോ കാര്യമുണ്ടാക്കാനുള്ളതല്ല നിങ്ങളുടെ അരുമസന്താനങ്ങൾ. ഈ നോവൽ എത്രയുംവേഗം ഗവർമ്മെന്റിനേക്കൊണ്ടു പിൻവലിപ്പിക്കുക എന്നുള്ളതു ഇന്നാട്ടുകാരെ അവരുടെ സന്മാഗ്ഭോധവും, ജനപ്രതിനിധികളായ എം. എൽ, എ. മാരെ അവരുടെ കർത്തവ്യബോധവും നിർബന്ധിക്കുന്നു. സമയം വൈകുന്നതിനുമുമ്പു് നാം പ്രവർത്തിക്കേണ്ടതാണെന്നും ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

സംബന്ധിച്ചു് സമുദായാംഗങ്ങൾക്കു് പ്രബോധനം നൽകുക, അവശതകൾ പരിഹരിക്കുന്നതിനും അവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിനും ഉപയുക്തമായ നടപടികൾ സ്വീകരിക്കുക, ലഘുനിക്ഷേപപദ്ധതികൾ, സഹകരണസംഘങ്ങൾ, ശവസംസ്കാരനിധികൾ, വിവാഹസഹായനിധികൾ, ഭവനനിർമ്മാണപദ്ധതികൾ ഇവ ഏർപ്പെടുത്തുകയും, മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുക, നിശാപാഠശാലകൾ, വായനശാലകൾ, ഗ്രന്ഥാലയങ്ങൾ മുതലായവ നടത്തുക രഞ്ജകസമിതികൾ ഏർപ്പെടുത്തി വ്യവഹാരങ്ങൾ ഒത്തുതീർപ്പിൽ അവസാനിപ്പിക്കുക, അടിയന്തിരങ്ങൾ, വസ്ത്രാഭരണങ്ങൾ ആദിയായവയിൽ മിതത്വം പാലിക്കുന്നതിനു് പ്രചോദനം നൽകുക, കലാപരിപാടികൾ, മത്സരങ്ങൾ ആദിയായവനടത്തുക, ബുക്കു്സ്റ്റാളുകൾ നടത്തുക. മഹിളാസമാജങ്ങൾ സംഘടിപ്പിക്കുക എന്നിവയാണു് കോൺഗ്രസ്സിന്റെ പ്രധാന പ്രവർത്തനങ്ങൾ. (വകുപ്പു് 4.)

മേൽവിവരിച്ച ലക്ഷ്യപരിപാടിയും അതതു് പ്രദേശങ്ങളിൽ നടപ്പിൽ വരുത്തുന്നതിനു് ഓരോ ശാഖയും ശ്രമിക്കുകയാണു ശാഖയുടെ കൃത്യം.

ശാഖ ആരംഭിക്കുന്നതിനു്

ഒരു ഇടവകയിലോ, കുരിശുപള്ളി അതിർത്തിയിലോ ഈ കോൺഗ്രസ്സിന്റെ 25 സാമാജികർ ഉള്ള പക്ഷം അവിടെ ഒരു ശാഖസ്ഥാപിച്ചുപവർത്തനം ആരംഭിക്കുന്നതാണു്. അതുകൊണ്ടു് ഒരു ശാഖ ആരംഭിക്കുന്നതിനു മുമ്പു് 25 പേരെയെങ്കിലും അംഗങ്ങളായി ചേർത്തിരിക്കണം. ഇപ്രകാരം അംഗങ്ങളെ ചേർത്തശേഷം അവരുടെ ഒരു പൊതുയോഗം വിളിച്ചുകൂട്ടി, പ്രസിഡന്റു, സിക്രട്ടറി, ഖജാൻജി എന്നിവർ ഉൾപ്പെടെ 7 ൽ കുറയാതെയും 11-ൽ കവിയാതെയും അംഗങ്ങളുള്ള ഒരു ശാഖാകമ്മറ്റിയെ തെരഞ്ഞെടുക്കണം. അനന്തരം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയും, കമ്മറ്റിയുടെയും പ്രതിനിധികളുടെയും തെരഞ്ഞെടുപ്പു റിപ്പോർട്ടും, അംഗങ്ങളുടെ പേരുകളും നിശ്ചിതഫോറങ്ങളിൽ 2 കെ. രജിസ്ട്രേഷൻഫീസുസഹിതം ഹെഡോഫീസിലേക്കു് അയക്കണം. (ഇതിനുമുൻപു് രജിസ്ട്രേഷൻ കഴിഞ്ഞിട്ടുള്ളവയും, ഇപ്പോൾ പ്രവർത്തനരഹിതങ്ങളായി കിടക്കുന്നവയുമായ ശാഖകൾ രജിസ്ട്രേഷൻ ഫീ അടക്കേണ്ടതില്ല) ഇതോടുകൂടി സാമാജികഫീസിൽ ഹെഡോഫീസിലും ത്രൃപതാസംഘത്തിലും അടക്കേണ്ട അംശവും പ്രതിനിധിഫീസും (പ്രതിനിധി ഒന്നിനു് 1 കെ. വീതം) ഒരു കൊല്ലത്തെ ബുള്ളറ്റിൻ വരിസംഖ്യ 2 കെ. യും കൂടി അയച്ചിരിക്കണം.

ആരെയെല്ലാം ചേർക്കാം

ഏതെങ്കിലും ഇടവകയിൽ അംഗമായിരിക്കുകയും 18 വയസ്സു് പൂർത്തിയായിരിക്കുകയും, സഭാസംബന്ധ

മായ ശിക്ഷയ്ക്കു വിധേയനല്ലാതെയിരിക്കുകയും പൊതുവെ സഭയാൽ നിരോധിക്കപ്പെട്ടതോ രൂപതാദ്ധ്യക്ഷനാൽ നിരോധിക്കപ്പെട്ടതോആയ യാതൊരു സംഘടനയിലും അംഗമല്ലാതിരിക്കുകയും ചെയ്യുന്ന ഏതൊരു കത്തോലിക്കനെയും സ്ത്രീപുരുഷഭേദമെന്യേ അംഗമായി ചേക്കാം (വകുപ്പ് 5.)

അന്യഇടവകയുടെ അതിർത്തിയിൽ താമസിക്കുന്നവരെയോ, അന്യശാഖയിൽ അംഗമായിരിക്കുന്നവരെയൊ, ജനറൽ സിക്രട്ടറിയുടെ അനുമതിയോടുകൂടി മാത്രമേ ചേർക്കാൻ പാടുള്ളൂ.

സാമാജികത്വം

അംഗമായി ചേരുന്നവർ നിർദ്ദിഷ്ടഫാറത്തിൽ അപേക്ഷ ഒപ്പിട്ടതരണം. ഈ അപേക്ഷകൾ ശാഖയിൽ ഫയൽ ചെയ്യാൽ മതി. എന്നാൽ അഗങ്ങളുടെ പേരുകൾ നിശ്ചിതഫോറത്തിൽ എഴുതി ഹെഡോഫീസിലേക്ക് അയക്കേണ്ടതാണ്.

ഉപകൃത്തുക്കൾ 101 ക. യും, ആയുഷ്ക്കാലസാമാജികർ 11 ക. യും ഒന്നായി അടയ്ക്കണം. സാധാരണ സാമാജികർ ആണ്ടുതോറു 50 ന:പ. വീതവും അടയ്ക്കണം. ഉപകൃത്തുക്കളും, ആയുഷ്ക്കാല സാമാജികരും ആജീവനാന്തം അംഗങ്ങളായിരിക്കുന്നതും സാമാജികഫീസായി മേലിൽ യാതൊരു സംഖ്യയും അടയ്ക്കേണ്ടതില്ലാത്തതുമാകുന്നു. സാധാരണ സാമാജികരുടെ അംഗത്വം ജനുവരി 1 മുതൽ ഡിസംബർ 31 വരെ മാത്രമേ പ്രാബല്യത്തിൽ ഇരിക്കുകയുള്ളൂ. ഒരാളിനു് ഒരേ സമയം ഒന്നിലധികം ശാഖകളിൽ അംഗമായിരിക്കുവാൻ പാടില്ല.

ഉപകൃത്തുക്കൾ ആജീവനാന്തം കോൺഗ്രസ്സ് പ്രതിനിധിസഭയിൽ അംഗങ്ങളായിരിക്കും. കോൺഗ്രസ്സിന്റെ എല്ലാ അംഗങ്ങൾക്കും അവർ ഉൾപ്പെടുന്ന ശാഖയുടെ എല്ലാ പൊതുയോഗങ്ങളിലും സംബന്ധിക്കുകയും വോട്ടുചെയ്യുകയും ചെയ്യാം. കോൺഗ്രസ്സിലെ രൂപതാസംഘത്തിന്റെയും, (ശാഖയുടെയും ഉൾപ്പടെ) ഏതു സ്ഥാനത്തേക്കും തെരഞ്ഞെടുക്കപ്പെടുന്നതിനും അവകാശമുണ്ടായിരിക്കും.

ശാഖയും കോൺഗ്രസ്സും

ഓരോ ശാഖയുടെയും പ്രസിഡൻറും, സിക്രട്ടറിയും കോൺഗ്രസ്സ് പ്രതിനിധിസഭയിൽ അംഗങ്ങളായിരിക്കുന്നതാണു്. എന്നാൽ 50-ൽ കുറവു് അംഗങ്ങളുള്ള ശാഖകളുടെ പ്രസിഡൻറുമാരും, സിക്രട്ടറിമാരും പ്രതിനിധിഫീസ് അടയ്ക്കേണ്ടതാണു്. കൂടാതെയും ഓരോ ശാഖയും അതിലെ ആയുഷ്ക്കാലസാമാജികരുടേയും സാധാരണ സാമാജികരുടെയും മൊത്തം സംഖ്യയുടെ 25 നു് ഒന്നു് എന്ന ക്രമത്തിൽ പ്രതിനിധികളെ തെരഞ്ഞെടുത്തു് അയക്കാം. ഉപകൃത്തുക്കൾ ഒഴികെയുള്ള പ്രതിനിധികൾ ആണ്ടുതോറും ഓരോ ക. വീതം പ്രതിനിധി ഫീ കേന്ദ്രത്തിൽ അടയ്ക്കണം. ഓരോ ശാഖയും എ. കെ. സി. സി. ബ്യൂറോയുടെ വരിക്കാരായിരിക്കേണ്ടതും വരിസംഖ്യ മുമ്പേ അടയ്ക്കേണ്ടതുമാകുന്നു. ഈ വക സംഖ്യകൾ അടച്ചിട്ടില്ലാത്ത ശാഖകൾക്കും പ്രതിനിധികൾക്കും ആയതു് അടയ്ക്കുന്നതുവരെ അവകാശങ്ങൾ നഷ്ടപ്പെടുന്നതാണു്.

വൈദികോപദേഷ്ടാവു്

ഓരോ ശാഖയിലെയും ഭൂരിപക്ഷം അംഗങ്ങൾ ഉൾപ്പെടുന്ന ഇടവകയുടെയൊ, കുരിശുപള്ളിയുടെയൊ യഥാക്രമം വികാരിയൊ, അസിസ്റ്റന്റൊ, അദ്ദേഹം നിയോഗിക്കുന്ന മറേതെങ്കിലും വൈദികനൊ ആശാഖയുടെ വൈദികോപദേഷ്ടാവായിരിക്കും. അദ്ദേഹത്തിനു് ശാഖയുടെ എല്ലാ യോഗങ്ങളിലും ഒരു നിരീക്ഷകൻ എന്ന നിലയിൽ സംബന്ധിക്കാം. അവയിൽ ചർച്ചചെയ്യുന്ന വിഷയം സഭയുടെ തത്വങ്ങൾക്കൊ, പ്രബോധനങ്ങൾക്കൊ, സാന്മാർഗ്ഗികമൂല്യങ്ങൾക്കൊ വിരുദ്ധമൊ, സഭാഭരണത്തിൽ കൈകടത്തുന്നതൊ ആണെന്നു് തോന്നുന്നപക്ഷം അക്കാര്യം യോഗാദ്ധ്യക്ഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും വേണ്ടിവന്നാൽ രൂപതാദ്ധ്യക്ഷനു് റിപ്പോർട്ടു ചെയ്യുന്നതിനും അധികാരം ഉണ്ടായിരിക്കും. ശാഖാപൊതുയോഗമൊ കമ്മറ്റിയൊ യുക്തമെന്നു തോന്നുന്ന അവസരങ്ങളിൽ വിളിച്ചുകൂട്ടുവാൻ ആവശ്യപ്പെടുന്നതിനും വേണ്ടിവന്നാൽ വിളിച്ചുകൂട്ടുന്നതിനും ശാഖയുടെ അഭിവൃദ്ധിക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും, യുക്തമെന്നുതോന്നുന്ന അവസരങ്ങളിൽ ശാഖയുടെറിക്കാർഡുകളോകണക്കുകളോ പരിശോധിക്കുന്നതി

വസ്ത്രങ്ങൾക്കു്
ശ്രീമാട്ടി

നീണ്ടകഥ

അല്ലിറാണി

(കോതനല്ലൂർ ജോസഫ്)

I

കാത്തിരുന്ന വസന്തം വന്നുദിച്ചു

പണ്ട് 'കുസുമപുരം' എന്നൊരു രാജ്യമുണ്ടായിരുന്നു. ഒരുകാലത്തു ആ രാജ്യം ഭരിച്ചിരുന്നതു്, ജനക്ഷേമതല്പരനും, ദൈവഭക്തനുമായ 'ലയിനാർഡ്" എന്ന മഹാരാജാവാണു്. അദ്ദേഹത്തിന്റെ പട്ടമഹിഷി-"മേരിലയിനാർഡ്" സൗന്ദര്യനിധിയും, ഗുണവതിയുമായ ഒരു സ്ത്രീരത്നമായിരുന്നു. ആത്മശുദ്ധിയും, ദീനദയാനുകമ്പയും തികഞ്ഞ രാജ്ഞി രാജ്യത്തിന്റെ ഒരു പൊൻവിളക്കായി ശോഭിച്ചു. വളരെക്കാലം കാത്തിരുന്നിട്ടും ആ രാജദമ്പതിമാർക്കു് ഒരു സന്താനമുണ്ടായിക്കാണുവാൻ ഭാഗ്യം ലഭിച്ചില്ല. ദു:ഖിതരായ അവർ ഓരോ പുണ്യസ്ഥലങ്ങൾ സന്ദർശിച്ചു് ഈശ്വരാരാധന നടത്തിയും, വ്രതം, ദാനം മുതലായവ അനുഷ്ഠിച്ചും വളരെക്കാലം തള്ളിവിട്ടു.

പലതവണ കൊട്ടാരാങ്കണത്തിലെ തേന്മാവുകൾ തളിരണിഞ്ഞു; പൂങ്കുയിലുകൾ അവയിലിരുന്നു, തെളിഞ്ഞ നാദത്തിൽ വസന്തത്തെപ്പാടിവിളിച്ചു്. മരമന്ദപുഞ്ചിരിയുകളെ അലങ്കരിച്ചുകൊണ്ടു വസന്തദേവതയുത്തമാടി. പിച്ചിയും മുല്ലയും കൊട്ടാരത്തിന്റെ അഴകുവളർത്തി പുഞ്ചിരിച്ചു. എങ്കിലും പള്ളിയറയുള്ളിൽ മാത്രം വസന്തം കാലുകുത്തിയില്ല; ഒരു നവകുസുമം അതിൽ വിരിഞ്ഞു കണ്ടില്ല.

സന്താപഭരിതനായ രാജാവു പുരോഹിതന്മാരുമായി ആലോചിച്ചു്, ആ രാജ്യത്തെ പൈതങ്ങൾക്കും അവരുടെ തള്ളമാക്കും ഒരു ദിവസത്തേ വിരുന്നു സൽക്കാരം നടത്തുവാൻ നിശ്ചയിച്ചു. അതിന്റെ നിർവഹണാർത്ഥം രാജ്യത്തിന്റെ നാനാഭാഗത്തും ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചു. അന്നേ ദിവസം പ്രഭാതത്തിനു് മഹാരാജാവും രാജ്ഞിയും ദേവാലയത്തിൽ എഴുന്നള്ളി ദിവ്യബലിയിൽ പങ്കുകൊള്ളുകയും അഭീഷ്ടസിദ്ധിക്കായി ഉള്ളുഴിഞ്ഞു പ്രാർത്ഥിക്കുകയും ചെയ്തു. അന്നു കൊട്ടാരത്തിൽ ആയിരം പൈതങ്ങളെയും മാതാക്കളേയും ക്ഷണിച്ചുവരുത്തി അവക്കു തൃക്കൈകൾകൊണ്ടുതന്നെ അന്നദാനം നിർവഹിച്ചു. അതിനുശേഷമാണു തിരുമേനിമാർ അമൃതേത്തിനിരുന്നതു്.

അന്നു വൈകുന്നേരം, തപോധനനായ ഒരു വൈദീകൻ ആ രാജകൊട്ടാരത്തിൽ സമാഗതനായി. മഹാരാജാവു പത്നീസമേതനായെഴുന്നള്ളി അദ്ദേഹത്തേ എതിരേറ്റുപചരിച്ചുകൊണ്ടറിയിച്ചു. "പുണ്യശ്രേഷ്ഠ! അങ്ങേയുടെ സമാഗമംകൊണ്ടു ഞങ്ങൾ അതീവധന്യരായിത്തീർന്നിരിക്കുന്നു. ഞങ്ങളെ അനുഗ്രഹിക്കുന്നതിനായി എഴുന്നള്ളിയ നിത്തിരുവടിക്കു നമസ്കാരം!"

"അഭിവന്ദ്യദമ്പതിമാരേ! സന്തോഷിക്കുവിൻ" വൈദീകൻ പ്രസന്നവദനനായിട്ടുടൻ "ഞാൻ ഒരു സന്തോഷവാർത്ത അറിയിക്കുവാനാണു് വന്നിരിക്കുന്നതു്. എനിക്കു് ഇന്നൊരു ദർശനമുണ്ടായി. ആകാശത്തിൽനിന്നും അനേകം പൈതങ്ങൾ താണിറങ്ങി, ഈ രാജ്യത്തു് എല്ലായിടത്തും പൂമഴവർഷിച്ചു. തദവസരത്തിൽ ഒരു പുഷ്പം എന്റെ കൈയിൽ പതിക്കുകയു

നും ശാഖയുടെ പ്രവർത്തനത്തിലൊ, ധനവിനിയോഗത്തിലൊ ഏതെങ്കിലും തകരാർ ഉണ്ടെന്നു കണ്ടാൽ വിവരം ശ്രുതാസംഘം പ്രസിഡൻറിനേയൊ, കോൺഗ്രസ്സ് പ്രസിഡൻറിനെയൊ ധരിപ്പിക്കുന്നതിനും വൈദീകോപദേഷ്ടാവിനു് അധികാരമുണ്ടായിരിക്കുന്നതാണു്. ശാഖയുടെതെരഞ്ഞെടുപ്പുയോഗങ്ങളിൽ അദ്ദേഹമോ, അദ്ദേഹംപകരം നിയമിക്കുന്ന മറ്റാരെങ്കിലുമോ അദ്ധ്യക്ഷനായിരിക്കും.

കേന്ദ്രത്തിൽ അടക്കേണ്ട സംഖ്യകളുടെ ഇനവിവരം

ശാഖയുടെ രജിസ്ട്രേഷൻ ഫീ 2ക.
പ്രതിനിധിഫീസ് 1ക. വീതം
ഉപകൃത്തുക്കൾ, ആയുഷ്ക്കാല സാമാജികർ ഇവരുടെ സർട്ടിഫിക്കറ്റ് ഫീസ് 1ക. വീതം.
ഉപകൃത്തു ഒന്നിനു് (സംഘടനാഫണ്ടു് ഉൾപ്പടെ) 37ക. 50ന:പ. വീതം.
ആയുഷ്ക്കാലസാമാജികൻ ഒന്നിനു് (സംഘടനാഫണ്ടുൾപ്പടെ) 3ക. 75ന:പ. വീതം.
സാ: സാമാജികൻ ഒന്നിനു് (സംഘടനാഫണ്ടുൾപ്പടെ) 18¾ന:പ. വീതം.

ശ്രുതാസംഘത്തിന്റെ വിഹിതം

ഉപകൃത്തു് ഒന്നിനു് 25ക.
ആയുഷ്ക്കാലസാമാജികൻ ഒന്നിനു് 2ക. 50ന:പ.
സാ: സാമാജികൻ ഒന്നിനു് 12½ന:പ.

ശാഖ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയും മറ്റും "ജനറൽ സിക്രട്ടറി, അഖിലകേരളകത്തോലിക്കാകോൺഗ്രസ്സ് ഹെഡോഫീസ്, കോട്ടയം" എന്ന മേൽവിലാസത്തിലും, പണം ഖജാൻജി അ. കേ. ക. കോ. ഹെഡോഫീസ്, കോട്ടയം എന്ന മേൽവിലാസത്തിലും അയക്കേണ്ടതാണു്.

ണ്ടായി. അതു ഞാൻ നിങ്ങളുടെ സന്നിധിയിൽകൊണ്ടു വന്നിരിക്കുകയാണു്''

അനന്തരം ആ ദിവ്യത്മാവു് ഒരു പൊൻപേടകം തുറന്നു് ആ കുസുമം പുറത്തെടുത്തു. അദ്ദേഹം അത്ഭുതപരതന്ത്രനായി അതിൽ നോക്കിക്കൊണ്ടു് വീണ്ടുമറിയിച്ചു. അഹോ! ഈ പ്രസൂനം ഇപ്പോൾ മധു നിറഞ്ഞു പ്രകാശിക്കുന്നല്ലോ. ആദ്യം ഇതിൽ മധുകണമൊന്നും ഞാൻ കണ്ടില്ല ദൈവമേ! അവിടുത്തെ കൃപാതിരേകം അത്ഭുതകരം തന്നെ. വന്ധ്യജായാപതികളെ! ഈ മലരിലെ ദിവ്യനിക്ഷേപം ദൈവം നിങ്ങൾക്കായി ഒരുക്കിയതാണു്. നിങ്ങളുടെ പ്രാർത്ഥന സ്വർഗ്ഗത്തോളമെത്തിയിരിക്കുന്നു. നിങ്ങൾ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരാണു്

നേരിട്ടു കാണുന്ന അത്ഭുതസംഭവങ്ങളിൽ ലീനരായി, സാഷ്ടാംഗപ്രണാമംചെയ്തുകൊണ്ടു ദൈവത്തെ സ്തുതിച്ചശേഷംമുട്ടിന്മേൽ നിൽക്കുന്ന രാജാവിനും രാജ്ഞിക്കുമായിആ ദിവ്യ സുധ അദ്ദേഹം പകുത്തുകൊടുത്തു. അത്ഭുതം! തൽക്ഷണം തന്നെ ആ പൂവു് അദൃശ്യമായിത്തീർന്നു.

മാസങ്ങൾ ഏതാനും കഴിഞ്ഞു. രാജ്ഞിയിൽ ഗർഭലക്ഷണങ്ങൾ കണ്ടുതുടങ്ങി. വേനലേറ്റു വരണ്ടുകരിഞ്ഞ ഭൂമിയിൽ വർഷപാതം പോലെ, രാജഹൃദയത്തിൽ ഈ കാഴ്ച പുളകമങ്കുരിപ്പിച്ചു. പ്രസന്നവദനയായ രാജ്ഞി സൽക്കർമ്മനിരതയായി ദിനങ്ങൾ കഴിച്ചുകൂട്ടി.

ഗർഭണിയായ രാജവധുവിനു നാട്ടുകാണുവാൻ പോകുന്നതിൽ ആഗ്രഹം തോന്നി. വിവരമറിഞ്ഞ മഹാരാജാവു്, ആയതിലേക്കു വേണ്ട ഒരുക്കങ്ങൾ ചെയ്വാൻ ഭൃത്യജനങ്ങൾക്കു് ആജ്ഞ കൊടുത്തു. അലങ്കരിച്ച പൊന്നംതേരിൽ എഴുന്നള്ളിയ തിരുമേനിമാരെ, രാജഭക്തരായ പ്രജാസഞ്ചയം ഓരോ പ്രധാന സ്ഥാനങ്ങളിലും യഥായോഗ്യം എതിരേറ്റു, ജയഘോഷത്തോടുകൂടി അഭിവാദ്യം ചെയ്തു; രാജകുടുംബത്തിനു മംഗളമാശംസിച്ചു. പ്രജാവത്സരായ മഹാരാജാവും രാജ്ഞിയും ഓരോ സ്ഥലത്തും ജനസമൂഹത്തിന്റെ മുമ്പിൽ സ്വർണ്ണനാണയങ്ങളും വെള്ളിനാണയങ്ങളും വിതരിക്കൊണ്ടാണു് സഞ്ചരിച്ചിരുന്നതു്. ജനങ്ങളുടെ അഭിവാദനങ്ങൾക്കു തിരുമേനിമാർ, തൊഴുകൈയോടുകൂടി നന്ദി പ്രകടിപ്പിക്കാതിരുന്നില്ല മാധ്യമധ്യത്തിലുള്ള ദേവാലയങ്ങളിലും, പുണ്യസ്ഥലങ്ങളിലും കാണിക്കയർപ്പിച്ചും പ്രാർത്ഥനകൾ നടത്തിയും, രാജകീയമന്ദിരങ്ങളിൽ വിശ്രമിച്ചും നടത്തിയ രാജ്യവ്യാപകമായ പര്യടന പരിപാടി അവസാനിക്കുന്നതിനു ഏതാനും ദിവസങ്ങൾ വേണ്ടിവന്നു.

പൂർണ്ണഗർഭയായരാജ്ഞി ചന്ദ്രികയൊഴുകിപ്പരന്നു പ്രകാശിച്ചുകൊണ്ടിരുന്ന ഒരു മനോഹര രാത്രിയിൽ, ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. ആ ഓമന തങ്കക്കുടമാണു 'അല്ലിറാണി'

രാജശിശുവിന്റെ ജനനമഹോത്സവത്തിൽ ദേവാലങ്ങൾതോറും മണിനാദം മുഴങ്ങി. പുരോഹിതവർഗ്ഗം പൂജാതികർമ്മങ്ങൾ അനുഷ്ഠിച്ചു. പണ്ഡിതസദസ്സുകൾ വിജയാശംസകൾ നേർന്നു പുരസുന്ദരികൾ മംഗളസംഗീതങ്ങളുതിർത്തു. കന്യകാസഞ്ചയം നിത്തമാടി വൃദ്ധജനങ്ങൾ സഭാഗൃഹത്തിലിരുന്നു ജാതമായ രാജശിശുവിന്റെ ആയുരാരോഗ്യ മംഗളങ്ങൾക്കായി പ്രാർത്ഥിക്കുകയും വിശുദ്ധഗ്രന്ഥങ്ങൾ പാരായണം ചെയ്കയുണ്ടായി. യുവജനങ്ങൾ കൂട്ടുചേർന്നു് നടത്തിയ വിവിധവിനോദപ്രകടനകോലാഹലങ്ങൾ രാജ്യത്തെ മുഖരിതമാക്കി. കവികൾ പരന്നു, കായികമത്സരങ്ങൾ കേളിയാടി. അന്നു പ്രഭാതത്തിൽ, രാജ്യത്തിലുടനീളം ആനന്ദമാറാടി.

ഏഴാം ദിവസം ശിശുവിന്റെ ജാതകർമ്മം നിർവഹിക്കപ്പെട്ടു. അന്നു മഹാരാജാവു് പുരോഹിതന്മാർക്കു വിലയേറിയ പട്ടവസ്ത്രങ്ങൾ ദാനം ചെയ്തു. ഉദ്യോഗസ്ഥന്മാർക്കും പണ്ഡിതജനത്തിനും പണക്കിഴി സമ്മാനിച്ചു. സാധുജനങ്ങൾക്കു മൃഷ്ടാന്ന ഭോജനം കൊടുത്തു. ശിശു കുലങ്ങൾക്കു മധുരപലഹാരം വിളമ്പി.

അല്ലിയുടെ പിറവിയോടുകൂടി സ്വരാജ്യം വസന്തമണിഞ്ഞ മലർക്കാവുപോലെ ആഹ്ലാദജനകമായിത്തീർന്നു. അത്ഭുതപൂർവ്വമായ ഐശ്വര്യം എങ്ങും നിറഞ്ഞുതുളുമ്പുകയായി. മാകന്ദാദിഫലവൃക്ഷങ്ങൾ അമിത ഫലഭാരത്താൽ തലകുനിച്ചു. കറവപ്പശുക്കൾ ക്രമാധികം പാൽ ചുരത്തിത്തുടങ്ങി. കൃഷിഭൂമികൾ കൂടുതൽ വിളവു പുറപ്പെടുവിക്കുവാനാരംഭിച്ചു. ക്ഷുദ്രജീവികളിൽ നിന്നുമുള്ള ഉപദ്രവം നിലച്ചു. സുഖപ്രദമായകാലാവസ്ഥവെളിച്ചംവീശി. കർഷകൻ തെളിഞ്ഞു; വാണിഭം വളർന്നു; തൊഴിലുകൾ ഉയർന്നു, അങ്ങിനെ മംഗളം നിത്യമഹാമഹം കൊണ്ടാടുവാൻ വന്നെത്തി.

സൗഭാഗ്യനിധിയായ രാജ ശിശു പിതാവിന്റെ ഉടഞ്ഞെടുത്ത ജീവനെന്നവണ്ണം വളർന്നുവന്നു. ആ ഓമന കണ്ണിലുണ്ണിയേപ്പിരിഞ്ഞു ക്ഷണനേരംപോലും ജീവിക്കുക രാജാവിനു സാദ്ധ്യമായിരുന്നില്ല. ഓരോ നിമിഷവും, അരയന്നപൈതൽ ഒരു താമരയിലയിൽ നിന്നും മറെറാന്നിലേക്കു് എന്നപോലെ അല്ലിറാണി പിതാക്കളുടെയും ധാത്രികളുടെയും കൈകളിൽ മാറിമാറി വാണു വിളയാടി. മറക്കാനാവാത്ത നിമിഷങ്ങൾ-പൂത്തുനിൽക്കുന്ന ആനന്ദപ്പൊലിവിന്റെ വേലിയേറ്റങ്ങൾ, അനുദിനം കൊട്ടാരത്തിൽ മഹോത്സവമാടാൻ തുടങ്ങി. മണിക്കുഞ്ഞിന്റെ മധുരംപുരണ്ട മന്ദഹാസം, മതിമയക്കുന്ന കിളിക്കൊഞ്ചൽ, പുതിയലോകത്തിന്റെ ഭംഗിനുകരുന്ന മുദ്രനയനങ്ങൾ, തളിരിടഞ്ഞതനുവല്ലരി, ഒരോട്ടം, ഒരു ചാട്ടം, ഒരു ചുബനം, ഒരു കെട്ടിപ്പിടിക്കൽ, ഒരു തത്തിക്കളിക്കൽ! പിതാക്കൾക്കു സ്വർഗ്ഗ സുഖം പകർന്നു കൊടുക്കാൻ, വരുന്നവരാണു സന്താനങ്ങൾ എന്നു പറയുന്നതിൽ എന്താണു് അതിശയോക്തി.

റാണിയുടെ നാലാം പിറന്നാളായി. അന്നുമുതൽ മഹാരാജാവു് ഒരു നിത്യകർമ്മംകൂടി ആരംഭിച്ചു. പൊന്നുമകളോടുകൂടിയുള്ള സായാഹ്നയാത്ര. ശബ്ദഹീനമായ ഒരു മോട്ടോർകാർ മാതാപിതാക്കളും പുന്നാരമോളും ഡ്രൈവറും യാത്രക്കാർ! ആ യാത്രവേളയിലാണു റാണിമോൾക്കു് പൂവും പൂമ്പാറ്റയും, തത്തയും താറാവും, കാക്കയും പരുന്തും, പ്രാവും കുയിലും, മാനും മരക്കുട്ടവും, അണ്ണാനും കണ്ണിമാങ്ങയും, പുഴയും പുൽപ്പരത്തും എല്ലാം സുപരിചിതമായതു്. അനുദിനയാത്രവേളകളിൽ, വിവിധ വേഷത്തിലും, പ്രായത്തിലും ഉ

ള്ള ബാലികാബാലന്മാർ, ഊയലാടിയും, മാമ്പഴക്കാറിനെ മാടിവിളിച്ചും, പന്തുകളിച്ചും, പാടിവിളിച്ചും കഴലൂതിയും ഗാനമുതിർത്തും മറും റാണിയെ അങ്ങോട്ടങ്ങോട്ട് ആകർഷിച്ചു. മേഞ്ഞുനടക്കുന്ന ആട്ടമാട്ടകളും, അവയുടെ കൂത്താട്ടുന്ന കുട്ടികളും, പൂത്തുലഞ്ഞ വല്ലികാസഞ്ചയവുംപച്ചിലക്കാട്ടുകളും വിളനെൽപ്പാടങ്ങളും പുഞ്ചിരിച്ചൊഴുകുന്ന ചീറ്റാറുകളും പച്ചവിരിപ്പണിഞ്ഞ പുൽത്തകിടികളും, മറ്റും ആ പിഞ്ഞുഹൃദയത്തിൽ ആനന്ദത്തിന്റെ അലകളിളക്കി.

അല്ലിക്കു് ആടേണ്ടേ, പാടേണ്ടേ പന്തുകളിക്കേണ്ടേ. പമ്പരം കറക്കേണ്ടേ നാലുതോഴിമാരെ അതിനെല്ലാമായി അവൾക്കു പിതാക്കൾ തെരഞ്ഞെടുത്തുകൊടുത്തു. ആലിയും ലില്ലിയും, സാലിയും, ആലീസുമായിരുന്ന ആ പിരിയാത്ത ഇഷ്ടതോഴിമാർ. മുലകുടി പ്രായത്തിനുശേഷം കൊട്ടാരത്തിൽ തന്നെയാണു് അവർ വളർന്നുവന്നതു് അവിടെ സുഖമല്ലേ? പരമാനന്ദസുഖമല്ലേ? പിന്നെ അവരുടെ അമ്മമാക്കു് അവരെപ്പറ്റി ദുഃഖിക്കേണ്ട ആവശ്യമില്ലല്ലോ.

തെക്കുവടക്കായി, നെടുകെ നിരന്ന നിലകൊള്ളുന്ന മൂന്നുമണിമന്ദിരങ്ങളിൽ മദ്ധ്യത്തിലുള്ളതു് അല്ലിയുടെ അമ്മ "മേരിലയിനാർഡ്" രാജ്ഞിയുടെ അന്തഃപുരമായിരുന്നു. ആമുറികളുടെ മൂന്നാം നിലയിലുള്ള വിശാലമുറികളിൽ ഒന്നു മഹാരാജ്ഞി സ്വന്തം പ്രാർത്ഥനാരംഗമായി ഉപയോഗിച്ചുപോന്നു. അതിന്റെ ഉള്ളിലെ ഒരു കൂറ്റിയ ഭിത്തിയുടെ മധ്യത്തിലായി ശ്രീയേശുവിന്റെ ഒരു കളർചിത്രം മാലാദ്യലങ്കാരങ്ങൾകൊണ്ടു മോടിപിടിപ്പിച്ചു്, തിരുമുമ്പിൽ നിത്യവും കെടാവിളക്കു കത്തിച്ചിരുന്നു. വർണ്ണശമ്പളമായ തൂലികാചിത്രങ്ങൾ ഒളിപരത്തുന്ന ഭിത്തികളോടുകൂടിയ ആ മുറി: ദൈവഭക്തയായ രാജ്ഞിയുടെ ഹൃദയപ്രതിച്ഛായപോലെ അനവദ്യ സുന്ദരമായി പ്രശോഭിച്ചു.

അമ്മരാജ്ഞിയുടെ അനുദിന ജീവിതത്തിൽ സ്വാർത്ഥീയചിന്തകൾ സദാ കതിരിട്ടു നിന്നു. ആ ഹൃദയം ഭക്തിയുടെ ദന്തനിർമ്മലമായ ഉറവിടമായിരുന്നു. ഹ്രസ്വനിദ്ര പാലിച്ചുപോന്ന ആ സ്ത്രീരത്നം, രാത്രിയുടെ മദ്ധ്യയാമം മാത്രം ശയ്യാവലംബിയായി കഴിച്ചുകൂട്ടി. പ്രിയ ഭർത്താവും പൊന്നോമനയും രാത്രിയിൽ ഉറക്കം കൊള്ളുന്ന മറ്റു സമയങ്ങളിൽ, അവരുടെയും, രാജ്യവാസികളുടെയും മംഗളങ്ങൾക്കുവേണ്ടി അവിടുന്നു പ്രാർത്ഥിക്കുകയായിരുന്നു പതിവു്. പൂങ്കോഴികളെ! നിങ്ങൾ ഈ പരമാർത്ഥം അറിഞ്ഞിരുന്നുവോ?

എന്നും വെളുപ്പാൻ കാലത്തു് ഉണരുന്ന പൊന്നോമനയെ എടുത്തുകൊണ്ടു രാജ്ഞി പ്രാർത്ഥനാലയത്തിൽ സ്വർഗ്ഗനാഥന്റെ തിരുമുമ്പിലെത്തും. ഓമനക്കുഞ്ഞിനെ മാറത്തുചേർത്തുപിടിച്ചുകൊണ്ടു് ആ മാതാവു മുട്ടിൽനിന്നും. അഞ്ചുജലി നേരുന്ന മകളെ, ചൂണ്ടുകൈയിൽ ആകർഷിച്ചുകൊണ്ടു പറയും: "അല്ലീ! ഈശോ വിളിക്കുന്നു. ഏറ്റവും സ്നേഹത്തോടുകൂടി വിളിക്കുന്നു. പിതാവുവിളിച്ചപ്പോൾ, അദ്ദേഹത്തെ പരിചയപ്പെടുത്തിയ അമ്മയായ ഞാൻ, സ്വർഗ്ഗനാഥനേയും നിനക്കു കാണിച്ചുതരേണ്ടവളാണു്. നാഥൻ നിന്നെനോക്കിച്ചിരിക്കുന്നതു കണ്ടോ? ഈ പിഞ്ചുകരൾത്തുടിപ്പുകൾ ദിവ്യനാഥന്റെ നാമകീർത്തനം പാടുകയാണോ?

ആ ജീവമന്ത്രാക്ഷരാവർത്തനങ്ങൾക്കുവേണ്ടി, തങ്കക്കുടത്തിനു ഞാൻ നെടുമംഗല്യമാശംസിക്കുന്നു. കാമനേ! ആ പരമനായകനെ വിളിക്കൂ, നമിക്കൂ, ആ അമ്മയുടെ ഹൃദയത്തിലമൃതംപകർന്നുകൊണ്ടു കുഞ്ഞുമകൾ കിളിമൊഴികളുതിർക്കുകയായി "ഈശോ"

നാലുവയസുമാത്രം പ്രായമുള്ള മകളെ പ്രാർത്ഥനക്കുവേണ്ടി അമ്മയധികനേരം അലട്ടിയില്ല. പ്രായാനുസരണം അവളെ ഓരോന്നും പഠിപ്പിക്കുവാൻ കഴിവുണ്ടാകുമെന്നു് ആ നല്ല മാതാവിനറിയാമായിരുന്നു. പതിവായി, രാജ്ഞി പ്രാർത്ഥന നിറുത്തി വാതിലുകളടച്ചും. അച്ഛൻ, മകളെ വാങ്ങി ഓമനിക്കാൻ അവിടെ കാത്തുനില്ക്കുന്നുണ്ടാവും. പിതാവിന്റെ കൈകളിലേക്കു കുതിച്ചുണയുന്ന പൊന്നുമകളുടെ പൂങ്കവിളിൽ സ്നേഹമുദ്ര പൊഴിച്ചുകൊണ്ടു് അമ്മ പിരിഞ്ഞുപോകും. അനന്തരം കോണിപ്പടിയിലൂടിറങ്ങി, കൊട്ടാരമുറ്റത്തെത്തുന്ന രാജ്ഞി, നേരേ പൂങ്കാവിലേക്കാണു് നടകൊള്ളുക. അവിടെനിന്നും പരിമള കുസുമങ്ങൾ പറിച്ചെടുത്തുകനകത്തളികയിലാക്കി യേശുവിനു കാഴ്ചവ

TELEPHONE: 2476
RES: 3478

TELEGRAMS: "SINDICS"

SINDIA ELECTRICS

ELECTRICAL DEALERS & CONTRACTORS

K. K. Road, KOTTAYAM—1

KERALA STATE

ച്ച ദണ്ഡനമസ്കാരം ചെയ്യും. അഗ്നിയിൽ സാമ്പ്രാണി, കുന്തുരുക്കം തുടങ്ങിയ സുഗന്ധവസ്തുക്കൾ വാരിവിതറും. അപ്പോൾ ആ മുറിയിലും പരിസരങ്ങളിലും സ്വർഗ്ഗീയ മോഹന ഗന്ധം ചിറകുവിരിക്കും. ധ്യാനനിരതയായി അമ്മരാജ്ഞി ഒന്നരണ്ടുമണിക്കൂർ നേരം അവിടെ കഴിച്ചുകൂട്ടും, ദിവ്യനാഥനുമായുള്ള വേഴ്ചയിലെ ആനന്ദവും അനുഭവിച്ചുകൊണ്ട്.

ഏതാനും സുപ്രധാനചിന്തകൾ ആ സമയത്തിൽ ആ നിർമ്മല ഹൃദയത്തിൽ പൊന്തിവരും 'യേശുവിനു കാഴ്ചവയ്ക്കുന്നതിനു ഒരു വിശിഷ്ടകുസുമമായി ഓമനക്കുഞ്ഞു തീരണം. അവളുടെ ഹൃദയത്തിൽ ദൈവചിന്തയാകുന്ന വെളിച്ചം കെടാതെ പരിലസിക്കണം. അനുദിനവളർച്ചയ്ക്കൊപ്പം മകളുടെ ആത്മാവും പുണ്യപുഷ്ക്കലമാകണം. അവളുടെ കൗമാരംവരെയെങ്കിലും താൻ ജീവിച്ചിരിക്കണം, അവളെ നല്ലവളായി വളർത്തുവാൻ ഭാഗ്യം ലഭിക്കണം.''

ദിവ്യനാഥനോടു് അകലാതുള്ള ജീവിതത്തിലാണു് രാജ്ഞി ഹൃദയാനന്ദം കണ്ടുമുട്ടിയതു് അതിനാൽ ലോകസുഖങ്ങളെ മാനിക്കുവാൻ ആ മഹതി ഒരുമ്പെട്ടില്ല. ആ വധൂരത്നം സ്വയംപറയും ''ദൈവത്തിന്റെ കാരുണ്യം അചിന്ത്യം ഒരു പൊട്ട പെണ്ണായ എന്നെ അവിടുന്നു് ഒരു രാജ്ഞിയാക്കി ഉയർത്തി. സർവ്വ സുഖങ്ങളും എന്നെ; ഇന്നകമ്പടിസേവിക്കുന്നു. ദൈവമേ! അവിടുത്തെ തിരുനാമം പുകഴ്ത്തപ്പെടട്ടെ.

''സ്ഥാനമഹത്വമേ! സമ്പത്സമൂഹങ്ങളേ! നിങ്ങൾ സ്വർഗ്ഗനാഥനിൽനിന്നും എന്നെ അകറ്റുന്നവയാണെങ്കിൽ, മാറിക്കൊൾവിൻ. ഞാനൊരു ഭിക്ഷക്കാരിയായി ജീവിച്ചുകൊള്ളാം.''

മരണമേ നിന്റെ മുമ്പിൽ ഒരു ദരിദ്രയായി നില്പാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നീ സമാഗമിക്കുന്നതിനു മുമ്പായി, ഞാൻ നേടുകയാണു്, നീ അപഹരിക്കാത്ത സ്വർഗ്ഗീയ ധനം.

തന്മൂലം നിന്നെ എനിക്കു ഭയപ്പെടേണ്ടതില്ല... പ്രാതല്പാൽ ഭക്ഷണം വരെ രാജ്ഞി ഈ നിയമം തുടർന്നുകൊണ്ടിരുന്നു.

x x x x x

എന്നും രാവിലെ അച്ചൻമ്മമാരോടൊത്തു ഭക്ഷണംകഴിച്ചുകൊണ്ടിരിക്കുമ്പോൾ, അല്ലിറാണിക്കു് അമ്മയോടു പലതും സങ്കടം പറയുവാനുണ്ടാകും.- തലേനാൾ കാലത്തു അമ്പിളിമാമൻ അവളെ നോക്കിച്ചിരിച്ചു; അവളങ്ങോട്ടും. അവർ തമ്മിൽ സ്നേഹമായി. മാമനെപ്പിടിച്ചുകൊട്ടുവാൻ അവൾ അച്ചനോടു പറഞ്ഞു. അച്ചൻ അതു ചെയ്തുകൊടുത്തില്ല. പിറേന്നാൾ കാലത്തുനോക്കിയപ്പോൾ മാമനെറ വട്ടം കുറഞ്ഞുപോയി. തനിയെ നിന്നപ്പോൾ മാമനെ പൂച്ച പിടിച്ചുതിന്നതാണു്. അവൾ കൈയിൽ പിടിച്ചിരുന്നെങ്കിൽ പൂച്ചയെ ഓടിച്ചു കളയുകയില്ലായിരുന്നോ?

കൊട്ടാരവളപ്പിലെ തേന്മാവിലിരുന്നുകൊണ്ടു് കുയിൽപാടി. അല്ലിയ്ക്കു അതിന്റെ അടുത്തിരുന്നുപാടുവാൻ കൊതിതോന്നി. എന്നാൽ അവളേയും എടുത്തുകൊണ്ടു് അച്ചൻ മാങ്കൊമ്പിലേയ്ക്കു് പറന്നില്ല.

കുഞ്ഞാറമ്മ (ഭാഷയും കണക്കും പഠിപ്പിക്കുന്ന അദ്ധ്യാപിക) പാവയെക്കുളിപ്പിച്ചപ്പോൾ അതു കരഞ്ഞു. നൊന്തിട്ടല്ലേ? അല്ലി എടുത്തു ചോറു കൊടുത്തപ്പോഴാണു കരച്ചിൽ നിന്നതു്.

പാട്ടിലമ്മ (സംഗീത വിദുഷി) കുറക്കാരിയാണു്. അല്ലിറാണി, തോഴിമാരുംചേർന്നു ചാടിയപ്പോൾ ആ അമ്മ ചാടിയില്ല: ഓടിയപ്പോൾ കൂടെ ഓടിയില്ല, പാടിയപ്പോൾ ചേർന്നു പിടിയില്ല. അതുകൊണ്ടു പെറമ്മ അവളുടെ മുമ്പിൽ ഒന്നു ചാടണം, ഓടണം, പാടണം.. ഇങ്ങനെയെല്ലാം.- - -

എന്നും കൃത്യസമയത്തിനു തോഴിമാർ കളിസ്ഥലത്തു ഒരുങ്ങി നില്ക്കുക പതിവാണു്. പ്രാതൽ കഴിഞ്ഞാലുടൻ അവൾ മറ്റു കാര്യങ്ങളെല്ലാം മറന്നു കൂട്ടുകാരികളുടെ പക്കലേയ്ക്കു് ഓടും. ഓമനമകളുടെ ആശ്രൂഷയ്ക്കുവേണ്ട ചട്ടം കെട്ടുകൾ ചെയ്തുകൊണ്ടു രാജ്ഞിയും മഹാരാജാവും താന്താങ്ങളുടെ പള്ളിയറകളിലേയ്ക്കു് എഴുന്നെള്ളും.

അല്ലിയുടേയും തോഴിമാരുടെയും ബാല്യകാല വിനോദങ്ങൾ, അവരുടെ ഭാവിജീവിതത്തെ ശോഭനമാക്കുന്നവയും, സ്വഭാവ സംസ്കാരം ഉളവാക്കുന്നവയും ആയിരിക്കണമെന്നു് അല്ലിയുടെ പിതാക്കൾക്കു നിർബന്ധമുണ്ടായിരുന്നു. അതിനാൽ ചെറുപ്പം മുതൽക്കുതന്നെ, സാഹിത്യം, സംഗീതം, നൃത്തം, ചിത്രമെഴുത്തു് തുടങ്ങിയ ലളിതകലകളിൽ അഗാധ പാണ്ഡിത്യമുള്ള സ്ത്രീരത്നങ്ങളെയാണു് അവൾക്കു് വളർത്തമ്മമാരായി തെരഞ്ഞെടുത്തിരുന്നതു്. വിനോദവേളകളിൽ ആദ്യമായി അല്ലിക്കും തോഴിമാർക്കും അന്തഃപുരാങ്കണത്തിലെ പൂച്ചെടികളോടു പലതും ചോദിക്കുവാനും പറയുവാനുമു

TELEGRAMS: "Cabinet" PHONE: 3674

FOR

Better Furniture

AT


Better Prices

KURIYANS'

(Estd. 1934)

CHUNGOM, KOTTAYAM-1

Kerala State



വനിതാ പംക്തി

— കത്തോലിക്കാവനിതകളോട് —

സ്ത്രീകൾ വെറും അബലകളല്ലെന്ന് തെളിയിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്ന ഈ കാലയളവിൽ, കേരളത്തിലെ കത്തോലിക്കാവനിതകൾക്ക് സമുദായത്തിനുവേണ്ടി ചെയ്യാവുന്ന നിരവധി സേവനങ്ങളെക്കുറിച്ച് ഗാഢമായി ചിന്തിക്കേണ്ട കാലം സമാഗതമായിരിക്കുന്നു. ഒരു വിദ്യാർത്ഥിനിയോ, ഒരു ഉദ്യോഗസ്ഥയോ, ഒരു ഭാര്യയോ, ഒരു മാതാവോ, ഒരു കുടുംബനാഥയോ ആരുമായിക്കൊള്ളട്ടെ, ഓരോരുത്തരുടെയും പരിധിക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ടുതന്നെ സമുദായത്തിന്റെ സംഘടിതശക്തിക്കും പുരോഗതിക്കുംവേണ്ടി സ്ത്രീകൾക്കു പലതും ചെയ്യുവാൻ കഴിയും. നാം നിർവഹിക്കുന്ന ഏറ്റവും നിസ്സാരമായ സേവനംപോലും, നമുക്കുവേണ്ടിയും, നമ്മുടെ കുടുംബങ്ങൾക്കുവേണ്ടിയും, അങ്ങനെ സമുദായത്തിനുവേണ്ടിയും ചെയ്യുന്ന വിലയേറിയ സേവനമായി പരിണമിക്കുകയും ചെയ്യും.

അതിനാൽ കേരളത്തിലെ മുഴുവൻ കത്തോലിക്കരേയും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സംഘടിത ശക്തിയായി രൂപംപ്രാപിക്കുവാൻ തീവ്രശ്രമം നടത്തിക്കൊണ്ടിരിക്കുന്ന അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിൽ കേരളത്തിലെ എല്ലാ കത്തോലിക്കാവനിതകളും അംഗങ്ങളായി ചേരേണ്ടിയിരിക്കുന്നു. അഭ്യസ്തവിദ്യരായ സ്ത്രീകൾക്ക് ഈ കാര്യത്തിൽ പ്രത്യേകമായ ഒരു ചുമതലയുണ്ട്. അവർ അവരുടെ കഴിവും സ്വാധീനവും പ്രയോഗിച്ച് മറ്റുള്ളവരേയുംകൂടി കത്തോലിക്കാകോൺഗ്രസ്സിലേക്കാനയിക്കേണ്ടിയിരിക്കുന്നു.

വെറും അടുക്കളക്കരികളും അബലകളുമല്ല നമ്മ

ണ്ട്. ഉമ്മകൾ കൊടുക്കുവാനുണ്ട്. അതിനെല്ലാം അടുത്തുനില്ക്കുന്ന വളത്തമ്മ അവരെ സഹായിക്കണം. ‘‘വണ്ടുകളെ മധുരസംഗീതം പഠിപ്പിച്ചതാരാണ്. അവയ്ക്കു കൊട്ടാരങ്ങളും, അച്ചനമ്മമാരും, തോഴിമാരും പൂങ്കാവനങ്ങളും ഉണ്ടോ?’’ വളത്തമ്മ എല്ലാറ്റിനും യോജിച്ച സമാധാനം പറഞ്ഞുകേൾപ്പിക്കും.

ആ ബാലികമാരുടെ അടുത്ത ചങ്ങാതിമാരാണ് അങ്കണപരിസരത്തിൽ നില്ക്കുന്ന തേന്മാവുകൾ. അവയിൽ കുയിലുകളും, കാക്കകളും വിരുന്നിനെത്തും. മാവുകൾ അവയ്ക്കു മാമ്പഴം കൊടുത്തു സൽക്കരിക്കും. കുഞ്ഞിക്കാറുകൾ ഓടിവന്നു പെട്ടിപ്പിടിക്കും. മാവിലകൾ സന്തോഷിച്ചു കൈകൊട്ടും. മാങ്ങകൾ ഊയലാടിക്കളിക്കും. മാമ്പഴങ്ങൾ കുട്ടുകൂടി കളിക്കാൻ താഴേയ്ക്കു ഇറങ്ങും. തമ്മിൽ തമ്മിൽ എന്തു സ്നേഹം! രസം തന്നെ രസം, മാവിൻ ചുവട്ടിലെ മണൽത്തണലണിഞ്ഞ മണൽപ്പരപ്പിൽ അവർ ഇരിക്കും. വളത്തമ്മ നല്ല കഥകൾ പറഞ്ഞു് അവരെ രസിപ്പിക്കും.

അല്ലിയുടെയും കുട്ടുകാരുടെയും അനന്തരവിനോദരംഗം അന്തഃപുരത്തിലെ സംഗീതശാലയാണ്. രണ്ടാം വളത്തമ്മയുടെ നേതൃത്വത്തിൽ ഹാർമ്മോണിയം, ഫിഡിൽ, മൃദംഗം തുടങ്ങിയ ഉപകരണങ്ങൾ ഇണങ്ങിച്ചേർന്നുള്ള മോഹനസംഗീതാലാപം അവിടെ ആരംഭിക്കും. ഇടകലർന്നു് ആടിപ്പാടിത്തളർന്നുകൊണ്ടുള്ള നൃത്തങ്ങളും ഉണ്ടായിരിക്കും.

അവിടെത്തന്നെയാണു പിന്നാലെ, നേത്രം കുളിർക്കുന്ന പലതരം ചായങ്ങളും തൂലികകളും ഉപയോഗിച്ചുള്ള ചിത്രനിർമ്മാണങ്ങളും തുടങ്ങുന്നതു്. ഈ വിധത്തിൽ സംഗീതസാഹിത്യങ്ങളും നൃത്തചിത്രകലകളും ആ ചെറുബാലികാഹൃദയത്തിൽ അനുദിനം ആനന്ദം വിളമ്പിക്കൊണ്ടു കൊട്ടാരത്തിൽ സ്ഥിരവാസമാരംഭിച്ചു

ളെന്നു് കഴിഞ്ഞ വിമോചനസമരം തെളിയിച്ചു കഴിഞ്ഞതാണു്. മർദ്ദനങ്ങളെ ധീരതയോടുകൂടി ചെറുത്തുനിന്ന ആ ശക്തിവിശേഷം ഇന്നും നമ്മെ ആവേശം കൊള്ളിക്കുന്നുണ്ടു്. അത്തരം സംഘടിതശക്തി നമ്മുടെ സമുദായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി-തിരിച്ചുവിട്ടാൽ തീർച്ചയായും അത്ഭുതകരങ്ങളായ ഫലങ്ങൾ ഉളവാക്കുകതന്നെ ചെയ്യും.

കത്തോലിക്കാവനിതകൾക്കായി, അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ ഔദ്യോഗിക പത്രികയായ എ. കെ. സി. സി. ബുള്ളറ്റിനിൽ ഒരു പംക്തിതന്നെ തുറക്കുകയാണു്. നമ്മുടെ സമുദായത്തേയും കുടുംബങ്ങളേയും ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചു് കത്തോലിക്കാവനിതകൾക്കുള്ള അഭിപ്രായങ്ങളാണു് ഈ വനിതാപംക്തിയിൽ പ്രസിദ്ധപ്പെടുത്തുക എന്നു വിശ്വസിക്കുന്നു. ഈ വനിതാപംക്തി പ്രത്യേകിച്ചു് അഭ്യസ്തവിദ്യരായ സ്ത്രീകൾ ശരിക്കു പ്രയോജനപ്പെടുത്തുകതന്നെ ചെയ്യണമെന്നു് ഞാനഭ്യർത്ഥിക്കുന്നു. ഈ വനിതാപംക്തിയിൽ കത്തോലിക്കാവനിതകളുടെ ലേഖനങ്ങളും, ചെറുകഥകളും, കവിതകളും ധാരാളം പ്രത്യക്ഷപ്പെടുമെന്നു വിശ്വസിക്കുന്നു. കലാവാസനയുള്ള യുവതികളെസംബന്ധിച്ചിടത്തോളം, അവരുടെ കഴിവുകൾ വളർത്തിയെടുക്കുവാൻ ഇതൊരു പറ്റിയ സന്ദർഭമാണു്.

മതശാസനങ്ങൾക്കും, നമ്മുടെ നല്ല പാരമ്പര്യങ്ങൾക്കും വിധേയമായി നിന്നുകൊണ്ടു്, നമുക്കും നമ്മുടെ സന്താനങ്ങൾക്കുംവേണ്ടി അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിനെ ശക്തിപ്പെടുത്താം. അതിനായുള്ള എല്ലാ ശ്രമങ്ങൾക്കും, വനിതകളായ നമുക്കെന്തു പിന്തുണ ചെയ്യുവാൻ സാധിക്കുമോ അതു് നമുക്കു ചെയ്യുവാൻ ശ്രമിക്കുകയും. നമ്മളും ഈ കാലഘട്ടത്തിനനുസരിച്ചു് ഉണരുകതന്നെ വേണം. എ.കെ.സി.സി. ബുള്ളറ്റിനിലെ വനിതാപംക്തിയിലൂടെ നമുക്കിനിയും സംസാരിക്കാം.

എന്നു്
നിങ്ങളുടെ വിനീത സഹോദരി,
രാജമ്മ.

JOHNSON TAILORING Co;

K. K. Road, Kottayam-1

PHONE:2428

ആദ്യകർബാന സ്വീകരണ ഉടുപ്പുകൾ, മാന്ത്രോദീസാ സെറ്റുകൾ-മറ്റെല്ലാവിധ നവീനവും ആകർഷണീയവുമായ റെഡിമെയിഡ് ഡ്രസ്സുകൾക്കു്-സമീപിക്കുക.

Agents for:- Eagle Brand Terylene Shirt & Bush Shirt

കുഞ്ഞുങ്ങൾക്കുവേണ്ടി അമ്മമാർ സമരം ചെയ്യും

ഓടയിലെ മാലിന്യങ്ങൾ തീണ്ടി, കുഞ്ഞുങ്ങൾ നശിക്കുന്നതിൽ അമ്മമാരാണു് ദുസ്സഹവേദനയനുഭവിക്കുന്നതു്. ഈ "ഓടയിൽ നിന്നു്" എട്ടത്തുകളയാൻ ഇനിയും മന്ത്രിമാർ സന്നദ്ധരാകുന്നില്ലെങ്കിൽ വനിതകളുടെ ഒരു സമരത്തെ നേരിടേണ്ടിവരുമെന്നു് മുന്നറിയിപ്പു്

(മേരിക്കുട്ടി ജോസഫ് ഒറവപ്ലാക്കൽ)

അമ്മമാരേ, സഹോദരികളെ നമ്മൾ ഉണരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളെ നാം വിദ്യാലയത്തിൽ അയക്കുന്നതു് അവരെ നാടിനും വീടിനും ഉപകാരികളാക്കിത്തീർക്കുന്നതിനുള്ള പരിശീലനം കൊടുക്കുന്നതിനാണു്. അല്ലാതെ 'ഓട'യിൽനിന്നും വമിക്കുന്ന ദുർഗന്ധം അനുഭവിക്കുവാനല്ല. എന്നാൽ നമ്മുടെ പിഞ്ചുകുഞ്ഞുങ്ങൾ ഓടയിലെ ദുർഗ്ഗന്ധമേറ്റു് തളർന്നിട്ടും അമ്മമാരായ നാം ഒന്നുമറിഞ്ഞില്ല എന്ന മട്ടിൽ ഇനിയും മുമ്പോട്ടുപോയാൽ രണ്ടുലക്ഷത്തോളംവരുന്ന കുഞ്ഞുങ്ങളുടെ ശാപാഗ്നി അമ്മമാരായ നമ്മുടെ മേലായിരിക്കും വന്നുനിപതിക്കുന്നതു്. 'ഓടയിലെ മലിനവസ്തുക്കൾ ഞങ്ങളുടെ കുഞ്ഞുങ്ങൾ കൂടിച്ചുകൊള്ളട്ടെ അതൊന്നും അന്വേഷിക്കുവാൻ ഞങ്ങൾക്കു നേരമില്ല എന്നു പറഞ്ഞു് ഇനിയും മൗനം ദീക്ഷിക്കുന്നതെങ്ങനെ?

മന്ത്രിമാർ മരവിച്ചിരിക്കയാണു്.

അനേകായിരങ്ങൾ ഓടയിൽനിന്നു് എന്ന വൃത്തികെട്ട പുസ്തകം പിൻവലിക്കണമെന്നു് പ്രത്യക്ഷമായും പരോക്ഷമായും മുറവിളി കൂട്ടിയിട്ടും നമ്മുടെ മന്ത്രിമാർക്കു് യാതൊരു ചലനവുമില്ല. 'ഓട'യിലെ ദുർഗ്ഗന്ധം അവരുടെ തല മരവിപ്പിച്ചതു കൊണ്ടായിരിക്കാം ഈ മൗനം. അഥവാ വൻപ്രശ്നങ്ങളുമായി സദാസമയവും ഡൽഹിക്കുപറക്കുന്ന മന്ത്രിമാരുണ്ടോ ഈ ദുർഗ്ഗന്ധം അനുഭവിക്കുന്നു. കഷ്ടം മന്ത്രിമാരേ! നിങ്ങൾക്കുമില്ലേ കുഞ്ഞുങ്ങൾ.ഈ പുസ്തകം നിങ്ങൾ വായിച്ചിട്ടില്ലെങ്കിൽ ഇനിയുമെങ്കിലും മനസ്സിരുത്തി ഒരാവർത്തി വായിച്ചുനോക്കൂ. പത്തും പതിനാറും വയസ്സായ കുഞ്ഞുങ്ങൾക്കു് പഠിക്കുവാൻ തെരഞ്ഞെടുത്തിരിക്കുന്ന പുസ്തകം ഏതുതരത്തിലുള്ളതാണെന്നു് ഈ പുസ്തകം വായിക്കാൻ ഇടവന്നതുതന്നെ ഒരു തെറ്റായി എനിക്കു തോന്നുന്നു. ആ സ്ഥിതിക്കു് നമ്മുടെ കുഞ്ഞുങ്ങൾ ഇതു പഠിക്കേണ്ടിവന്നാലത്തെ അവസ്ഥ എത്ര ശോചനീയം. അല്ല; അവക്കിപ്പോൾ നിർബന്ധമായി "ഓട"യിൽനിന്നും കോരിക്കൊട്ടയെടുത്തു തുടങ്ങിയിരിക്കയാണല്ലോ.

മന്ത്രിപത്നിമാക്കും കടമയുണ്ട്

അശ്ലീലഗ്രന്ഥങ്ങളെ കേരളക്കരയിൽനിന്നും വേട്ടയാടിയ ബ. മന്ത്രി പി റ്റി ചാക്കോ ഈ 'ഓട' മാത്രം കണ്ടില്ലായിരിക്കും. വിദ്യാഭ്യാസമന്ത്രിയോട്ട് 'ഓട'യിൽനിന്നും നമ്മുടെ കുഞ്ഞുങ്ങളെ രക്ഷിക്കണമെന്നു പറയുവാൻ എന്തുകൊണ്ട അദ്ദേഹം അമാന്തിക്കുന്നു? അതാണു മനസ്സിലാകാത്തതു്. രണ്ടുലക്ഷത്തോളം കുഞ്ഞുങ്ങളാണു് ഈ ദുർഗന്ധം സഹിക്കേണ്ടി വരുന്നതെന്നോർത്തു് ഉടനടി ഇതിനൊരു പരിഹാരം ഉണ്ടാക്കണമെന്നു് അപേക്ഷിക്കുന്നു. മന്ത്രിമാരുടെ ഭാര്യമാരെ; നിങ്ങളും ഇന്നാട്ടിന്റെ സന്താനങ്ങളല്ലേ. നിങ്ങളുടെ കുഞ്ഞുങ്ങളുടെ ഭാവി മനഃപൂർവ്വം ചീത്തയാക്കണമെന്നു് നിങ്ങളിൽ ആരെങ്കിലും സമ്മതിക്കുമോ? എന്തുകൊണ്ടു് നിങ്ങൾ മൗനമവലംബിക്കുന്നു. നിങ്ങളുടെ സഹോദരങ്ങൾക്കു്-നിങ്ങളുടെ നാടിനു്— താങ്ങും തണലുമേകുവാൻ നിങ്ങൾക്കുമില്ലെ കടമ.

ദീപികയുടെ ധർമ്മകാഹളം

എത്രദിവസമായി പത്രത്തിൽ ഈ ഓടക്കാര്യം വായനതുടങ്ങിയിട്ടു്. ഗവണ്മെണ്ടിനു് ഒരു തീരുമാനവും ചെയ്യുവാൻ നിവൃത്തിയില്ലാത്ത വിധത്തിൽ എന്തോ ഒളിച്ചുകളി ഇതിലുണ്ടെന്നു് സ്പഷ്ടമാണു്. മറ്റു വർത്തകളില്ലാഞ്ഞിട്ടാണോ ദീപിക ദിവസവും ഇതുതന്നെഎഴുതുന്നതു്?അതോകേശവദേവിനോടുള്ള വൈരാഗ്യമാണോ? ഒന്നുമല്ല. ദേവ് ഒന്നു മനസ്സിലാക്കണം. ഒരുനലംതികഞ്ഞ സാഹിത്യകാരനായ ഫാ. സി കെ മാറത്തിനു് ബൈബിൾവിവർത്തനത്തിലുണ്ടായതെറ്റു്— അദ്ദേഹം ഒരു വൈദികനായിരുന്നിട്ടുപോലും- എത്ര ശ്രുക്ഷ്മമായി ദീപിക വിമർശിച്ചു. സത്യത്തിനും സന്മാർഗ്ഗത്തിനും എതിരായ എന്തിനേയും എതിരിടാൻ ആക്കും കടമയുണ്ടു്.

പൊതുജനങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട മന്ത്രിമാർക്കു് പൊതുജനങ്ങളുടെസ്വരം ശ്രവിക്കുവാൻ സാദ്ധ്യമല്ലെന്നോ? ഈ അശ്ലീലഗ്രന്ഥം പഠിപ്പിക്കുവാൻ അദ്ധ്യാപകർ മടിക്കുമ്പോൾ- അതിനെ ഓടയിൽ തള്ളണമെന്നു് പൊതുജനം ആവശ്യപ്പെടുമ്പോൾ- അതു ശ്രവിക്കുവാനുള്ള കാരുണ്യം മന്ത്രിസത്തമന്മാർക്കില്ലെന്നോ?

അമ്മമാർ സമരരംഗത്തിറങ്ങും

എങ്കിൽ നമ്മുടെ നിർമ്മിക്ഷങ്ങൾ വിലയേറിയതാണു്. ഇനിയും സഹിക്കുക സാദ്ധ്യമല്ല. കേരളത്തിലെ വനിതകൾ എന്തിനും കഴിവുള്ളവരാണെന്നു് കേരളമന്ത്രിസഭ മനസ്സിലാക്കിയിട്ടു് വർഷങ്ങൾ അധികമായില്ലല്ലൊ. പിന്നെയും ഞങ്ങളെ രംഗത്തിറക്കണമെന്നാണോ നിങ്ങളുടെ ആഗ്രഹം. എങ്കിലിതാ ഞങ്ങൾ സന്നദ്ധരാണു്. എന്തു ത്യാഗം സഹിച്ചും 'ഓട'യിൽനിന്നും ഞങ്ങളുടെ കുഞ്ഞുങ്ങളെ കരേറ്റുവാൻ ഞങ്ങൾ ഉറച്ചു കഴിഞ്ഞു. അതിനാൽ സമരം ചെയ്യുപറിച്ചു, വിജയം വരിച്ച കേരളവനിതകളുടെ നാമത്തിൽ ഞാനപേക്ഷിക്കുകയാണു് ഇനിയും ഞങ്ങളെ ബുദ്ധിമുട്ടിക്കാതെ ഈ പുസ്തകം ഉടനെ പിൻവലിക്കുക. അമ്മമാരെ, സഹോദരിമാരെ നിങ്ങൾ സന്നദ്ധരാവുക.

Please Contact:-

Phone No { Office : 3776 / Depot : 2689

Telegram : INSAGES

THE INDUSTRIAL SALES AGENCIES

(Engineers & Contractors)

TEMPLE JUNCTION-KOTTAYAM

*

For

1. Asbestos Pipes and Fittings
2. Sanitaryware, G. I. Pipes&Specials
3. Electrical Accessories and Appliances
4. Motors, Fans and Pump sets
5. Double Grooved and Ordinary tiles Bricks & Specials
6. Mosaic Chips, Powder and Oxides

*

Partners:-

Mamman Varghese B. A. B. L.,
George Varghese B. Com.
C. V. Eapen

We undertake both
Electrical & Sanitary Installations

ഗ്രൂപ്പുസാഹിത്യവും കുട്ടിലെ കളികളും

ആനകേറാമല വായിച്ചപ്പോൾ ഇതെഴുതുന്നയാളിന്റെ ഹൃദയത്തിലുണ്ടായ ചലനങ്ങളും കൺപീലികളിലുണ്ടായ നനവുമാണ് ഈ കുറിപ്പിനു പ്രചോദനം നൽകിയത്

(തോമസ് കണയംപ്ലാക്കൽ എം എ.)

ജനായത്ത ഭരണത്തിൽ കക്ഷിരാഷ്ട്രീയമെന്ന പോലെ സാഹിത്യത്തിൽ ഗ്രൂപ്പുകൾ വളർന്നുവന്നിട്ടുള്ള കാലമാണിന്നു്. ഫ്രാൻസു്, ഇംഗ്ലണ്ടു് തുടങ്ങിയ സാഹിത്യപരമായി പുരോഗമിച്ച യൂറോപ്യൻ രാജ്യങ്ങളിൽപോലും ഒരു ക്ലിക്കിൽപെടാതെ ഒരു യുവ സാഹിത്യകാരനു് ഉയർന്നുവരിക സാദ്ധ്യമല്ലെന്നു് സ്റ്റീഫൻ സ്പെൻഡർ ചൂണ്ടിക്കാണിക്കുന്നു. ഒരു പക്ഷേ ഇന്നും പുതുമയുടെ അത്ഭുതലോകമായി അവശേഷിക്കുന്ന അമേരിക്കമാത്രമാണു് ഇതിനൊരപവാദം. ഒരു ഗ്രൂപ്പിന്റെയോ ഇസത്തിന്റെയോ പഞ്ജരത്തിനുള്ളിൽ സ്വന്തം വ്യക്തിത്വത്തെ അടച്ചിട്ടാൽ കാകനും കരിങ്കുയിലായി മാറാം. നേരേമറിച്ചു് സ്വതന്ത്രമായ വിഹായസ്സിൽ പറന്നുയർന്ന പാട്ടുകയാണെങ്കിൽ ആ ഗാനധാര അധികം കാതുകളിൽ എത്തിയെന്നുവരില്ല. ഈ കൊച്ചു കേരളത്തിൽപോലും ഗ്രൂപ്പുസാഹിത്യം അതിന്റെ മതിലുകൾ ഉയർത്തിക്കഴിഞ്ഞു. ഇവിടെ പേരെടുക്കുന്നവരെല്ലാം വിശ്വസാഹിത്യകാരന്മാരാണു്.! അവരുടെ കൃതികൾ വിശ്വസാഹിത്യത്തിലെ അനശ്വര കൃതികളും! സുകരം പ്രസവിച്ചാലും ആനക്കുട്ടി തന്നെ. ഇതുപോലൊരന്തരീക്ഷത്തിൽ പരസ്യയന്ത്രത്തിന്റെ സഹായമൊന്നും കൂടാതെ സ്വന്തം വ്യക്തിത്വത്തെയും ആദർശങ്ങളേയും കൂട്ടിലടയ്ക്കാതെ നിരന്തരമായി സാഹിത്യസേവനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു അനുഗൃഹീത കലാകാരനാണു് ശ്രീ ജയിംസു മണിമല. ചെറുകഥ, നാടകം, നോവൽ എന്നീ വിവിധ സാഹിത്യശാഖകളിലെല്ലാം അദ്ദേഹം കൈവെച്ചിട്ടുണ്ടു്. എങ്കിലും ഇന്നു് അദ്ദേഹത്തിന്റെ ശ്രദ്ധ നോവലിൽ കേന്ദ്രീകരിച്ചിരിക്കുകയാണെന്നു തോന്നുന്നു. അനേകായിരം വായനക്കാരുടെ ഹൃദയങ്ങളിൽ ചലനം സൃഷ്ടിച്ച ഒരു ചെറുനോവലാണു് ശ്രീ മണിമലയുടെ 'ആനകേറാമല'.

പ്രേമം തന്നെ പ്രേമം, പക്ഷേ.....

നിത്യനൂതനമായ പ്രേമം തന്നെയാണു പ്രമേയം. പക്ഷേ ചിലന്തിവലകൾ പോലെ ഇന്നു സർവ്വത്ര ദൃശ്യമാകുന്ന ക്ഷുദ്രങ്ങളായ നീണ്ട കഥകളിൽ പലതിലും കാണുന്ന പ്രേമം അഗാധമായ ഉദാത്തമായ രൂപത്തിൽ സ്വാഭിലാഷ പൂർത്തീകരണത്തേക്കാൾ ഒരു സ്വയം സമർപ്പണമാണല്ലോ കീറ്റ്സു്, ഷെല്ലി. ഡിക്കൻസു് ടാഗോർ, ആശാൻ തുടങ്ങിയവരുടെ കൃതികളിലെ പ്രേമാദർശം ഇതുതന്നെ. ഭോഗത്തിലല്ല ത്യാഗത്തിലാണു് പ്രേമത്തിന്റെ പൂർത്തിയെന്ന ആശയം ഭാരതീയർക്കു പുത്തരിയൊന്നുമല്ല. സമുന്നതമായ ഈ പ്രേമാദർശത്തിന്റെ മൂർത്തീകരണങ്ങളാണു് 'ആനകേറാമല'യിലെ ആലീസും ജോസഫും.

കഥയുടെ രത്നച്ചുരുക്കം

'ഒരു ചരടിലിണക്കിക്കോർത്ത പുഷ്പങ്ങൾ'പോലെ ക്രൈസ്തവരും, മുസ്ലീങ്ങളും, ഹിന്ദുക്കളും ഒത്തൊരുമിച്ചു ജീവിക്കുന്ന ഒരു സുന്ദര ഗ്രാമം, അവിടെയാണു് ആലീസും ജോസഫും സണ്ണിയുമൊക്കെ വളർന്നുവരുന്നതു്' എങ്ങനെയെങ്കിലും പണമുണ്ടാക്കുക ജീവിതധർമ്മമായിക്കരുതുന്ന ആലുങ്കര മുതലാളിയുടെ മകനാണു സണ്ണി. പാരമ്പര്യവും പരിസരവും സണ്ണിയെ ഒരു വിടപ്രേമിയും വഞ്ചകനും കൊലപാതകിയുമായി വളർത്തി. പക്ഷേ ആ കഴുകൻ ഇണയായി കൊതിക്കുന്നതു് ആലീസെന്ന അരിപ്രാവിനെയാണു്. ആലീസിന്റെ ഹൃദയമാകട്ടെ നല്ലവനും തന്റേടിയുമായ തന്റെ കളിത്തോഴൻ ജോസഫിനുള്ള തിരുമുൽക്കാഴ്ചയാണു്. ആലീസിനുവേണ്ടി എന്തു ചെയ്യാനും ജോസഫിനും മതിവരികയില്ല. യുദ്ധത്തിൽ സ്വപിതാവു നഷ്ടപ്പെട്ട ജോസഫിനു് വിദ്യാഭ്യാസം തുടരാൻ സാധിച്ചില്ലെന്നുമാത്രമല്ല, കുടുംബഭാരം പേറിക്കൊണ്ടു് നാടുവിട്ടുപോകേണ്ടതായും വന്നു. സമർത്ഥയായ ആലീസു കോളേജുവിദ്യാഭ്യാസം തുടരുന്ന കാലത്താണു് സണ്ണിയുടെ കൊടും വഞ്ചന അവളെ ഇരുമ്പഴികൾക്കുള്ളിൽ അടച്ചതു്. ഒരു ദൈവദൂതനെപ്പോലെ അവിടെ പ്രത്യക്ഷപ്പെട്ട ജോസഫ് ആലീസിനെ രക്ഷിക്കുന്നു. സ്വന്തം വസ്തുവിന്റെ ഒരു ഭാഗം വിറ്റു് ആലീസിനു് അമേരിക്കയിൽ ഉപരിപഠനത്തിനുപോകാൻ വേണ്ട പണവും ജോസഫ് നൽകുന്നു. ഇതിനിടയിൽ ഭക്തൻ ചാണ്ടിച്ചേട്ടന്റെ മകൾ ലില്ലിമോൾ ജോസഫിനെ ഭർത്താവായി ലഭിക്കാൻ വളരെ ശ്രമിക്കുന്നുണ്ടു്. മറുവശത്തു് പണത്തിന്റെ വലയിൽ കുരുക്കി ആലീസിനെ പിടികൂടാൻ സണ്ണി തന്ത്രപൂർവ്വം ശ്രമിക്കുന്നു. നിഷ്കളങ്കനായ ജോസഫിനെ അവസാനം ഒരു കൊലക്കുറ്റത്തിൽ കുടുക്കാനും ആ കണ്ടകനു കഴിഞ്ഞു. ഇതിനിടയിൽ തന്റെ അധർമ്മത്തിനു പറ്റിയ പ്രതിഫലം വാങ്ങിക്കൊണ്ടു് ആലുങ്കര അവരാച്ചൻ രംഗത്തുനിന്നു മറയുന്നു. അമേരിക്കയിലേയ്ക്കു യാത്രതിരിച്ചപ്പോൾ തന്റെ ഹൃദയം തന്നെ ഒരു കവറിലാക്കി ആലീസു ജോസഫിനെ ഏല്പിച്ചു. അവൾ തിരിച്ചു വന്നിട്ടു മാത്രമേ അതു തുറക്കാവൂ. ജീവിതഭാരം പേറിത്തളർന്ന കുഞ്ഞുവക്കിച്ചേട്ടൻ- ആലീസിന്റെ പിതാവു്- നടുവിട്ട ജോസഫിനോടുകൂടി ആനകേറാമലയിൽ താമസമാക്കുന്നു. ഡോക്ടർ ആലീസും അമേരിക്ക

യിൽ നിന്നും തിരിച്ചുവരുന്ന അവസരത്തിൽ സണ്ണി അവസാനത്തെ അടവും പ്രയോഗിക്കുന്നുണ്ട്- പക്ഷേ ആ വിടാഗ്രണിയെ ജയിലിലടക്കാനും ജോസഫിനെ മോചിപ്പിക്കാനും ആലീസിനു കഴിഞ്ഞു. ക്ഷയരോഗ ബാധിതനായ ജോസഫിനെ ശുശ്രൂഷിക്കുക ആലീസിനെന്തൊരാനന്ദമാണ്! ഹൃദയത്തിന്റെ ശ്രീകോവിലിൽ അവൾ പൂവിട്ടു പൂജിക്കുന്നതു് രോഗിയായ ആ കഷ്കയുവാവിനെ മാത്രമാണു്. അങ്ങനെ അവസാനം അവരുടെ വിവാഹം നടക്കുന്നു; യഥാർത്ഥ പ്രേമത്തിന്റെ വിജയോത്സവമാണതു്.

കഥാ ഗാത്രം

സംഭവിച്ചതിന്റെ ചരിത്രാഗ്രഹണത്തിലല്ല, സംഭവ്യമായതിന്റെ തന്മയത്വപൂർണ്ണമായ ആവിഷ്കരണത്തിലാണു് ഒരു നോവലിസ്റ്റിന്റെ കഥാരചനാപാടവം അടങ്ങിയിരിക്കുന്നതു്. ആകസ്മിക സംഭവങ്ങളെ ആവുന്നത്ര ഒഴിച്ചുനിർത്തി, കഥയുടെ സ്വാഭാവിക പരിണാമത്തെ പോഷിപ്പിക്കുന്നതോടൊപ്പം അനുവാചകന്റെ ജിജ്ഞാസയെ എപ്പോഴും ജാഗ്രതാവസ്ഥയിൽ സൂക്ഷിക്കുവാനുള്ള കഴിവും ഒരു നോവലിസ്റ്റിനു കൂടിയേ തീരൂ. കഥാബന്ധശില്പത്തിന്റെ ഈ മൗലികതത്വം ആധുനിക നോവലിസ്റ്റുകളിൽ പലരും അവഗണിച്ചിരിക്കുകയാണു്. വൃത്തമില്ലാക്കവിതകളും കഥയില്ലാത്ത കഥകളും ഇന്നു ഫാഷനാണല്ലോ. കഥാഗാത്രത്തിന്റെ കെട്ടുറപ്പിനെ സംബന്ധിച്ചിടത്തോളം ക്ലാസിക്കൽ ഗ്രന്ഥകാരന്മാരുടെ പാരമ്പര്യംപുലർത്താൻ ശ്രീ ജയിംസു് മണിമല ശ്രമിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ 'ആനകേറാമല' വായിക്കുന്നവർക്കു് ഒരു മലകയറുന്ന ബുദ്ധിമുട്ടല്ല, ഒരു ലിഫ്റ്റിൽ ഉയർന്നുപോകുന്ന പ്രതീതിയാണതോന്നുക. അനുവാചകനെ കഥാഗതിയോടൊപ്പം അനായാസേന കൊണ്ടുപോകാനുള്ള മോട്ടോർ ശക്തി അദ്ദേഹത്തിന്റെ കഥാഘടനയ്ക്കും ഭാഷയ്ക്കുമുണ്ടു്.

ജീവനുള്ള കഥാപാത്രങ്ങൾ

ഒരു പാവക്കൂട്ടിലെ നിർജ്ജീവ പ്രതീരൂപങ്ങളല്ല ശ്രീ മണിമലയുടെ കഥാപാത്രങ്ങൾ. ഓരോ പാത്രത്തിനും തികഞ്ഞ വ്യക്തിത്വമുണ്ടു്. ആലീസു്, ജോസഫ്, ഉമ്മർകുട്ടി, ലില്ലിമോൾ, ഭക്തൻ ചാണ്ടിച്ചേട്ടൻ സണ്ണി എന്നിവരെയൊക്കെ എവിടെവച്ചു നാം കണ്ടാലും തിരിച്ചറിയും ഓരോ കഥാപാത്രത്തിന്റെയും പ്രവൃത്തികൾ സ്വഭാവത്തിന്റെ ഉറവക്കണ്ണികളിൽനിന്നുതന്നെ സംജാതമാകുന്നു. കഥാകൃത്തിന്റെ ലോകനിരീക്ഷണപാടവത്തിനും അപഗ്രഥനശക്തിയ്ക്കും ഈ ഓജസ്സുറ്റ കഥാപാത്രങ്ങൾ സാക്ഷ്യംവഹിക്കുന്നു. "Character is destiny" എന്നു ഷയ്ക്സ്പീയറുടെ കഥാപാത്രങ്ങളെപ്പറ്റി പറഞ്ഞുകേട്ടിട്ടുണ്ടു്. ഈ തത്വം ശ്രീ ജയിംസ് മണിമലയുടെ പാത്രനിർമ്മാണത്തിനും വഴികാട്ടിയിട്ടുണ്ടെന്നു തോന്നുന്നു.

ഇരുപതാം നൂറ്റാണ്ടിലെ ഒരു നല്ലശതമാനംനോവലുകളും ആത്മകഥാപരങ്ങളോ, മനഃശാസ്ത്രപ്രധാനങ്ങളോ ആണു്. ഇത്തരം കൃതികളിൽനിന്നും നോവലിസ്റ്റിന്റെ വ്യക്തിത്വം എളുപ്പം കണ്ടുപിടിക്കാം. 'ആനകേറാമല' ആത്മകഥാപരമല്ല. എങ്കിലും കുറെയൊക്കെ മനഃശാസ്ത്രപരമായ സമീപനം ദൃശ്യമാകുന്നുണ്ടു്. ഏതായാലും ഗ്രന്ഥകർത്താവിന്റെ വ്യക്തിത്വം ഈ നോവലിൽ നന്നായി പ്രതിഫലിച്ചുകാണാം.

സമുദായജീവിതത്തിലെ കാപട്യങ്ങളോടും അനീതികളോടും പൊങ്ങച്ചങ്ങളോടും ഏറ്റുമുട്ടി ധാർമ്മികരോഷം കൊള്ളിക്കാളമ്പോൾ ശ്രീ മണിമലയുടെ പേനാത്തുമ്പു് കഠാരിമുനയായി രൂപം മാറുന്നുണ്ടോ എന്നു നാം സംശയിച്ചുപോകും. തന്റെ ദുഷ്കഥാപാത്രങ്ങളോടു് അദ്ദേഹത്തിനു് യാതൊരനുകമ്പയുമില്ല. ഉമ്മർകുട്ടിയുടെ കഠാരപ്രയോഗം എത്ര കട്ടംചായത്തിലാണു് അദ്ദേഹം വരച്ചുവച്ചിരിക്കുന്നതു്. തൊഴിലിന്റെ മഹത്വത്തെ പ്രകീർത്തിക്കുന്നതിലും പരിശുദ്ധമായ ഹൃദയബന്ധങ്ങളെ ആശീർവദിക്കുന്നതിലും അദ്ദേഹം സന്തുഷ്ടനാണു്. സാഹിത്യകാരന്റെ നേരിട്ടുള്ള പ്രസംഗം അല്പമൊക്കെ കടന്നുകൂടിയിട്ടുണ്ടെന്നുതോന്നുന്നു.

ഉപസംഹാരം

ഇതു ഒരു നിരൂപണമല്ല: ഒരാസ്വാദനക്കുറിപ്പുമാത്രം. "ആനകേറാമല" വായിച്ചപ്പോൾ ഇതെഴുതുന്ന ആളിന്റെ ഹൃദയത്തിലുണ്ടായ ചലനങ്ങളും കൺപീലികളിലുണ്ടായ നനവുമാണു് ഈ കുറിപ്പിനുള്ള പ്രധാന പ്രചോദനവും നിദാനീകരണവും. ശക്തവും സുഭഗവുമായ ഒരു ശൈലിയും സമർത്ഥമായ കഥാകഥനപാടവവും കൈമുതലായുള്ള ഈ സാഹിത്യകാരനിൽനിന്നും മലയാളഭാഷയ്ക്കു് ഇനിയും വളരെ പ്രതീക്ഷിക്കുവാനുണ്ടു്.

ഗുഡ് ഹോപ്പ് പ്രിന്റേഴ്സ്

മാർക്കറ്റ് റോഡ്, കോട്ടയം

എല്ലാവിധ അച്ചടിവേലകളും, ബയണ്ടിംഗും മിതമായ ചാർജ്ജിൽ കൃത്യസമയത്തു്

ഏറ്റവും ഭംഗിയായി ചെയ്തുകൊടുക്കുന്നതാണു്.

Good Hope Printers, Market Road, Kottayam.



ആര്യചരിതൻ (തുടർച്ച)

(ശ്രീ തോമ്മസ് സെബാസ്റ്റ്യൻ ബി.എ. എൽ. റ്റി.)

അദ്ധ്യായം 3

ഭവനം— നിങ്ങളുടെ വീടിന്റെ പരിസരം

ഒരു ശുചിത്വമുള്ള വീട് എന്നു പറയുമ്പോൾ നിങ്ങൾ എന്താണു മനസ്സിലാക്കുന്നത്? വീട് വലുതായിരിക്കണമെന്നില്ല ശുചിയായിരിക്കാൻ. കെട്ടുറപ്പുള്ളതായിരിക്കണമെന്നില്ല ശുചിയായിരിക്കാൻ. ഒരു ചെറുപ്പരയായാലും അതു വൃത്തിയായി സൂക്ഷിക്കാൻ നാം അഭ്യസിക്കണം. വീടും പരിസരവും ദിവസേന രണ്ടു പ്രാവശ്യമെങ്കിലും അടിച്ചു വൃത്തിയാക്കുന്നതു നന്നാണ്. പരിസരങ്ങൾ വൃത്തികേടാകുന്നതിനു പലപ്പോഴും കുട്ടികളാണ് കാരണക്കാർ. കാട്ടം ചപ്പും അവർ പറമ്പിൽനിന്നു വെട്ടിയെടുത്തു മുറ്റത്തു കൊണ്ടുവന്നിട്ടു കളിക്കുമല്ലൊ. കളി കഴിഞ്ഞാൽ ആ ചപ്പെല്ലാം അവിടെത്തന്നെ ഇട്ടിരിക്കും. സ്വതേ ധാരാളം ജോലിത്തിരക്കുള്ള മാതാപിതാക്കൾക്കു കുട്ടികൾ ഒരു ജോലിക്കൂടെ ഉണ്ടാക്കിയിടുകയാണു ചെയ്യുന്നതു്. നിങ്ങൾ ഒരിക്കലും അങ്ങനെ ചെയ്യരുതു്. കളിക്കാൻ കൊണ്ടുവന്ന സാധനങ്ങളെല്ലാം കളി കഴിയുമ്പോൾ നിങ്ങൾതന്നെ മാറ്റിക്കളയണം.

വീട്ടിൽ മാതാവിന്റെയോ പിതാവിന്റെയോ മേൽനോട്ടത്തിൽ ഒരു പച്ചക്കറിത്തോട്ടം ഉണ്ടായിരിക്കുമല്ലോ, നിങ്ങൾ ആ തോട്ടം വയ്ക്കുന്നതിൽ മാതാപിതാക്കളെ സഹായിക്കണം. കൃഷിപ്പണികൾ ചെയ്യുന്ന കാലവും വിധവും നിങ്ങൾക്കങ്ങനെ അഭ്യസിക്കാം. പിന്നീടു നിങ്ങളുടെ സ്വന്തമായി ഒരു പച്ചക്കറിത്തോട്ടം ഉണ്ടാക്കാൻ സാധിക്കും, അതിൽനിന്നു കിട്ടുന്ന ഉല്പന്നങ്ങൾ സ്വന്തം വീട്ടിലോ അയൽവീടുകളിലോ മാർക്കറ്റിലോ കൊണ്ടുപോയി വിറ്റു കുറച്ചു പണം നിങ്ങൾക്കുണ്ടാക്കാം. നിങ്ങൾക്കങ്ങനെ പ്രതിവർഷം സ്വന്തമായി ഒരു ആദായമുണ്ടാക്കാൻ സാധിക്കും.

ഒരു പാവപ്പെട്ട കൊച്ചുകുട്ടി പച്ചക്കറിത്തോട്ടം വച്ചു കിട്ടിയ ആദായംകൊണ്ടു പഠിച്ചു പരീക്ഷകൾ പാസ്സായി ഇപ്പോൾ ഇൻഡ്യാഗവണ്മെന്റിൽ ഒരുയർന്ന സ്ഥാനത്തെത്തിയിട്ടുണ്ടെന്നു കേൾക്കുമ്പോൾ നിങ്ങൾക്കും ഇപ്രകാരം സ്വപരിശ്രമംകൊണ്ടു് ഉയരാൻ സാധിക്കുമെന്നു തോന്നുന്നില്ലെ?

പച്ചക്കറിത്തോട്ടത്തിനുപുറമേ ഒരു പൂന്തോട്ടം ഉണ്ടാക്കുന്നതും നല്ല ഒരഭ്യാസമാണ്; നിങ്ങളുടെ വീട്ടുമുറ്റത്തു് ഒരു പൂന്തോട്ടം ഉണ്ടാക്കുന്നതു് എത്ര മനോഹരമായിരിക്കും. വീടിനു് അതൊരലങ്കാരവുമായിരിക്കും നിങ്ങളുടെ വിശ്രമസമയങ്ങളിൽ കുറെ അതിൽ ചിലവഴിക്കുന്നതു് ആനന്ദകരമായ ഒരു വ്യായാമമായിരിക്കും.

അദ്ധ്യായം 4

ഭവനം— മാതാപിതാക്കൾ

സ്വന്തം ഭവനമാണു് ആദ്യത്തെ പരിശീലനകേന്ദ്രം. മാതാപിതാക്കളാണു് ആദ്യഗുരുക്കന്മാർ. അവരിൽനിന്നു ലഭിക്കുന്ന ശിക്ഷണമാണു് എല്ലാ ശിക്ഷണങ്ങളുടെയും അസ്ഥിവാരം. ശൈശവാവസ്ഥയിൽ നമ്മുടെ വീടും മാതാപിതാക്കന്മാരും നമ്മുടെ സർവ്വസ്വവുമാണു്. സ്വന്ത മാതാപിതാക്കളെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതു് നമ്മുടെ ഏറ്റവും വലിയ കടമയാണു്. ഈ പ്രായംവരെ വളർത്തിക്കൊണ്ടുവരുന്നതിനു് അവർക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ എത്രമാത്രമായിരുന്നു എന്നു നാം ചിലപ്പോഴെല്ലാം ചിന്തിക്കണം. നമ്മുടെ കുഞ്ഞനുജനെയോ അനുജത്തിയെയോ വളർത്തിക്കൊണ്ടുവരുന്നതിനു് അവർ അനുഭവിക്കുന്ന ക്ലേശങ്ങൾ നാം കാണുന്നുണ്ടല്ലൊ. അതുപോലെതന്നെയുള്ള പ്രയാസങ്ങൾ നമ്മെ സംബന്ധിച്ചും അവർക്കുണ്ടായിട്ടുണ്ടെന്നു നാം മനസ്സിലാക്കണം.

മാതാപിതാക്കന്മാരെ നാം സ്നേഹിക്കണം. അവർ നമുക്കുവേണ്ടി സഹിച്ച ക്ലേശങ്ങൾക്കു സ്നേഹമാണു് അവർ പ്രതീക്ഷിക്കുന്ന പ്രതിഫലം. ഒരു നല്ലമകൻ അല്ലെങ്കിൽ മകൾ മാതാപിതാക്കളെ ഒരു കാരണവശാലും ദുഃഖിപ്പിക്കാൻ ഇടവരുത്തുകയില്ല. ജീവനു തുല്യം അവർ മാതാപിതാക്കളെ സ്നേഹിക്കുകയും അവ

രിൽനിന്നു ലഭിച്ച നമ്മുടെ ശരീരവും ജീവനും അതിന്റെ സുഖദുഃഖങ്ങളും അവരുടെ സുഖത്തിനുവേണ്ടി ബലികഴിക്കാൻ തയാറായിരിക്കുകയും ചെയ്യും.

ശിശുക്കൾക്കു ജന്മം കൊടുത്തുകഴിഞ്ഞാൽ മാതാപിതാക്കളുടെ കടമ അവസാനിക്കുകയല്ല, ആരംഭിക്കുകമാത്രമേ ചെയ്യുന്നുള്ളൂ. ഒരു ആര്യചരിതനെ വാർത്തെടുക്കുന്ന ചുമതലയേറിയ ഒരു കർത്തവ്യമാണ് ശിശുവിന്റെ ജനനത്തോടുകൂടി മാതാപിതാക്കളിൽ നിക്ഷിപ്തമാകുന്നതു്, ദൈവം കഴിഞ്ഞാൽ നമ്മുടെ സ്നേഹത്തിനു് അർഹരായിരിക്കുന്നതു നമ്മുടെ അസ്തിത്വത്തിനുകാരണകർത്താക്കളായ മാതാപിതാക്കളാണു്. അവരുടെ ആജ്ഞയ്ക്കു ചോദ്യംചെയ്യപ്പെടാത്ത അനുസരണമാണു് നമ്മിൽനിന്നു അവർക്കു ലഭിക്കേണ്ടതു്.

ചുമതലാബോധമുള്ള ഒരു പുത്രനെയോ പുത്രിയെയോ പോലെയാണു് നിങ്ങൾ വീട്ടിൽ വർത്തിക്കേണ്ടതു്. കുടുംബകാര്യങ്ങളിൽ ക്ലേശങ്ങൾ സഹിക്കുന്ന നിങ്ങളുടെ മാതാപിതാക്കൾക്കു നിങ്ങൾ എപ്പോഴും ഒരു സഹായഹസ്തം ആയിരിക്കണം. ചെറിയ അനേകം കാര്യങ്ങളിൽ നിങ്ങൾക്കു അവരെ സഹായിക്കാൻ കഴിയും. കുറേക്കൂടി വലിയകാര്യങ്ങൾ നിർവഹിക്കുന്നതിനു് അവർക്കു സമയവും സൗകര്യവും അതുമൂലം ലഭിക്കുകയുംചെയ്യും. അവർക്കു നിങ്ങളോടുള്ള സ്നേഹവും മതിപ്പും വർദ്ധിച്ചുവരുന്നതിനു അതു കാരണമായിത്തീരുന്നു. കുടുംബച്ചെലവു നിയന്ത്രിക്കുന്നതിനു നിങ്ങൾക്കു വേണ്ടി അദ്ധ്വാനിച്ചുസമ്പാദിക്കുന്ന മാതാപിതാക്കൾ പരിശ്രമിക്കുമ്പോൾ വിലകൂടിയ വസ്ത്രങ്ങൾക്കും ആഭരണങ്ങൾക്കും മറ്റു ആഡംബരങ്ങൾക്കും പണം ചെലവുചെയ്യുന്നതിനു നിങ്ങൾ അവരെ ഒരിക്കലും ഹേമിക്കരുതു്. അവർ തിരഞ്ഞെടുത്തു നമുക്കു തരുന്നതു വളരെ സന്തോഷത്തോടും തൃപ്തിയോടുകൂടി സ്വീകരിക്കുകയും അതു നിങ്ങളുടെ പ്രതീക്ഷയിൽ കവിഞ്ഞതാണെന്നു അവരെ ധരിപ്പിക്കുകയും ചെയ്യുക.

നിങ്ങൾ വെളിയിൽ എവിടെയെങ്കിലും പോകുമ്പോൾ മാതാപിതാക്കളുടെ അനുമതി വാങ്ങിയിരിക്കണം. എപ്പോൾ മടങ്ങിവരുമെന്നും അവരെ ധരിപ്പിച്ചിരിക്കണം. വീടുവിട്ടുപോകുമ്പോൾ അവരുടെ അടുത്തുചെന്നു സ്തുതിപറഞ്ഞുപോകുന്ന അഭിനന്ദനീയമായ രീതി ചില സ്ഥലങ്ങളിൽ ഉണ്ടു്. വെളിയിൽപോയി മടങ്ങിവരുമ്പോൾ അവരെകണ്ടു നിങ്ങൾ മടങ്ങിവന്നു എന്നു ധരിപ്പിക്കുന്നതും വളരെ ഉത്തമമായ ഒരു പരിശീലനമാണു്.

കോപഭാവത്തോടുകൂടി മാതാപിതാക്കളോടു ഒരിക്കലും സംസാരിക്കരുതു്. വിനയം കളിയാടുന്ന ഒരു മന്ദസ്മിതമായിരിക്കണം മാതാപിതാക്കളുടെ മുൻപിൽ നിങ്ങൾക്കുണ്ടായിരിക്കേണ്ടതു്. നിങ്ങളുടെ സംതൃപ്തമായ മുഖഭാവം കാണുമ്പോൾ അവരുടെ സർവ്വ ക്ലേശങ്ങളും മറന്നു അവർ നിങ്ങളെക്കുറിച്ചു അഭിമാനമുള്ളവരായിത്തീരും.

N. K. PODUVAL & Co.;

Engineers & Merchants
Distributors & Stockists

* 'KIRLOSKAR' ELECTRIC - MOTORS - ENGINES - PUMPS
* 'DUNLOP' BELTINGS - HOSE PIPES
* ESTATE TOOLS & IMPLEMENTS
(Metal Industries Ltd; SHORNUR)
* 'SAPPERLOT' ROCKER SPRAYERS B. M. DOUBLE ACTION-TREE SPRAYERS.

Head office:
KOTTAYAM
PHONES: 3460 & 2516

Branch:
Mahatma Gandhi Road, Ernakulam
PHONE 440

അവൾക്കെങ്ങനെ സാധിച്ചു

... ജെ. ററി. ചൊവ്വാററുകുന്നേൽ ...

1 സൗന്ദര്യം ഹാ! തനുവിൽ മറിയം
മഗ്ദലേനയ്ക്കു ദൈവം
സന്താനം ചെയ്തതിനു സമമാ-
യാക്കുകെവന്നിതോത്തുനാൽ?
എന്നാൽ കഷ്ടം! പിഴകളതിരി-
ല്ലാതെ ചെയ്തുകൂട്ടീ
തന്നാത്മാവിന്നഴകണയുമാ
നാരിവേണ്ടെന്നുവെച്ചാൾ

2 തദ്ദേശത്തേ വിടരഖിലരും
തന്നെ മേരീസപര്യ-
യ്ക്കുദ്ദേശിപ്പോ,രതിനു പുറമേ
നിന്നുമെത്തുന്നനേകർ;
മാനംപൊയ്പ്പോയ്, പ്രഭ്രഷ്ടകുലജരാം
ലമ്പടന്മാർ പലർസ്വാ-
ധീനംമോഹിച്ചവളുടെയട്ട-
ത്തെത്തിടുന്നു കുബേരർ.

3 ഔദാര്യത്തോടഖിലരുമവൾ-
ക്കേകിവിത്തങ്ങളെല്ലാ-
മാ ദാനംകൊണ്ടവളൊരുസ-
മ്പന്നയായ്ത്തീർന്നുശീഘ്രം;
ഹാ! ശോച്യംതാൻ മനുജരുടെയീ
ജാതിയൗദാര്യമെല്ലാം,
സംശോധിച്ചാലിവർസുധ പെടി-
ഞ്ഞിട്ടമേദ്ധ്യം ഭുജിപ്പോർ!

4 ''അത്ഥംമാത്രംമതിസകലരാ-
ലാദരിക്കപ്പെടാ''നീ
വ്യത്ഥംഭവംചിലരിലുളവാ-
യന്നുമിന്നുന്നപോലെ;
കൊള്ളാവുന്നോർക്കവളൊട്ടവെറു-
പ്പാണു''മാറത്തുകേറാൻ
കൊള്ളാത്തോളാണിവൾ കൂടെ''യെ-
ന്നായി സന്താപ്തനിഷ്ഠർ.

5 കഷ്ടം! മേരിപ്രഭൃതികൾചിരം
ദുഷ്ടമാം ജീവിതംത-
ന്നിഷ്ടംപോലേ തുചിരസദനേ
ശങ്കയെന്യേനയിച്ചാർ;
കാമാഗ്നിക്കില്ലൊരു ശമനവും
ഭോഗമേറുന്നമൂലം.
സീമാതീതം സ്പൃഹവളരുമാ-
രഗ്നിനെയ്യാൽകെടുത്തും?

6 ആത്മോദ്ധാരം നരനു സുകരം
ദൈവസാഹയ്യമേതോ-
രാത്മാവിന്നുംസുലഭമതിനാൽ
ഭീതിവേണ്ടെന്നുരച്ചാൻ,
കർത്താവീശോ.പൊരുതി പല വൻ
പാപികൾക്കേകിയെന്നീ
വൃത്താന്തം കേട്ടവരധികവും
മുക്തിയാശിക്കയുണ്ടായ്.

7 ലോകംമാത്രംകരുതിവഷളാം
ജീവിതംഞാൻ നയിച്ചു,
നാകംവേണ്ടാത്തൊരുശുനകിയെ
പ്പോലെജീവിച്ചുപോയ്ഞാൻ;
ഭവ്യംനോക്കാതിനിയുമീതുപോൽ
വേണ്ടെനിക്കീനരത്വം.
ദിവ്യൻറൂഹാകുലടയിലിതാ
മാററമുണ്ടാക്കിടുന്നു.

8 ശീമോൻ തൻവീടതിലൊരുവിരു-
ന്നുണ്ടതിൽക്രിസ്തുനാഥൻ
സാമോദം ചെന്നൊരുസമയമീ
മേരി പശ്ചാത്തപിച്ചു
കണ്ണീർവാർത്തിട്ടവിടെഗുരുവിൻ
മുമ്പിലെത്രയും ചരിത്രം
വണ്ണിച്ചീടാൻസ്ഥലമിവനുസം-
ലബ്ധമാവാൻ പ്രയാസം.

9 എല്ലാവക്കുംപരിചിതമതിൻ
സാരമായിത്രമാത്രം
ചൊല്ലാമിപ്പോൾ,ജഗദധിപനാ-
മേശുനാഥൻയാഥാത്ഥം
പാശ്ചാത്താപംഹൃദയമതിലു-
ള്ളോക്കുസമ്പൂർണ്ണമേകു-
ന്നിച്ചരയ്ക്കുപ്പും പൊരുതിഗുരുവാം
പാപമേതിന്നുപോലും.

10 സന്ദേഹംവേണ്ടൊരുസുകൃതിയായ്
ത്തീർന്നിടാമാക്കുമെന്നീ
സന്ദേശത്തേ യമലമതിയാം
മേരിമർത്യക്കുനൽകീ;
മർത്യക്കില്ലാമിഹമതിരാരാം
പ്രായമേതാകിലും, സത്-
കൃത്യംചെയ്യാനനവസരമെ-
ന്നൊന്നവക്കില്ലലോകേ.

11 ഓക്കുംതോറുംവ്യഥയധികമാ-
ഹഷ്ടവുംമർത്യനേറും,
ആക്കും കാണും പ്രബലരിപുവും
ശക്തിയേറുംസഖാവും;
ഒന്നല്ലാതില്ലിഹ രിപുനിന-
ക്കൊന്നുമാത്രംസുഹൃത്തും,
നീതന്നേനിൻ'രിപു'വുമതുപോൽ
നിൻ'സുഹൃത്തും'ജഗത്തിൽ.

സംഘടനാക്കൊഴുപ്പ്

(10–ാംപേജ് തുടർച്ച)

ദ്ധ്യത്തിലും ഒരു പൊതുയോഗം 7-7-1963-ൽ സെൻറു ജോസഫ്സ് ഗേൾസ് ഹൈസ്കൂളിൽ കൂടി ശ്രുപതാസംഘം സ്ഥാപിക്കണമെന്നു് ഐകകണ്ഠ്യേന പാസാക്കി. ശ്രീ തോമസ് സെബാസ്റ്റ്യൻ. ശ്രീ ജോസഫ് കുട്ടമ്മേൽ, ശ്രീ. പി. ജെ. കുര്യാക്കോസ്, ശ്രീ. എം. എം ചാക്കോ എന്നിവർ യഥാക്രമം പ്രസിഡൻറു്, വൈസ് പ്രസിഡൻറു്, സെക്രട്ടറി, ഖജാൻജി എന്നീ സ്ഥാനങ്ങളിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. 15 പേരടങ്ങുന്ന ഒരു വർക്കിംഗ് കമ്മറിയും തെരഞ്ഞെടുക്കപ്പെട്ടു. ശ്രുപതയുടെ പല ഭാഗങ്ങളിൽനിന്നും ഉദ്ദേശം അറുപതോളം പ്രതിനിധികൾ യോഗത്തിൽ സംബന്ധിച്ചിരുന്നു. ശ്രീ. എം. എം. ചാക്കോയുടെ വകയായ വിഭവസമൃദ്ധമായ ചായസൽക്കാരത്തിനുശേഷം യോഗം 5. 30നു് അവസാനിച്ചു.

പേരാമ്പ്ര എ.കെ.സി.സി. തീരുമാനങ്ങൾ

1) കത്തോലിക്കാസമുദായത്തിലെ എല്ലാ അംഗങ്ങളും മറേറതൊരു ജാതിയിൽനിന്നും ജ്ഞാനസ്നാനം സ്വീകരിച്ചു് കത്തോലിക്കാമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ടവരായാലും ശരി– എല്ലാ തുറകളിലും തുല്യ പരിഗണന നൽകുക.

2) കത്തോലിക്കാസമുദായത്തിൽപെട്ട ഏതെങ്കിലും അംഗം മരിച്ചാൽ ശവസംസ്കാരദിവസം നടത്തിവരാറുള്ള നാളോത്തടിയന്തിരം ചുരുങ്ങിയതു് 7ദിവസത്തിനുശേഷം വീട്ടുകാരുടെ സൌകര്യാനുസരണം ഏതെങ്കിലും ഒരു ദിവസം നടത്തുക. ശവസംസ്കാരദിവസം വിദൂരസ്ഥലങ്ങളിൽനിന്നു വരുന്ന ബന്ധുമിത്രാദികൾക്കു് അത്യാവശ്യം ഭക്ഷണം നൽകേണ്ടതായിവന്നാൽ അടുത്തതെങ്കിലും വീട്ടിൽ പാകം ചെയ്തുകൊടുക്കേണ്ടതാണു്. മരിച്ച വീട്ടിൽ ശവസംസ്കാരത്തിനുമുമ്പു് ഭക്ഷണം പാകംചെയ്യുന്നതും, കഴിക്കുന്നതും ആരോഗ്യപരമായ കാരണങ്ങളാൽ പരിവർജ്ജിക്കേണ്ടതാണു്. ശവസംസ്കാരച്ചടങ്ങുകളും അനാർഭാടമായി പ്രാർത്ഥനാസമന്വിതം നടത്തപ്പെടേണ്ടതാണു്.

3) കല്യാണം, ജനനം, മരണം, ഇവസംബന്ധിച്ചു് ബന്ധുമിത്രാദികൾക്കുള്ള അറിയിപ്പുകളും സമുദായാംഗങ്ങൾതന്നെ നിർവ്വഹിക്കുകയോ, വാർത്താവിനിമയമാർഗ്ഗങ്ങൾസ്വീകരിക്കുകയോ ചെയ്യുക.

4) കുട്ടികളെ മാമ്മോദീസാ മുക്കുന്നതിനായി പള്ളിയിലേക്കു് എടുത്തുകൊണ്ടുപോകുന്നതു് കുട്ടിയുടെ അടുത്ത ബന്ധുക്കളിൽ ആരെങ്കിലുമാകേണ്ടതാണു്.

5) സമുദായാംഗങ്ങൾനിത്യജീവിതത്തിൽമദ്യപാനാദിവിഷയങ്ങൾക്കു് വരുത്തുന്ന അനാവശ്യചിലവുകളും ഇല്ലായ്മചെയ്തു്, വരുമാനം വർദ്ധിപ്പിക്കുകയും സമുദായനന്മക്കായി കഴിവതു് സാമ്പത്തികസഹായങ്ങളും നൽകുകയുംചെയ്യുക.

മേൽപറഞ്ഞ നിയമങ്ങളും ഈ ഇടവകയിൽ പരിപൂർണ്ണമായി പ്രാബല്യത്തിൽ വരുത്തുവാൻ സമുദായാംഗങ്ങളെല്ലാവരും ആത്മാർത്ഥമായി സഹകരിച്ചു് പ്രവർത്തിക്കണമെന്നു് സമുദായോൽക്കർഷത്തെ മുൻനിറുത്തി വിനീതമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

പേരാമ്പ്ര
25–12–1962

പ്രസിഡണ്ടു്,
കത്തോലിക്കാകോൺഗ്രസ്
പേരാമ്പ്ര.

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്

ഉപകൃത്തുക്കളുടെ പേരുവിവരം

1) വല്യാറ പുത്തൻവീട്ടിൽ പാറായിൽ വർക്കി അവിരാത്തരകൻ തൈക്കാട്ടശേരി 2) അയ്യനാട്ട പാറായിൽ അവിരാ ഉറുമീസ്തരകൻ തൈക്കാട്ടശേരി 3) അയ്യനാട്ട പാറായിൽ അവിരാ ജോർജ്ജു തരകൻ തൈക്കാട്ടശേരി 4) അയ്യനാട്ട പാറായിൽ അവിരാ എബ്രാഹം തരകൻ തൈക്കാട്ടശേരി 5)തെള്ളിയിൽ ജോസഫ് കുഞ്ഞുവർക്കി പുഞ്ഞാർ 6) ഔസേഫ് മാത്തൻ ആലാനിക്കൽ താന്നോലി 7) കെ. ജെ. വർക്കി പൊട്ടംകുളം കപ്പാട്ടചിറ 8) ചാക്കോ ചാക്കോ താന്നിക്കുന്നേൽ പ്ലാശനാൽ (നിര്യാതനായി) 9) തൊമ്മൻ ജോസഫ് മുരിക്കുംമൂട്ടിൽ കാവാലം 10) മാത്യു സെബാസ്റ്റ്യൻ കുരുവിനാകുന്നേൽ തെനംകുന്നം 11) പടയാട്ടി പാപ്പു പൈലോ മലയാറ്റൂർ 12) വലിയവീട്ടിൽ പുത്തനങ്ങാടി ഔസേഫ് തോമ്മസ് ഞാറക്കൽ 13)മാമ്പള്ളിൽ അന്തോനി റോസമ്മ ഞാറക്കൽ 14) കന്നത്തേടത്തിൽ ജോസഫ് കുഞ്ഞവിരാ കൊറമത്തി 15) കാഞ്ഞിരക്കാട്ടതച്ചിൽ ലോന വറീതു് കുര്യതോട്ട് 16) ഇട്ടിയവിരാ ജോസഫ് കള്ളിവയലിൽ വിളക്കുമാടം 17) ചാക്കോ എബ്രാഹം കള്ളിവയലിൽ വിളക്കുമാടം 18) വെട്ടുകല്ലേൽ മത്തായി ദേവസ്യാ പെരിങ്ങുളം 19) റവ.ഫാ. ജോർജ്ജു ചെറുശേരിൽ ചേർപ്പുങ്കൽ

20) വടക്കേ വെട്ടുവേലിൽ മത്തായി ഉലഹന്നൻ കൊഴുവനാൽ 21) മൂലമുണ്ടയിൽ പോത്തൻ ജോസഫ് കൊഴുവനാൽ 22) മണിമലക്കുന്നേൽ ലൂക്കാച്ചൻ കുടക്കച്ചിറ 23)ചാണ്ടി ഇട്ടിയവിരാപറച്ചിക്കുന്നേൽ അരുവിത്തുറ 24)സി.സി. ജേക്കബ്

നല്ലയിനം കാപ്പിപ്പൊടിയ്ക്ക്

ജോളി കോഫി

കോട്ടയം

K. KURIAN & Co;

H. O. Mannanam. Br. Kottayam

Dealers in Religious and Stationery Goods,
Manufactures in Religious Goods,
Book binding & Photo framing.

ബൂ ചെമ്പകത്തുങ്കൽ എരുമേലി 25)ഉത്തുപ്പ ജോസഫ് പോത്താനിക്കാട് കോതമംഗലം 26) ഇലഞ്ഞിക്കൽ ഔസേഫ് തര്യത്തു കോതമംഗലം 27)കുത്തേടത്തു പൈലോ എസ്തപ്പാനോസ് ആലുവാ 28) എം. ഐ. ജോസഫ് ആലുവാ 29) ജോസഫ് ജോസഫ് അന്ത്രപ്പേർ മുട്ടം ചേർത്തല

30) ഇലഞ്ഞിക്കൽ ജോസഫ് ചെറിയാൻ കോതമംഗലം 31) കെ. വി. തോമസ് ബി. എ. ബി എൽ. കാഞ്ഞിരപ്പള്ളി 32) കെ. സി. തോമസ് ബി. എ. ബി. ഇ. കാഞ്ഞിരപ്പള്ളി 33) ജോസഫ് ഇട്ടിയവിരാ പള്ളിവാതുക്കൽ കാഞ്ഞിരപ്പള്ളി 34) കെ. വി. വർക്കി കരിക്കാട്ടറമ്പേൽ കാഞ്ഞിരപ്പള്ളി 35) കുരുവിള വർക്കി വെള്ളക്കുന്നേൽ തിടനാട് 36) മാത്യു ജോസഫ് വെള്ളക്കുന്നേൽ തിടനാട് 37) ജോസഫ് എം. വൈപ്പന കുരുവനാൽ 38) കര്യയ്പു എബ്രാഹം ഇലഞ്ഞിക്കൽ കോതമംഗലം 39) മിസ്സസ് മോനിക്കാ ജോസഫ് ആനത്താനം കാഞ്ഞിരപ്പള്ളി

40) കെ. വി. മാത്യു കൊല്ലംകുളം കാഞ്ഞിരപ്പള്ളി 41) കെ.എം.ആൻറണികൊല്ലംകുളംകാഞ്ഞിരപ്പള്ളി 42) കെ.വി. മാത്യുകല്ലറയ്ക്കൽകരിക്കാട്ടറമ്പേൽ കാഞ്ഞിരപ്പള്ളി 43)കെ. കെ ചാക്കോആനത്താനംകാഞ്ഞിരപ്പള്ളി 44)ഡോമിനിക്കുചെറിയാൻ കരിപ്പാപ്പറമ്പിൽ കാഞ്ഞിരപ്പള്ളി 45) കെ.എം.ഡോമിനിക്കു ബി. എ. ബി. ററി. കാഞ്ഞിരപ്പള്ളി 46)കുരുവിള തോമസ് ആദിത്യപുരം കാഞ്ഞിരപ്പള്ളി 47) പി. സി. മാത്യു പള്ളിവാതുക്കൽ കാഞ്ഞിരപ്പള്ളി 48) കെ. വി .ജോസഫ് കരിമ്പനാൽ കാഞ്ഞിരപ്പള്ളി 49) കെ. വി. എബ്രാഹം കരിമ്പനാൽ കാഞ്ഞിരപ്പള്ളി 50) കെ.കെ. കുരുവിളആനത്താനം കാഞ്ഞിരപ്പള്ളി

51) ഡോക്ടർ കെ. ഇ. ഈപ്പൻ കടമപ്പുഴ കാഞ്ഞിരപ്പള്ളി 52) എൻ. ജെ. മാത്യു നീരാക്കൽ കാഞ്ഞിരപ്പള്ളി 53) ജേക്കബ് തോമസ് കൊല്ലകുളം കാഞ്ഞിരപ്പള്ളി 54) കെ. ഇ. മാത്യു ബി.എ. കടമപ്പുഴ വെളിച്ചിയാനി 55) കെ. സി. തോമസ് കടമപ്പുഴ വെളിച്ചിയാനി 56)മിസ്സസ് ഫിലോമിനാ ഡോമിനിക്കു കരിപ്പാപ്പറമ്പിൽ കാഞ്ഞിരപ്പള്ളി 57) കെ. ററി. മൈക്കിംം ബി. എ. ബി. എൽകരിപ്പാപ്പറമ്പിൽ കാഞ്ഞിരപ്പള്ളി 58) ടി. ജെ. മാത്യു ബി. എ. ബി. എൽ. കോട്ടയം 59) ജോസഫ് മാളേയ്ക്കൽ ബി.എ. ബി. എൽ. കോട്ടയം 60) കെ. സി. തോമസ് ബി. എ. ബി. എൽ. കോട്ടയം

61) ടി. ഡി. മാത്യു ബി. എ. മുട്ടത്തു കോട്ടയം 62)എൻ.എക്സ്. ചെറിയാൻ ബി.എ.ബി.എൽ കോട്ടയം 63) പി. സി. സെബാസ്ത്യൻ പള്ളിവാതുക്കൽ കോട്ടയം 64) ജയിംസ് തറയിൽ ബി. എ. ബി. എൽ കോട്ടയം 65)കെ സി. ജോസഫ് ബി. എ. കുട്ടിപ്പറമ്പിൽ കോട്ടയം 66)കെ പി.മാത്യു എം.എ.എൽ.എൽ.ബി.കടുതോടിൽ കോട്ടയം 67) ഒ. വി. മാത്യു ഒള്ളയിൽ കോട്ടയം 68) കെ. ചാക്കോ ബി എ. ബി. എൽ കോട്ടയം 69) എൻ. എക്സ് ജോർജ് എട്ടുപറയിൽ കോട്ടയം 70) പി.ററി. ജോസഫ് പ്ലക്കാടൻ കോട്ടയം

71) ജോസഫ് ആൻറണി തടത്തിൽ കോട്ടയം 72) സിറിയക്കു ജെ. നിധിയിരി ബി. എ. കോട്ടയം 73) എം. എസ്. ചെറിയാൻ ബി. എ. ബി. എൽ കോട്ടയം 74)കെ ജോസഫ് കുടകശ്ശേരിൽ കോട്ടയം 75) ഡോമിനിക്ക് ജോസഫ് കരിപ്പാപ്പറമ്പിൽ കോട്ടയം 76) ജേക്കബ് തോമസ് ആനത്താനം കോട്ടയം 77) ജെ. ജോൺ നിധിയിരി കോട്ടയം 78) എ. എം. ജോസഫ് അന്ത്രപ്പേർ മുട്ടം 79) കെ.ജെ. ജോസഫ് പൊട്ടംകുളം കുട്ടിക്കൽ 80) കെ. എസ്. സ്കറിയാ പൊട്ടംകുളം കുട്ടിക്കൽ

81) എം. ജി. കൊല്ലംകുളം കല്ലറക്കൽ ആനക്കല്ല് 82) ഔസേഫ് തോമ്മാ പാറേകുന്നേൽ ഡോ: പി. ജെ. തോമസ് ആലുവാ 83) കെ. ഡോമിനിക്കു തോമസ് കരിപ്പാപ്പറമ്പിൽ ആലുവാ 84) വി. ജെ. മാത്യു വടക്കേക്കളം തലശ്ശേരി 85) കുഞ്ഞിത്തൊമ്മൻ കുരുവിള ഇലഞ്ഞിയ്ക്കൽ കോതമംഗലം (നിര്യാതനായി) 86)വി.ജെ.മാത്യു മാനാട്ടവടക്കേടത്തു മാനന്തവാടി 87) ഷെവ: വി. ജെ. ജോസഫ് കണ്ടോത്തു 88) കെ.കെ.ഏബ്രഹാം പൊട്ടംകുളം കുട്ടിയ്ക്കൽ 89) ഫ്രഞ്ചു വറിയത്തു തെക്കിനേടത്തു പറവൂർ 90) പി.ററി. ചാക്കോ കല്ലറയ്ക്കൽ (തെക്കേപുരയ്ക്കൽ) കടവൂർ

91) എ. എ. ജോസഫ് ബി.എ. ബി. എൽ ആലുംപറമ്പിൽ കുമരകം 92) കെ. ജെ.മാത്യു കാപ്പിൽ കോട്ടയം 93)ചാണ്ടി ഏബ്രഹാം പള്ളിവാതുവൽ കോട്ടയം 94) ടി. ചാണ്ടി തേവർകാട്ട് കൈനകരി ആലപ്പുഴ 55) ജോൺ മാത്യു മാഞ്ഞൂരാൻ 96) റവ: ഫാ: ജോസഫ് കൊച്ചുപറമ്പിൽ വിജയപുരം 97) പി. പി. ജോസഫ് പുല്ലകാട്ട് ചങ്ങനാശ്ശേരി 98) ഡോ: ററി. വി. ജോസ് ബി. എസ്സി. എം. ബി. ബി.എഡ് തീമ്പലങ്ങാട്ട് ചങ്ങനാശ്ശേരി 99) ചാക്കോ മാത്യു കുറുക്കള്ളത്തിലായ മുളക്കൽ ചങ്ങനാശ്ശേരി 100) പി. ററി. മാത്യു പ്ലക്കാടൻ റോസ്ക്കോട്ടേജ് ചങ്ങനാശേരി

101) ജോസഫ് ചാക്കോ (കവലക്കൽ) കളരിലുൽ ചങ്ങനാശ്ശേരി 102) കെ. ജെ. ചാണ്ടി വിലങ്ങുപാറ എം.കോം. കത്തൂർ 103) കെ. സി. കുര്യൻ ബി. എ. ബി. എൽ കൊടപ്പുന ചങ്ങനാശ്ശേരി 104) മുഴവഞ്ചേരി വറിയത്തു വർക്കി പറവൂർ.

പുതുതായി രജിസ്റ്റർചെയ്ത ശാഖകൾ

425— രാജപുരം; പ്രസിഡണ്ട്: പൈലോത്തു ലോനപ്പൻ മംഗലത്തുപറമ്പൻ, രാജപുരം മറത്തൂർ പി. ഓ. സെക്രട്ടറി: തോമൻകുട്ടി പൗലോസ്, ചക്കാലക്കൽ, രാജപുരം, മറത്തൂർ പി. ഓ. 426— മായംപള്ളി; പ്രസി: കെ. വി. ജോസഫ് കോലത്തു, മായം അമ്പൂരി പി. ഓ. സെക്ര: പി. ററി മത്തായി. പുത്തൂർ, പുളിച്ചക്കോണം, അമ്പൂരി പി. ഓ. 427— പോട്ട; പ്രസി: ഔസേപ്പ് അന്തോനി പുല്ലൻ, പോട്ട ചാലക്കുടി സെക്ര: ഔസേപ്പ് ലോനപ്പൻ താഴേക്കാടൻ, പോട്ട, ചാലക്കുടി 428— അമ്പനോളി; പ്രസി: പൗലോസ്കൊച്ചുദേവസി മംഗലത്തുപറമ്പൻ, അമ്പനോളി സെക്ര: തോമസ് ജോസഫ് മേവട, അമ്പനോളി. 429— ചുണങ്ങംവേലി; പ്രസി: പൈലി ജോർജ് നെല്ലുനാത്തു, എരുമത്തല, പി. ഓ., ആലുവാ സെക്ര: മത്തായി ദേവസ്സി കരിയ്ക്കൽ, എരുമത്തല പി. ഓ., (ആലുവാവഴി) 430— ആളൂർ പ്രസി: റപ്പായി ചാക്കോ തെന്നാടൻ, ആളൂർ കല്ലേറുങ്കര പി. ഓ.. സെക്ര: ഐ. സി. റപ്പായി, ആളൂർ കല്ലേറുങ്കര. 431— കല്ലേറുങ്കര; തളവത്തു ഈനാശു പോൾ, കല്ലേറുങ്കര സെക്ര: തണ്ടേക്കൽ അന്തോണി ഇട്ട്യേരാ, കല്ലേറുങ്കര. 432 —കുന്നംഭാഗം; പി. ജെ. ജോൺ പൂവത്തിങ്കൽ കാഞ്ഞിരപ്പള്ളി, സെക്ര: പി. സി. ചാക്കോ പന്തിരുവേലിൽ ചിറക്കൽ പൊൻകുന്നം 433— നട്ടേൽ; കെ. ജെ. ചെറിയാൻ, കുന്നംപുറം, നട്ടേൽ, വെള്ളാറിട പി. ഓ. സെക്ര: സി.പി. മാത്യു പാരഡൈസ് എസ്റ്റേറ്റ് നട്ടേൽ, വെള്ളാറിട പി. ഓ. 434— നടുക്കര; മാണി വറുഗീസ് കുറുപ്പമാ

സ്റ്റീൽ പാത്രങ്ങൾക്ക്

ഭീമാ

എം. സി. റോഡ്, പുളിമൂട്ട കവല,

കോട്ടയം.

ത്തിൽ, ആവോലി, വാഴക്കുളം. സെക്ര: മാണി ജോസഫ് കുറുമാത്തിൽ, ആവോലി, വാഴക്കുളം 435— സൌത്ത് വാഴക്കുളം; പ്രസി: പടവത്ത് ജെ. തോമസ്, സൌത്ത് വാഴക്കുളം (ആലുവാ വഴി) സെക്ര: കാച്ചപ്പിള്ളി ഔസേപ്പ് ആഗസ്തി സൌത്ത് വാഴക്കുളം. 436— എലഞ്ഞിമേൽ; പ്രസി: സി. ജി. ഉണ്ണുണ്ണി, ആലേലിൽ എലഞ്ഞിമേൽ, തോനയ്ക്കാട് പി. ഓ. സെക്ര: ഇ. എം. ജോയി തെക്കേടത്ത് എലഞ്ഞിമേൽ, തോനയ്ക്കാട് പി. ഓ. 437— ചെങ്ങന്നൂർ; പ്രസി കുര്യൻ വറുഗീസ് കണ്ണന്താനം, ചെങ്ങന്നൂർ. സെക്ര: വി. കെ. ജോൺ, വടക്കേടത്ത്, ചെങ്ങന്നൂർ. 438— കറുകാനം; പ്രസി: എം. റ്റി. ഈപ്പൻ മാൻകാവിൽ, കറുകാനം, പുളിക്കൽ പി. ഓ. സെക്ര: പി. ഓ. ജോർജ്ജ്വലിയ കുന്നേൽ, കൊന്നക്കോട്ടകിഴക്കേതിൽ, ഭരണിക്കാവ്, പുളിക്കൽ പി.ഒ 439— അഞ്ചരു് പ്രസി: വി. ജെ. കുര്യാക്കു, വാഴപ്പിള്ളി, മൈലത്തൂർ പി. ഓ. ഞവണേങ്ങാട് സെക്ര: എം. ജെ. മാത്യു, മേലിട്ടപൊട്ടാസ്, അഞ്ചരു പി. ഓ. ഞവണേക്കാട് 440— കുട്ടപ്പാടി; പ്രസി. കെ. എം. കുരുവിള, കോഴിക്കോട്ടവീട്ടു കുര്യാള എസ്റേറ്റ്, നൂജിബാലത്തിൽ പി. ഓ. സെക്ര: റ്റി. എം. ജോൺ തെരുവുമ്മൂല, നൂജിബാലത്തിൽ പി. ഓ 441— സുങ്കതകട്ട; പ്രസി: കെ. ജെ. തോമസ്, പൊയിലാവീട്, മർട്ടളം പി. ഓ. എസ്. കെ. സെക്ര: പി. ജെ. മാമ്മൻ, വേഷ്നാൽപാൽതാജ്, സുങ്കതകട്ട പി. ഓ. 442— എലിഞ്ഞിപ്ര; പ്രസി: പി. സി. കൊച്ചുവുസേപ്പ്, പേരേപ്പാടൻ വീട്, എലഞ്ഞിപ്ര കോടശേരി പി. ഓ. സെക്ര: പി. എ. ജോസ്, ബി. ഏ. പുല്ലോക്കാരൻ, എലഞ്ഞിപ്ര കോടശേരി പി. ഓ. 443— ആറുകാണി; പ്രസി: മാണി ചുണ്ടെലിക്കാട്, ആറുകാണി, അമ്പൂരി പി. ഓ. സെക്ര: ജോസഫ് പെരുമന, ആറുകാണി, അമ്പൂരി പി. ഓ. 444— വേണുത്തടം; പ്രസി: ഏ. ജെ. മാണി, കൊട്ടാരക്കുഴിയിൽ, വേണുത്തടം കളിയൽ പി. ഓ. സെക്ര: എം. എം. ജോർജ്ജ് മഞ്ഞാടിയിൽ, വേണുത്തടം, കളിയൽ പി. ഓ.

445— വടക്കൻ താണിശേരി; പ്രസി: ചെമ്പകശേരി— കുനമ്മാവു് പൌലോസ് കൊച്ചുവുസേപ്പ്, താണിശേരി പി. ഓ. സെക്ര: തട്ടിൽ വറുഗീസ് ജോൺ, താണിശേരി പി. ഓ. 446— വെണ്ടോർ; പ്രസി: മഞ്ഞളി ചാക്കുണ്ണി പോത്തം, വെണ്ടോർ അളഗപ്പാനഗർ, പി. ഓ. സെക്ര: കുരുളകുളങ്ങര പൌലോസ് ജോസ്, വെണ്ടോർ, അളഗപ്പാനഗർ പി. ഓ. 447— പുലിയൂർ; പ്രസി: പി. എം. മാമ്മൻ, പൂവത്തൂർ, പുലിയൂർ പി. ഓ. സെക്ര: തങ്കമ്മ മത്തായി, മുത്തറ്റു പടിഞ്ഞാറേതിൽ, പുലിയൂർ. 448— കോമല്ലൂർ; പ്രസി: പി. സി. ജേക്കബ് പേരൂർപറമ്പിൽ, കോമല്ലൂർ. സെക്ര: റ്റി. ഇ. ഈപ്പൻ, തുരുത്തിയിൽ കോമല്ലൂർ.

നിജ്ജീവമായിക്കിടന്ന പുനരുദ്ധരിച്ചത്

99— അവിട്ടത്തൂർ; പ്രസി: കുളപൈലികൊച്ചാപ്പു അവിട്ടത്തൂർ. സെക്ര: പൊഴോലിപ്പറമ്പിൽ ലോനാ ഔസേപ്പ്,

കല്ലൂപ്പാ കവിരാജ് സെന്നിന്റെ **സിദ്ധമകരദ്ധ്വജം,** ദശമൂലാരിഷ്ടം, ച്യവനപ്രാശം, കസ്തൂരി. ഗോരോചന, തങ്കഭസ്മം തുടങ്ങിയ എല്ലാ ആയുർവേദ സിദ്ധൌഷധങ്ങളും മേൽമരുന്നുകളും മൊത്തമായും ചില്ലറയായും വിൽക്കപ്പെടുന്നതാണു്.

കവിരാജ് മെഡിക്കൽ ഹാൾ

H. O. തിരുനക്കര മഠത്തുംമുറി, കോട്ടയം
Phone: 2538

ബ്രാഞ്ചു്: ഡർബാർഹാൾ റോഡ്, സൌത്ത് ജംഗ്ഷൻ, എറണാകുളം.

പ്രൊപ്രൈറ്റർ & ഫിസിഷ്യൻ

എസ്. എൻ. ശർമ്മാ

അവിട്ടത്തൂർ. 409— ആലങ്ങാട്; പ്രസി: ഔസേപ്പ് ഐപ്പ് കരിയാറ്റി ആലങ്ങാട് (ആലുവാ വഴി) സെക്ര: കുര്യൻജോസ് പുറക്കാട്ട്, ആലങ്ങാട്(ആലുവാവഴി.) 267— വളമംഗലം പ്രസി: അവിരാജോസഫ് പൂച്ചക്കാട്ട് വളമംഗലം, തുറവൂർ പി. ഒ. സെക്ര: ഉലഹന്നൻ ആൻറണി തോട്ടപ്പള്ളിൽ വളമംഗലം, തുറവൂർ. 45— ആർപ്പൂക്കര പ്രസി: കെ. വി. വർക്കി കൈതപ്പാടം ആർപ്പൂക്കര സെക്ര: കെ. എ. ദേവസ്യാ ബി. എ. കാഞ്ഞിരക്കോണത്തു്, ആർപ്പൂക്കര. 158— ചെറുവാണ്ടൂർ പ്രസി: റ്റി. കെ. ജോസഫ് തെങ്ങുംതയ്യിൽ, ചെറുവാണ്ടൂർ, ഏറ്റുമാനൂർ പി. ഒ. സെക്ര: ജോർജ് കണ്ടഞ്ചിറ ചെറുവാണ്ടൂർ ഏറ്റുമാനൂർ പി. ഒ.

127)കുരുവിനാൽ പ്രസി: എബ്രാഹം എം. വൈപ്പന, പുലിയന്നൂർ സെക്ര: റ്റി. ജെ. ജോസഫ് തച്ചേട്ട് കുരുവിനാൽ പുലിയന്നൂർ പി. ഒ. 12) കാവിൽ പ്രസി: ചാക്കോതെമ്മൻ വെളിയിലായകരിയിൽ, കോക്കമംഗലം, ചേർത്തല, സെക്ര: പൈലോ സി. വാടപ്പുറം കോക്കമംഗലം ചേർത്തല 320 കോക്കമംഗലം പ്രസി: സി൩ എ. വറുഗീസ് മേരി വില്ല, കോക്കമംഗലം ചേർത്തല സെക്ര: കെ. സി. ജോസഫ് ചിറയിൽ കോക്കമംഗലം ചേർത്തല 358) വയലാർ കുന്നുംപുറം പ്രസി: ജോൺ പൊന്നേഴൻ മേനാംപറമ്പിൽ പട്ടണക്കാട് പി. ഒ. ചേർത്തല സെക്ര: കുര്യൻ വറുഗീസ് ചാക്കോമ്പള്ളിൽ പട്ടണക്കാട് പി. ഒ. 189) പാറമ്പുഴ പ്രസി: പി. ജെ. തോമസ് പടിഞ്ഞാറെമുകുടിയിൽ പാറമ്പുഴ പെരുമ്പായിക്കാട് പി. ഒ. സെക്ര: സി. വ ി.ല ക്കോസ് ചെമ്പകശേരിൽ എൻ. എസ്. എച്ച്. എം. പി. ഒ. കോട്ടയം 207 പുന്നത്തുറ വി. റ്റി. ചാക്കോ ബി.എ. എൽ. റ്റി. വലിയമറ്റം പുന്നത്തുറ സെക്ര: റ്റി. എം. ജോർജ് കിഴക്കേ അനന്തക്കുളം പുന്നത്തുറ അയർക്കുന്നം പി. ഒ. 56) ഉള്ളനാട് സി. എം. മത്തായി ചരുൻകുന്നേൽ ഉള്ളനാട് സെക്ര: പിലിപ്പ് വെള്ളാപ്പള്ളിൽ ഉള്ളനാട് 401) ചേന്നാട് പ്രസി: ഏ. ഒ. ദേവസ്യാ അരിമറത്തു് ചേന്നാട് പൂഞ്ഞാർ സെക്ര: കെ. എം. ജോസഫ് കപ്പലുമാക്കൽ ചേന്നാട് പൂഞ്ഞാർ 81) കുരുവാറ പ്രസി: തോമസ് ജോസഫം തയ്യിൽ കുരുവാറസെക്ര: തോമസ് ജോസഫം തയ്യിൽ കുരുവാറസെക്ര: ജോസഫ് ജോസഫ് പടിഞ്ഞാറെ തയ്യിൽ കുരുവാറ 138) കോടിക്കുളം പ്രസി: ഏ. ജെ. കുര്യാക്കോസ് ആലക്കപള്ളിൽ കോടിക്കുളം സെക്ര: സി. സി. ആഗസ്തി ചെറിയാമ്മാക്കൽ കോടിക്കുളം 10) പള്ളിപ്പുറം പ്രസി: വർക്കി കുരുവിള കല്ലറയ്ക്കൽകടവിൽ പള്ളിപ്പുറം ചേർത്തല സെക്ര: ഔസേപ്പ് ഔസേപ്പ് വാദപ്പള്ളിൽ പള്ളിപ്പുറം ചേർത്തല 364 തിരുനല്ലൂർ പ്രസി: ഔസേപ്പ കുര്യൻ പാലയ്യാട്ടുനിന്നും ഉണ്ണിഴത്ത് തിരുനല്ലൂർ പി. ഒ. സെക്ര: സ്റ്റിയാ ജേക്കബ് പാണ്ടിക്കണ്ടത്തിൽ തിരുനല്ലൂർ പി. ഒ. 175) തുരുത്തിപ്പള്ളി പ്രസി: കുര്യൻ പോത്തം കുര്യാസ് തിരുവാമ്പാടി തുരുത്തിപ്പള്ളി നീഴൂർ സെക്ര: കെ. ജെ. സിറിയക്ക് കുഴിവേലിൽ തുരുത്തിപ്പള്ളി നീഴൂർ 399) അമ്പൂരി പ്രസി: മാണി തടിക്കാട്ട് അമ്പൂരി സെക്ര: ചാക്കോ ജോസഫ് കാരുവള്ളിക്കാട്ടിൽ അമ്പൂരി 338) പുതുക്കാട് പ്രസി: നമ്പാടൻ അന്തോണി ഫ്റാൻസീസ് പുതുക്കാട് സെക്ര: ജോസ് കോക്കാൻ പുതുക്കാട് 195) പ്ലാശനാൽ പ്രസി: വി. ഒ. പോത്തൻ ബി. എസ്സി. ബി.റ്റി. മണ്ണംപെട്ടൊന്നിൽ പ്ലാശനാൽ സെക്ര: ഏ. ജെ. തോമസ് ബി. എസ്സി. ബി.എഡ്. പ്ലാശനാൽ 306) കാട്ടൂർ പ്രസി: പാലത്തിങ്കൽ കുഞ്ഞന്തോനി ഔസേപ്പ് കാട്ടൂർ (വഴി) ഇരിങ്ങാലക്കുട സെക്ര: പാലത്തിങ്കൽ അന്തോണി ജോണി കാട്ടൂർ (വഴി) ഇരിങ്ങാലക്കുട

ചിന്തിക്കാൻ മാത്രം

അറിവിനെ അടിസ്ഥാനമാക്കി മനുഷ്യവർഗ്ഗത്തെ നാലുഗണമായി തിരിക്കാം. 1) അറിവില്ലെന്നറിവില്ലാത്തവർ 2) അറിവില്ലെന്നറിവുള്ളവർ 3) അറിവുണ്ടെന്നറിവില്ലാത്തവർ 4) അറിവുണ്ടെന്നറിവുള്ളവർ. നിങ്ങൾ ഇതിൽ ഏതു ഗണത്തിൽ പെടും? T. S.



(ജോൺസൺ)

ചായക്കടക്കാരൻ കേശവൻനായർ തോമ്മായെക്കണ്ടപ്പോഴം പറഞ്ഞം:— ഹേ—നിങ്ങടം ഇന്നലെ ഉണ്ടതിന്റെ ഒരു പറ് ഇവിടെ കിടക്കുന്നല്ലോ?

''അതിനു ഞാനെന്തുവേണം,,? നിങ്ങളുടെ വിളമ്പുകാരനോട പറയണം ബഞ്ച്ചൊക്കെ തുടച്ചു വൃത്തിയാക്കാൻ.

* * * * *

അദ്ധ്യാപകൻ ജോണിയോട ചോദിച്ചു. ''നീ അവനെ എറിഞ്ഞതു് ശരിയോ തെറ്റോ?,,

''അല്ലം തെറ്റിപ്പോയി. അല്ലെങ്കിൽ തിരുനെറ്റിയ്ക്കുതന്നെ കൊണ്ടേനേ.,,,

* * * * *

തന്റെ ഭവനം സന്ദർശിച്ച രാജു ചോദിച്ചു:— എന്താ അപ്പം അകത്തൊരു സ്വരം കേട്ടതു്.?

''അമ്മ അച്ഛന്റെ ഷർട്ടം മുണ്ടം എടുത്തു് പടിഞ്ഞാറെ മുറ്റത്തിട്ടതാ.

''അതിനെന്താ ഇത്ര വലിയ ശബ്ദം?,,

അച്ഛൻ അതിനകത്തുണ്ടായിരുന്നു.

* * * * *

''നന്മനിറഞ്ഞ മറിയമേ നിനക്കുസ്വസ്തി, കർത്താവു നിന്നോടുകൂടെ''—ഏലിച്ചേടത്തി പ്രാർത്ഥന ചൊല്ലിക്കൊണ്ടിരിക്കുന്നതിനിടയിലാണു് ,വാതുക്കൽ ആരോ മുട്ടുന്നതു കേട്ടതു്.

''അതാരാ കുറിയാക്കോയാണോടാ—നിന്റെ വയറ്റിൽ ചേലായ ഈശോ വാഴ്ത്തപ്പെട്ടവനാകുന്നു—.''

* * * * *

വഴിയുവച്ചൊരു കുട്ടിയെക്കണ്ടപ്പോഴം കുറിയാച്ചേട്ടൻചോദിച്ചു:—നിന്റെ പേരന്തെവാടീ പെണ്ണേ?

''ഗ്രേസിക്കുട്ടി.,

അതല്ല മാമ്മോദീസാ മുക്കിയപ്പോഴം പള്ളിയിലിട്ടതു്എന്തോന്നാ?

''പള്ളിയിലിട്ടതു് രണ്ടണയായിരുന്നു.,,

* * * * * * * * *

നമ്പൂതിരിയും ഭാര്യയുംകൂടി തീവണ്ടിയിൽ യാത്രചെയ്യുമ്പോഴം പെട്ടെന്നു് ഭാര്യ വണ്ടിയിൽനിന്നും താഴെവീണു. നമ്പൂതിരി പരിഭ്രാന്തനായി ഉറക്കെ ബഹളംകൂട്ടാൻ തുടങ്ങി. ഒരാൾ ചങ്ങല വലിച്ചു വണ്ടി നിറുത്തി.

''എന്താഹേ— നിങ്ങളിത്രകിടന്നു ബഹളംകൂട്ടാൻ!!,,

''ബഹളം കൂട്ടാണ്ടിരിക്കാനൊക്കുമോ. എന്റെ ടിക്കറ്റുകൂടി അവളുടെ കയ്യിലാ.

* * * * * * * * * * *

ഏട്രോഗം ബാധിച്ചയാഴം തന്റെ ഒരു സ്നേഹിതനെ വഴിയുവച്ചു കണ്ടപ്പോഴം പറഞ്ഞം:—''ഞാനിപ്പോഴം ജീവിക്കണമെങ്കിൽ ഡാക്ടറു വേണമെന്നാ വന്നിരിക്കുന്നതു്.''

''അതുപോലെതന്നെ ഡാക്ടർക്കു ജീവിക്കണമെങ്കിൽനിങ്ങളുംവേണം.

അഴിമതിനിരോധന വകുപ്പിലെ ക്ലാർക്കു് അദ്ദേഹത്തിന്റെ ചെവിയിൽ പറഞ്ഞു:— ''ഞാൻനിങ്ങളോടു് പത്തുരൂപാ കൈക്കൂലി വാങ്ങിയെന്നുള്ള വിവരം ആഫീസറോടു പറയരുതു്. വലിയ കഴപ്പമാ.''

''എന്താ അദ്ദേഹം നിങ്ങളെ ഡിസ്മസ്ചെയ്തുകളയുമായിരിക്കും.,,

''അല്ലാ—പകുതി അഞ്ചേർക്കുകൂടി കൊടുക്കണമെന്നു പറയും.

** * * * * * * * * * *

പരീക്ഷാഹാളിൽ കണ്ണെഴുതിയ കുട്ടിയോടു് അദ്ധ്യാപകൻ പറഞ്ഞു:,,വിഡ്ഡി! അടുത്തിരുന്ന കുട്ടിയുടേതു കണ്ണെഴുതാൻ നിന്നെ പ്രേരിപ്പിച്ചതെന്തോന്നാണു്?,,

''മാർത്താണ്ഡവർമ്മമഹാരാജാവു് ഇവിടെ കണ്ണെഴുത്തു നടപ്പിലാക്കിയതായി ഞാൻ കേട്ടിട്ടുണ്ടു്.,,

* * * * * * *

സൺഡേസ്കൂളിൽ അദ്ധ്യാപിക ഗ്രേസിയോടു ചോദിച്ചു ''ഉണ്ണിമിശിഹാ പിറന്നവിവരം ആരാണു് ആദ്യമായിഅറിഞ്ഞതു്?,,

''കന്യകമറിയം.,,

* * * * *——

ഗലീലിയാ കടൽക്കരയിൽ ചെന്ന ഒരു ടൂറിസ്റ്റു് അവിടെയുള്ള ഒരു കടത്തുകാരനോടു് തന്നെ അക്കരെ കടത്തുന്നതിനു് എന്തു വേണമെന്നു ചോദിച്ചു.

''പത്തു പവൻ.,,

''പത്തു പവനോ! ചുമ്മാതല്ലടോകർത്താവായ യേശുക്രിസ്തു ഈ കടലിനു മീതേകൂടി നടന്നുപോയതു്!,,

VENUS STUDIO
&
ARMOURY
Private Ltd; Kottayam.


ഫോട്ടോ സംബന്ധമായ എല്ലാ ജോലികളും ഭംഗിയായും, കൃത്യസമയത്തും, മിതമായ ചാർജ്ജിൽ ചെയ്തു കൊടുക്കപ്പെടും.

കൂടാതെ. തോക്കു്, തോട്ടാ മുതലായ സാധനങ്ങളും വില്ക്കപ്പെടും.

"എ. കെ. സി. സിയുടെ കീഴിൽ അണിനിരക്കുക.,,

(റവ. ഡോക്ടർ ഡെന്നീസ് എം. എ. എം. എഡ്. പി എച്ച്. ഡി.)

(തൈക്കൽ പള്ളിവികാരി)



വളർന്നുകൊണ്ടിരിക്കുന്ന ഭാരതത്തിനൊപ്പം വളരുവാൻ ശ്രമിച്ചില്ലെങ്കിൽ കത്തോലിക്കർ അവഗണിക്കപ്പെടുക തന്നെ ചെയ്യും എന്നതിന്റെ ഉദാഹരണങ്ങളാണ് ഇന്നു നമുക്കു ചുറ്റും നടക്കുന്നത്. മനുഷ്യന്റെ മൗലികാവകാശങ്ങളെ നിമിഷം തോറും ധ്വംസിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ പരിതസ്ഥിതിയിൽ കത്തോലിക്കന്റെ സാമൂഹ്യവും സാമ്പത്തികവുമായ അവകാശ സംരക്ഷണത്തിനുവേണ്ടി കത്തോലിക്കാകോൺഗ്രസിനു വളരെയധികം പ്രവർത്തിക്കുവാനുണ്ട്. കേരളത്തിൽ കത്തോലിക്കരുടെ ഏക സാമൂഹ്യസംഘടനയായി അതു യരട്ടെ.!!

പ്രത്യേക ശ്രദ്ധയ്ക്ക്

മാന്യരെ,


എ. കെ. സി. സി. ബുള്ളറിന്റെ പരിപ്പണം അയച്ചിട്ടില്ലാത്തവർ ഈ ലക്കം കൈപ്പറ്റിയാലുടനെ പണം അയച്ചുതരണമെന്നഭ്യർത്ഥിക്കുന്നു.

വരിസംഖ്യ പ്രതിവർഷം 2 രൂപാ

പരസ്യനിരക്ക്

Full Page Cover	Rs	100
Full Page inside	Rs	60
Half Page	Rs	30
Quarter ,,	Rs	15
1/8 Page ,,	Rs	8

Editor



ക്രിസ്ത്യൻവിവാഹബിൽ സിലക്ട് കമ്മിറ്റിയിൽ തെളിവു കൊടുക്കുന്നതിനായി പോകുന്ന മെ. ഇ. പി. വർഗീസ്, ഇ. എം. ജോസഫ് എന്നിവരെ അഖിലകേരള കത്തോലിക്കാകോൺഗ്രസ് പ്രസിഡൻറ് മി. പി. ഐ. അബ്രാഹവും സിക്രട്ടറി മി. കെ. എം. ജോസഫുംകൂടി യാത്ര അയയ്ക്കുന്നു.



ഇ. പി. വർഗീസും ഇ. എം. ജോസഫും രാജ്ഘട്ടിൽ ഗാന്ധിജിയുടെ സമാധിയിങ്കൽ. ക്രിസ്ത്യൻവിവാഹബിൽ സിലക്ട്കമ്മിറ്റിമുൻപാകെ തെളിവു നൽകാൻ കത്തോലിക്കാകോൺഗ്രസ് നിയോഗിച്ച ഇവർ രാജ്ഘട്ട് സന്ദർശിക്കയുണ്ടായി.

Edited Printed and Published for the Working Committee of the All Kerala Catholic Congress by Zacharias Kandathilparambil, at Deepika Press, Kottayam.